# സത്യദൂതൻ

2018 നവംബർ | ലക്കം 11

വില ₹ 30



## റസൂൽ തിരുമേനി(സ): അതുല്യ ജീവിതം

## പത്രപ്രവർത്തകന്റെ ദുരൂഹ മരണം: സഊദി അറേബ്യ പ്രതിക്കൂട്ടിൽ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages





**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2018 നവംബർ
ഹി.ശ.1398 - നുബുവ്വത്ത്
1440 സഫർ - റ. അവ്വൽ
പുസ്തകം 90 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം




5 എഡിറ്റോറിയൽ

6 യുഗശബ്ദം



7

ഖുത്ബ സംഗ്രഹം

**ജീവിതത്തിൽ സൂക്ഷ്മത പുലർത്തുക; തിന്മകളിൽ നിന്നും വിട്ട് നിൽക്കുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 26-10-2018 ന് അമേരിക്കയിലെ(ടെക്സസ്) ഹോസ്റ്റണിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി നജ്മുദ്ദീൻ

11

**കൊതുക്: പറക്കുന്ന വിസ്മയം**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

20

**സ്ത്രീപുരുഷ സമത്വം, സ്ത്രീ സാക്ഷ്യം: ഖുർആൻ എന്ത് പറയുന്നു?**

എ. എം. മുഹമ്മദ് സലീം

23

**റസൂൽ തിരുമേനി(സ): അതുല്യ ജീവിതം**

എ. ജി. സൂഫി

29

**നിരക്ഷരനായ പ്രവാചകൻ**

മുഹമ്മദ് ഉമർ, കോഴിക്കോട്

33

**ഇസ്‌ലാംമത തത്വജ്ഞാനം: വിസ്മയകരമായ അവതരണാനുഭവം**

ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് (റ)

37

**വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം**

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ

39

കുറിപ്പുകൾ

**പത്രപ്രവർത്തകന്റെ ദുരൂഹ മരണം: സഊദി അറേബ്യ പ്രതിക്കൂട്ടിൽ**

മുസാഫിർ


**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



സത്യമായും നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമ കാര്യങ്ങളിൽ അത്യുൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്. (9:128)

## നബിവചനം



നിന്നെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ പ്രപഞ്ചത്തെ തന്നെ നാം സൃഷ്ടിക്കില്ലായിരുന്നു. (ഖുദ്സിയായ ഹദീസ്)

## വാഗ്ദത്ത മസീഹിന്റെ വചനം



എപ്രകാരം തക്മീലെ ഹിദായത്ത് (നേർമാർഗത്തിന്റെ പൂർത്തീകരണം) റസൂൽ തിരുമേനി(സ)യുടെ പുണ്യകരങ്ങളാൽ ഉണ്ടായോ അതേ പ്രകാരം തക്മീലെ ഇ ശാഅത്തും (പ്രചാരണത്തിന്റെ പൂർത്തീകരണവും) റസൂൽ തിരുമേനി (സ) മുഖേനയുണ്ടാകേണ്ടതാണ്. എന്തെന്നാൽ ഈ രണ്ട് കാര്യങ്ങളും നബിതിരുമേനി(സ)യുടെ ആഗമനോദ്ദേശ്യമത്രെ. എന്നാൽ ദൈവിക നിയമമനുസരിച്ച് അവിടത്തെ ചിരഞ്ജീവിത്വം അസാധ്യവും അസംഭവ്യവും ആയതിനാൽ അദ്ദേഹത്തിന് തക്മീലെ ഇശാഅത്തിനായി നിർണയിക്കപ്പെട്ട അവസാന കാലഘട്ടം വരെ ജീവിച്ചിരിക്കാൻ സാധ്യമല്ല . ആ രീതിയിലുള്ള സ്ഥായിയായ ജീവിതം ശിർക്ക് പ്രചരിക്കുന്നതിനുള്ള കാരണമായിത്തീരുന്നതാണ്. അതുകൊണ്ട് അല്ലാഹു റസൂൽ തിരുമേനി(സ) യുടെ ആഗമനോദ്ദേശ്യം അവിടത്തെ സ്വഭാവത്തിലും അത്മീയതയിലും ആഗതനായ നബി(സ) തിരുമേനിയുടെ ഒരു ഉമ്മത്തി മുഖേന പൂർത്തിയായി. (വിളംബരം)

# മുഹമ്മദ് നബി(സ): വാഗ്ദത്ത മസീഹിലൂടെ തിരിച്ചറിയുക

മുഹമ്മദ് നബി (സ)യോട് മറ്റേതൊരു പ്രവാചകനെക്കാളും മുസ്ലിംകൾക്കുള്ള അനുരക്തിയും ആദരവും സ്നേഹവും സുവിദമാണല്ലോ. വാസ്തവത്തിൽ മുഹമ്മദ് നബി (സ)യുടെ യഥാർഥ സ്ഥാനമഹിമ എന്താണെന്ന് മനസ്സിലാക്കിയതും വിശദീകരിച്ചു തന്നതും അവിടുത്തെ ആത്മീയ ശിഷ്യത്വം കൊണ്ട് അല്ലാഹു നുബൂവ്വത്തിന്റെ പദവി നൽകിയനുഗ്രഹിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ആണ്. സ്വന്തം ഗവേഷണത്തിലൂടെയോ ഗ്രന്ഥപാരായണത്തിലൂടെയോ അല്ല വാഗ്ദത്ത മസീഹിന് റസൂൽ(സ) തിരുമേനിയെ സംബന്ധിച്ച ജ്ഞാനം ബോദ്ധ്യപ്പെട്ടത്. പരിശുദ്ധമായ ദൈവിക വെളിപാടുകളിലൂടെ അല്ലാഹു തന്നെ നേരിട്ട് അത് അദ്ദേഹത്തെ അറിയിക്കുകയായിരുന്നു. ദൈവം തനിക്ക് വെളിപാടുകളിലൂടെ പഠിപ്പിച്ച അറിവാണ് താൻ പ്രേഷണം ചെയ്യുന്നതെന്ന് മറ്റൊരാളും ഈ കാലഘട്ടത്തിൽ അവകാശപ്പെട്ടിട്ടില്ല. അത്രയധികം ദിവ്യമായ ആധികാരികതയോടെയും ദൃഢതയോടെയും എന്നെന്നും ജീവിച്ചിരിക്കുന്ന സർവശക്തനായ ദൈവത്തിന്റെ പേരിൽ റസൂൽ(സ) തിരുമേനിയെ പറ്റി ഒരാൾ നടത്തുന്ന ദിവ്യ വിളംബരങ്ങൾ അവിടുത്തെ സ്നേഹിക്കുന്നവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വാഗ്ദത്ത മസീഹ് തന്റെ യജമാനനായ റസൂൽ തിരുമേനി(സ)യെ സംബന്ധിച്ച് പറയുന്നു:

*'ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫ ( സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശുപാർശകൻ) ഇല്ല. ആകയാൽ ഈ പ്രതാപ ശാലിയായ നബി (സ)ക്ക് നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവീൻ. അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും നിങ്ങൾ കൽപ്പിക്കരുത്. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിന് തന്നെ. മോക്ഷം എന്നത് മരിച്ചശേഷം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തു കൊള്ളുവീൻ. മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്ത് വെച്ചു തന്നെ അതിന്റെ വെളിച്ചം കാണിക്കുമാറാകുന്നതാണ്. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി(സ) ആ ദൈവത്തിന്റെ മുഴുവൻ സൃഷ്ടിജാലത്തിന്റെയും ഇടയിലുള്ള ശുപാർശകനാണെന്നും ആകാശത്തിന് കീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും ഖുർആന് തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥം ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ എക്കാലത്തും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ച് വിശ്വസിക്കുന്നവൻ തന്നെ'(കിശ്തീ നൂഹ്, ഭാ 15,16)*

നിരക്ഷരനായ റസൂൽ തിരുമേനി(സ)ക്ക് ലഭിച്ചതെല്ലാം ദൈവത്തിന്റെ സ്വച്ഛമായ വെളിപാടിൽ നിന്നായിരുന്നു. **'ഖാത്തമുന്നബിയ്യീൻ'** എന്ന അവിടുത്തെ അഭിധാനത്തിന്റെ അർഥം **'പ്രവാചക ശ്രേഷ്ഠൻ'** എന്നാണ്. അതായത് മനുഷ്യ സമൂഹത്തിലെ പാപരഹിതരാണ് പ്രവാചകന്മാർ; അവർക്കിടയിലെ ഏറ്റവും ശ്രേഷ്ഠനാണ് മുഹമ്മദ് നബി(സ). ഖാത്തമുന്നബിയ്യീനായ മുഹമ്മദ് നബി(സ)യെ അനുസരിച്ചാൽ നുബൂവ്വത്ത് എന്ന പദവി വരെ ലഭിക്കും. ഖുർആൻ പറയുന്നു.
*വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സിദ്ദീഖുകൾ, ശഹീദുകൾ, സാലിഹുകൾ എന്നിവരുടെ കൂടെയായിരിക്കും.* (4:70)ഖാതമുന്നബിയ്യീൻ എന്ന വിശേഷണത്തിന് അന്ത്യപ്രവാചകൻ എന്ന് അർഥം നൽകുന്നവർ അവിടത്തെ മഹത്തായ പദവിയെ ന്യൂനീകരിക്കുകയാണ് ചെയ്യുന്നത്. വാഗ്ദത്ത മസീഹിലൂടെ റസൂൽ (സ)തിരുമേനിയുടെ സ്ഥാനം ഗ്രഹിക്കാനുള്ള സൗഭാഗ്യം മുസ്ലിംകൾക്കുണ്ടാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# റസൂൽ (സ)തിരുമേനി: അവസാനിക്കാത്ത പ്രവാചകൻ

റസൂൽകരീം (സ) തിരുമേനിയുടെ ഖതമുന്നുബൂവത്തിന്റെ രഹസ്യം നമ്മുടെ എതിരാളികൾക്ക് ഒരിക്കലും മനസിലായിട്ടില്ല. തിരുമേനി(സ)യുടെ ഖതമുന്നുബൂവ്വത്തിനെ ക്കുറിച്ചുള്ള അവരുടെ വിശ്വാസ പ്രകാരം തിരുമേനി(സ) (നഊദുബില്ലാഹ്) അബ്തർ(സന്താനമില്ലാത്ത ആൾ) ആയിത്തീരുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നതിപ്രകാരമാണ്

***'മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ റസൂലും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ല വണ്ണം അറിയുന്നവനാകുന്നു.'*** *(33: 41)*


ഇതിൽ ശാരീരികമായ പിതൃത്വത്തെയാണ് നിഷേധിച്ചിരിക്കുന്നത്. ആത്മീയമായ പിതൃത്വവും അദ്ദേഹത്തിനുണ്ടാകുന്നില്ലെങ്കിൽ പിന്നെ നിങ്ങൾ അദ്ദേഹത്തെ അബ്തർ ആണെന്ന് വിശ്വസിക്കുമോ? ഇത്തരത്തിലുള്ള വിശ്വാസം കുഫ്റാണ്. അദ്ദേഹത്തിന്റെ ആത്മീയ പിതൃത്വം നിലനിന്നു വരുന്നു എന്നതാണ് സത്യം. 'ലാകിൻ' എന്ന പദം ഇതാണ് വെളിപ്പെടുത്തുന്നത്. ഇതിന്റെ ഉദ്ദേശ്യം ഭാവിയിൽ റസൂൽ(സ) തിരുമേനി യുടെ സാക്ഷ്യമുദ്ര യോടുകൂടിയ നുബുവ്വത്തും റിസാലത്തും മാത്രമേ വരികയുള്ളു എന്നും തിരുമേനി (സ)യെ തികച്ചും പിന്തുടരുകയും അനുസരിക്കുകയും ചെയ്യാതെ ആർക്കും തന്നെ ഇൽഹാമും വഹ്‌യും ഇതര ആത്മീയ അനുഗ്രഹങ്ങളും ലഭ്യമാകുന്നതല്ല എന്നുമാണ്. ഭാവിയിൽ അദ്ദേഹം മുഖേന അദ്ദേഹത്തിന്റെ മുദ്ര ലഭിച്ചിട്ടും അല്ലാതെയും ആർക്കും തന്നെ നുബുവ്വത്ത് എന്ന അനുഗ്രഹം ലഭ്യമാകുന്നതല്ല. ഒരാൾ കണ്ണാടിയിൽ തന്റെ രൂപം നോക്കുമ്പോൾ അയാളുടെ രൂപത്തിലും കണ്ണാടിയിലുള്ള രൂപത്തിനുമിടയിൽ എന്തെങ്കിലും അന്തരം കാണാൻ സാധിക്കുമോ? അതേ സ്ഥിതി തന്നെയാണ് ഇവിടെയും. റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായ തന്നെയാണിവിടെ. അതിൽ നിന്ന് പുറത്തായതൊന്നും തന്നെയല്ല.

വിശുദ്ധ ഖുർആനിൽ വഹ്‌യ് എന്നതിന്റെ അർഥം ദൈവഭാഷണം എന്നാണെന്ന് മനസ്സിലാവുന്നു.

ദൈവികമായ അനുഗ്രഹങ്ങളും ദൈവഭാഷണവും നിലച്ചുപോയ ഒരു മതം ജീവനുള്ള മതമെന്ന് പറയാനാവില്ല. അത് ഉപേക്ഷിക്കപ്പെടേണ്ട മതമാണ്. ഇസ്‌ലാം ഒരു മൃതമതമാണെന്നും റസൂൽ തിരുമേനി (സ)നഊദുബില്ലാഹ് ഒരു മൃത പ്രവാചകനാണെന്നും സ്ഥാപിക്കാൻ ഇവർ ശ്രമിക്കുന്നു. ഞങ്ങളിത് സ്വീകരിക്കുവാൻ തയ്യാറില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം വിശ്വാസം കുഫ്റാണ്. റസൂൽ(സ) തിരുമേനി ഒരു ജീവൽ പ്രവാചകനും ഇസ്‌ലാം ഒരു ജീവത്തായ മതവുമാണ്. കാരണം അവിടത്തെ അനുഗ്രഹാശിസ്സുകൾ എന്നെന്നും നിലനിൽക്കുന്നവയാണ്. അദ്ദേഹത്തിന്റെ നുബുവ്വത്ത് അനശ്വരവും അക്ഷയവുമാണ്. ആ മുദ്രകൊണ്ട് നുബുവ്വത്ത് നിലനിൽക്കുന്നു. ഇത്തരത്തിലുള്ള നുബുവ്വത്ത് നുബുവ്വത്തിന്റെ പ്രതിഛായയാണ്. എന്നാൽ റസൂൽ (സ)തിരുമേനിയുടെ നബിത്വത്തിൽ നിന്നും വിഭിന്നമായ നുബുവ്വത്ത് വ്യാജ നുബുവ്വത്താണ്. അദ്ദേഹത്തിലൂടെയുള്ള നുബുവ്വത്ത് അവസാനിച്ചിരിക്കുന്നുവെന്ന് പറയുന്നത് കുഫ്റത്രെ. അങ്ങനെ പറയുന്നവർ ആ പുണ്യാത്മാവിനെ (നഊദുബില്ലാഹ്) അബ്തർ എന്നും ഇസ്‌ലാമിനെ ഒരു മൃതമതമെന്നും കരുതുന്നവരാണ്. ഇസ്‌ലാം അത്തരത്തിലുള്ള ഒരു മതമാണെങ്കിൽ പിന്നെ അത് എങ്ങനെ മോക്ഷദായകമായ മതമായി മാറും? വളരെ അത്ഭുതകരവും ഖേദകരവുമായ കാര്യമാണിത്. ഇവർ ഈ സമുദായത്തെ ശ്രേഷ്ഠ സമുദായം എന്ന് പറയുന്നു. എന്നാൽ ദൈവിക ഭാഷണം ലഭ്യമാകാത്ത ഒരു സമുദായം എങ്ങനെ ശ്രേഷ്ഠ സമുദായമായി മാറും? ഹദ്റത്ത് മൂസാ നബി (അ) യെ പിൻപറ്റിയ ആയിരക്കണക്കിന് നബിമാർ ഉണ്ടായി; എന്നാൽ ഈ സമുദായത്തിൽ ഒരു നബിയും വരികയില്ലെങ്കിൽ പിന്നെ ഇതെങ്ങനെ ഒരു ശ്രേഷ്ഠ സമുദായമാകും ?

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 26-10-2018 ന് അമേരിക്കയിലെ(ടെക്സസ്) ഹോസ്റ്റണിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി നജ്മുദ്ദീൻ

# ജീവിതത്തിൽ സൂക്ഷ്മത പുലർത്തുക; തിന്മകളിൽ നിന്നും വിട്ട് നിൽക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്, അവന്റെ അനുഗ്രഹത്താൽ നമുക്ക് നബി(സ)തിരുമേനി 'നമ്മുടെ മഹ്ദി'എന്ന വാക്കുകളിൽ സ്മരിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുവാനുള്ള തൗഫീഖ് നൽകി. സ്നേഹത്തിന്റെയും സാമീപ്യത്തിന്റെയും പ്രകടനത്തിന്റെ ഉന്നതമായ സ്ഥാനമാണ് നബി(സ)തിരുമേനി 'നമ്മുടെ മഹ്ദി' എന്നു വിളിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദിനും, വാഗ്ദത്ത മഹ്ദിക്കും നൽകിയിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ), തങ്ങളെ വിശ്വസിക്കുന്നവരോട് വളരെ വേദനയോടെ ബൈഅത്തിന്റെ കടമ നിറവേറ്റേണ്ടതിലേക്കും ഒരു യഥാർഥ വിശ്വാസിയാവേണ്ടതിലേക്കുമായി മാർഗനിർദേശങ്ങൾ നൽകുകയുണ്ടായി. അവ സ്ഥിരമായി നാം നമ്മുടെ മുന്നിൽ വയ്ക്കേണ്ടതാണ്. നമ്മുടെ ആത്മീയ ശിക്ഷണത്തിനുള്ള മാർഗ്ഗം ഇതുതന്നെയാണ്. നമുക്ക് ദീനിന്റെ ഉള്ളറിവ് കരസ്ഥമാക്കുവാനുള്ള മാർഗ്ഗം ഇതുതന്നെയാണ്. ദൈവസാമിപ്യം പ്രാപിക്കുവാൻ വേണ്ട വഴി അന്വേഷിക്കുവാനുള്ള മാർഗ്ഗവും ഇതുതന്നെയാണ്. വിശുദ്ധ ഖുർആനിലെ രഹസ്യങ്ങളിലേക്കും അഭൗമികജ്ഞാനങ്ങളിലേക്കും എത്തിപ്പെടാനുള്ള മാർഗ്ഗവും ഇതുതന്നെയാണ്. നബി(സ)തിരുമേനിയുടെ സ്ഥാനത്തെയും പദവിയെയും തിരിച്ചറിയുവാനുള്ള മാർഗ്ഗവും ഇതുതന്നെയാണ്. നമ്മുടെ ആദർശപരമായഅവസ്ഥകളെ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗവും ഇതുതന്നെയാണ്. നമ്മുടെ കർമ്മപരമായ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗവും ഇതുതന്നെയാണ്. ഈ നിധി ഉണ്ടായിരുന്നിട്ടും നാം അതിൽ നിന്നും പ്രയോജനമെടുത്തില്ലായെങ്കിൽ വലിയ നിർഭാഗ്യകരമായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾക്കുള്ള ശക്തിയുടെയും വിശുദ്ധീകരിക്കുവാനുള്ള കഴിവിന്റയും സ്വാധീനം മറ്റാരുടെയും വാക്കുകളിൽ കാണാൻ സാധിക്കുകയില്ല. എന്തുകൊണ്ട് അങ്ങിനെ ആയിക്കൂടാ. അല്ലാഹു നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനായി, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനായി, ഈ കാലഘട്ടത്തിൽ അയച്ച ഇമാം ആകുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വചനങ്ങൾ വായിക്കുകയും

അതനുസരിച്ചു പ്രവർത്തിക്കുവാൻ ശ്രമിക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ, നാം എവിടെ എത്തി നിൽക്കുന്നു, എവിടെ വരെ എത്തേണ്ടതാണ് എന്നെല്ലാം ഓരോരുത്തർക്കും ആത്മപരിശോധന നടത്താൻ സാധിക്കുന്നതാണ്. എന്താണു തഖ്വ, തഖ്വയുടെ നിലവാരമെന്തായിരിക്കണം. നൻമയെന്താണ്,നൻമയുടെ നിലവാരം എന്തായിരിക്കണം, നമ്മുടെ ബാധ്യതകൾ എന്തെല്ലാമാണ് എന്നൊക്കെ പരിശോധന നടത്തേണ്ടതാണ്.

ഹദ്റത്ത് മസീഹ്മൗഊദ്(അ) അരുളുന്നു; അല്ലാഹു തൃപ്തനാകുന്ന യഥാർഥ തഖ്വ കരസ്ഥമാക്കുവാനായി അവൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു; **യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ**. വിശ്വാസികളേ നിങ്ങൾ തഖ്വ സ്വായത്തമാക്കുവിൻ. പിന്നീട് ഇങ്ങനെയും പറഞ്ഞു; **ഇന്നല്ലാഹ മഅല്ലദീനത്തഖവ് വല്ലദീനഹും മുഹ്സിനൂൻ**. അല്ലാഹു തഖ്വ സ്വായത്തമാക്കുന്നവരുടെ സംരക്ഷകനും സഹായിയുമാകുന്നു.

തിൻമയിൽനിന്ന് വിട്ടുനിൽക്കുന്നതിനാണ് തഖ്വ എന്നു പറയുന്നത്. മുഹ്സിനൂൻ എന്നു പറഞ്ഞാൽ തിൻമയിൽനിന്ന് വിട്ടുനിൽക്കുക മാത്രമല്ല ചെയ്യുന്നത് മറിച്ച് നൻമ ചെയ്യുകയും ചെയ്യുന്നു. പിന്നീട് പറഞ്ഞു; **ലില്ലദീന അഹ്സനുൽഹുസ്നാ**. അതായത് അവർ നൻമ ഭംഗിയായരീതിയിൽ ചെയ്യുന്നവരായിരിക്കും. പറയുന്നു; ഈ വഹ്യ് എനിക്ക് ആവർത്തിച്ചാവർത്തിച്ച് ഉണ്ടായിട്ടുണ്ട് **ഇന്നല്ലാഹ മഅല്ലദീനത്തഖവ് വല്ലദീനഹും മുഹ്സിനൂൻ**. ഇത് എനിക്ക് എണ്ണിക്കണക്കാക്കാൻ സാധിക്കാത്തത്ര തവണ ഉണ്ടായിട്ടുണ്ട്. അവിടന്ന് പറയുന്നു, അല്ലാഹുവിനറിയാം ഒരു രണ്ടായിരം തവണയെങ്കിലും ഉണ്ടായിട്ടുണ്ടാവും. ഇതുകൊണ്ടുള്ള ഉദ്ദേശ്യം, ഞങ്ങൾ ജമാഅത്തിൽ ചേർന്നുഎന്ന കാര്യത്തിൽ മാത്രം സന്തോഷിക്കുന്നവരാകരുത് എന്ന് ജമാഅത്തംഗങ്ങൾ അറിഞ്ഞിരിക്കണം എന്നതാണ്. യഥാർത്ഥ തഖ്വയും അതോടൊപ്പം നൻമയും കൂടെയുണ്ടാകുമ്പോൾ മാത്രമേ അല്ലാഹുവിന്റെ സാമിപ്യവും സഹായവും ഉണ്ടാവുകയുള്ളൂ.

ഹദ്റത്ത് മസീഹ്മൗഊദ്(അ) പറയുന്നു; ചില തിൻമകൾ പ്രകടമായതായിരിക്കും.ഉദാഹരണമായി കളവ് പറയുക,വ്യഭിചരിക്കുക,വിശ്വാസവഞ്ചന കാണിക്കുക,കള്ള സാക്ഷ്യം പറയുക,അവകാശധ്വംസനം നടത്തുക,ശിർക്ക് ചെയ്യുക മുതലായവ. എന്നാൽ ചില തിൻമകൾ എത്രത്തോളം സൂക്ഷ്മമായിരിക്കുമെന്നാൽ മനുഷ്യൻ അതിൽ അകപ്പെട്ടു പോകുന്നത് അവൻ അറിയുകപോലുമില്ല. യുവാവിൽനിന്ന് വൃദ്ധനായിത്തീരുന്നു എന്നിട്ടും താൻ തിൻമ ചെയ്യുന്നുണ്ടെന്ന കാര്യം അറിയുന്നില്ല. ഉദാഹരണത്തിന് മറ്റുള്ളവരെക്കുറിച്ചു പരാതിപറയുന്ന ശീലം. ആളുകൾ ഇതിനെ തികച്ചും നിസ്സാരവും ചെറുതുമായി കരുതുന്നു. എന്നാൽ വിശുദ്ധഖുർആൻ ഇതിനെ വലിയതായി പറഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ പറഞ്ഞു; **അയുഹിബ്ബു അഹദുകും അയ്യഅ്കുല ലഹ്മ അഖീഹി മയ്ത്താ**. തന്റെ സഹോദരന് അവഹേളനം ഏൽക്കുന്ന തരത്തിലുള്ള വാക്കുകൾ മനുഷ്യൻ വായിൽവരുത്തുന്നതിനോട് അല്ലാഹുവിന് കോപമാണ്. അല്ലാഹു ചോദിക്കുന്നു നിങ്ങൾ നിങ്ങളുടെ മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കുന്നത് ഇഷ്ടപ്പെടുന്നുവോ. അവിടന്ന് പറയുന്നു; ഒരു സഹോദരനെക്കുറിച്ച് അയാൾ അജ്ഞനും വിവരമില്ലാത്തവനുമാണെന്ന് സ്ഥാപിതമാകുന്ന തരത്തിൽ സംസാരിക്കുന്നു ഇതെല്ലാം ദുഷ്പ്രവൃത്തികളാകുന്നു. ലുബ്ധ് കാണിക്കുക,കോപിക്കുക എല്ലാം ദുഷ്പ്രവർത്തികളാണ്. ഇതിൽനിന്നും വിട്ടുനിൽക്കുക എന്നതാണ് അല്ലാഹുവിന്റ നിർദ്ദേശങ്ങളനുസരിച്ചുള്ള ആദ്യപടി. കണ്ണുകളുമായി ബന്ധപ്പെട്ടതോ കാതുകളുമായി ബന്ധപ്പെട്ടതോ കൈകളുമായോ കാലുകളുമായോ ബന്ധപ്പെട്ടതായ എല്ലാ പാപങ്ങളിൽ നിന്നും രക്ഷപ്പെട്ടു നിൽക്കുക.

അവിടന്ന് പറയുന്നു; ഒരുപാട് തിൻമകൾ ദുർധാരണകൊണ്ടു മാത്രമായി ഉണ്ടാകുന്നു. ആരെയെങ്കിലും കുറിച്ച് ഒരുകാര്യം കേട്ടാൽ ഉടനടി അത് ദൃഢമായി വിശ്വസിക്കുന്നു. ഇത് വളരെ മോശമായ കാര്യമാണ്. ഖണ്ഡിതമായ അറിവില്ലാത്തതും നിശ്ചിതമല്ലാത്തതുമായ ഒരു കാര്യത്തിന് ഹൃദയത്തിൽ ഇടംനൽകരുത്. ദുർധാരണ എന്നത് അകന്നാൽ തന്നെ സമൂഹത്തിലെ പകുതി കുഴപ്പങ്ങളും കലഹങ്ങളും നീരസങ്ങളും ഇല്ലാതാകും.ഒരുമയും ഐക്യവും ഉണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു; മറ്റുള്ളവരെക്കുറിച്ച് നല്ല ധാരണ വച്ചുപുലർത്തുക. അല്ലെങ്കിൽ എന്തെങ്കിലും കാര്യം കേട്ടാൽ അന്വേഷണം നടത്തുക. മനുഷ്യൻ ബലഹീനനാണ് ചില ചിന്തകൾ ഹൃദയത്തിൽ വരും. എന്നാൽ അതനുസരിച്ചു പ്രവർത്തിക്കാതിരുന്നാൽ അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്.

അവിടന്ന് പറയുന്നു; ഹൃദയത്തിൽകൂടി സാധാരണമായും നൈമിഷികമായും കടന്നുപോകുന്ന വിചാരങ്ങൾ കാരണമായി പിടിക്കപ്പെടുകയില്ല.ഉദാഹരണമായി, ഇന്ന സ്വത്ത് എനിക്കു ലഭിച്ചിരുന്നെങ്കിൽ നന്നായിരുന്നു എന്ന ചിന്ത ആരുടെയെങ്കിലും മനസ്സിലൂടെ കടന്നുപോകുന്നു. ഇത് ഒരുതരത്തിലുള്ള അത്യാഗ്രഹമാണെങ്കിൽകൂടി പ്രകൃതിസഹജമായി മനസ്സിലൂടെ അത്ര മാത്രമുള്ള ചിന്ത കടന്നുപോകുന്നതുകൊണ്ട് ഒരിക്കലും പിടിക്കപ്പെടുകയില്ല. എന്നാൽ ഇത്തരം ചിന്തകൾക്ക് ഹൃദയത്തിൽ ഇടം നൽകുകയാണെങ്കിൽ, ഏതെങ്കിലും തന്ത്രത്തിലൂടെ തീർച്ചയായും ആ സ്വത്ത് കൈക്കലാക്കണംഎന്ന ഉറച്ച തീരുമാനമെടുക്കയാണെങ്കിൽ പിന്നെ അല്ലാഹു പിടിക്കുന്നതാണ്.

അവിടന്ന് പറയുന്നു; ഒരിക്കലും ആരുടെയും രക്തംചിന്തുകയോ ആരെയും വധിക്കുകയോ കവർച്ച ചെയ്യുകയോ മോഷണം നടത്തുകയോ കൊള്ളയടിക്കുകയോ ചെയ്യാത്തതും അല്ലെങ്കിൽ ഇത്തരം വൻ പാപങ്ങൾ ചെയ്യാത്തതുമായ നിരവധി ആളുകളുണ്ടാകും. എന്നാൽ ചോദ്യമിതാണ്,ആരെയെങ്കിലുംകുറിച്ച് പരാതി പറയാത്തതോ പരാധീനങ്ങൾ പറയാത്തതോ ആരുടെയെങ്കിലും അസാന്നിദ്ധ്യത്തിൽ അയാളുടെ കുറ്റം പറയുകയോ ദുർഭാവന നടത്തുകയോ ചെയ്യാത്തതും ഏതെങ്കിലും സഹോദരനെ അപമാനിച്ചുകൊണ്ട് അയാൾക്ക് വിഷമമുണ്ടാക്കുകയോ അല്ലെങ്കിൽ കളവു പറഞ്ഞുകൊണ്ട് വലിയ തെറ്റ് ചെയ്യാത്തതോ ആയ എത്ര ആളുകളുണ്ട്.ഇത്തരം കാര്യങ്ങൾക്ക് പരിഗണന നൽകുകയും ആരെയും വ്യസനിപ്പിക്കാതിരിക്കുകയും ആരെയെങ്കിലുംപറ്റി പരാതി പറയാത്തതും ദുർഭാവന നടത്താത്തതും കളവുപറയാത്തതും ഹൃദയത്തിൽ മോശം വിചാരങ്ങൾ ഇല്ലാത്തതോ ആയ അത്തരം ആളുകൾ വളരെ കുറച്ചേ ഉണ്ടാകൂ എന്ന് എനിക്ക് നിശ്ചയമായും പറയാൻ സാധിക്കും.

അവിടന്ന് വീണ്ടും പറയുന്നു; അല്ലാഹു പറയുന്നു, ആദ്യഘട്ടമെന്നത് മനുഷ്യൻ തഖ്‌വ സ്വായത്തമാക്കുക എന്നതാണ്. ലോകത്ത് ഏകത്വം സ്ഥാപിക്കുവാൻ അല്ലാഹു ആഗ്രഹിക്കുന്നു. എന്നാൽ ആരാണോ തന്റെ സഹോദരനെ വ്യസനിപ്പിക്കുന്നത്,അക്രമവും വിശ്വാസവഞ്ചനയും കാണിക്കുന്നത് അയാൾ ഏകത്വത്തിന്റെ ശത്രുവാണ്. ഈ ദുഷ്ചിന്തകൾ ഹൃദയത്തിൽ നിന്നും വിട്ടുമാറാത്തിടത്തോളം യഥാർത്ഥ ഏകത്വം പ്രചരിക്കുക ഒരിക്കലും സാധ്യമല്ല.വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്യുക. ദുഷ്പ്രവർത്തികളുടെ വിവരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. എന്നിട്ട് അല്ലാഹുവിന്റെ അനുഗ്രഹവും പിന്തുണയോടും കൂടി ആ തിൻമകളിൽ നിന്നെല്ലാം രക്ഷപ്പെടാൻ ശ്രമിക്കുക. ഇത് തഖ്‌വയുടെ ആദ്യത്തെ ഘട്ടമാണ്. ഇങ്ങനെ നിങ്ങൾ പരിശ്രമിക്കുകയാണെങ്കിൽപിന്നെ അല്ലാഹു രക്ഷപ്പെടാനുള്ള തൗഫീഖ് നൽകുകയും നിങ്ങളുടെ തിൻമ ചെയ്യാനുള്ള വികാരാവേശത്തെ മരവിപ്പിക്കുന്നതുമായ കർപ്പൂരപാനീയം നിങ്ങളെ കുടിപ്പിക്കുകയും ചെയ്യുന്നതാണ്. മനുഷ്യൻ മുത്തഖിയാകാത്തിടത്തോളം അവന് ഈ പാനീയം നൽകപ്പെടുന്നതല്ല.മാത്രമല്ല അവന്റെ ദുആകൾക്ക് സ്വീകാര്യതയുടെ നിറം ഉണ്ടാകുകയുമില്ല. എന്തെന്നാൽ അല്ലാഹു പറയുന്നു; **ഇന്നമാ യതഖബ്ബലുല്ലാഹു മിനൽമുത്തഖീൻ**. അതായത് അല്ലാഹു മുത്തഖികളുടെ ഇബാദത്തുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.നമസ്കാരവും നോമ്പും എല്ലാം മുത്തഖികളുടേത് മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ എന്നത് തികച്ചും ശരിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)അരുളുന്നു; നമസ്കാരത്തിന്റെ സ്വീകാര്യത എന്നതുകൊണ്ടുദ്ദേശിക്കുന്നത് നമസ്കാരത്തിന്റെ സ്വാധീനവും അനുഗ്രഹങ്ങളും നമസ്കാരക്കാരനിൽ ഉണ്ടാവുക എന്നതാണ്. പ്രസ്തുത അനുഗ്രഹങ്ങളും സ്വാധീനങ്ങളും ഉണ്ടായില്ലെങ്കിൽ വെറും തലകുത്തിമറിയൽ മാത്രമാണ്.

ഭാരവാഹികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിന്റെ യോഗങ്ങളിലെ കാര്യങ്ങൾ തങ്ങളുടെ വീടുകളിലോ,അക്കാര്യങ്ങൾ പറയേണ്ട ആവശ്യമില്ലാത്ത വ്യക്തികളോടോ പറയേണ്ട ആവശ്യമില്ല. ഇക്കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തേണ്ടതാണ്. നിരവധി യുവാക്കൾ ഭാരവാഹികളുടെ ഇത്തരം കാര്യങ്ങൾ കണ്ടുകൊണ്ടുതന്നെ ആദ്യം പതുക്കെപ്പതുക്കെ ജമാഅത്തിൽ നിന്നകലുന്നു,പള്ളിയിൽ നിന്നകലുന്നു, പിന്നീട് ഇബാദത്തുകളിൽ നിന്നകലുകയും പിന്നെ അല്ലാഹുവിൽ നിന്നകലുക യും ചെയ്യുന്നു. അതുകൊണ്ട് അടുത്ത തലമുറയെ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ ഏറ്റവും ആദ്യം മുതിർന്നവരും ഭാരവാഹികളും തങ്ങളുടെയുള്ളിൽ തഖ്‌വ ഉണ്ടാക്കിയെടുക്കേണ്ടത് ആവശ്യമാണ്.

പിന്നീട് മറ്റൊരിടത്ത് ഒരവസരത്തിൽ അവിടന്ന് പറയുന്നു; ഓർക്കുക,വലിയ വലിയ തിൻമകളിൽ നിന്നും വിട്ടുനിൽക്കുക എന്നതിന്റെ പേരല്ല തഖ്‌വ എന്നത്. മറിച്ച് അതിസൂക്ഷ്മങ്ങളായ തിൻമകളിൽ നിന്നും വിട്ടുനിൽക്കലാണത്. ഓർമ്മിക്കുക,വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്തുകൊണ്ട് അതിൽ ചിന്തിക്കുക. അല്ലാഹുവിന്റെ കല്പനയായതുകൊണ്ട് നല്ലവണ്ണം ഓർത്തിരിക്കേണ്ട കാര്യമാണിത്. തുടർന്ന് പറഞ്ഞു; ഒരു വിശ്വാസി താൻ ഒരു തിൻമയും ചെയ്തിട്ടില്ല എന്നകാര്യമോർത്ത് മാത്രം സന്തോഷിക്കരുത്. അല്ലാഹു പറയുന്നു, ഇതുകൊണ്ടുമാത്രം അവൻ തൃപ്തനാവുകയില്ല മറിച്ച് തിൻമയിൽനിന്നും രക്ഷപ്പെടുന്നതു കൂടാതെ നൻമ ചെയ്യുകയും വേണം.അതു കൂടാതെ പരിശുദ്ധത ഉണ്ടാവുകയില്ല. താൻ തിൻമ ചെയ്യുന്നവനല്ല എന്നകാര്യത്തിൽ അഹംഭാവം കാണിക്കുന്നവൻ വിഡ്ഢിയാണ്. മനുഷ്യനെ ഇസ്‌ലാം അത്രമാത്രമല്ല നന്നാക്കിവിടുന്നത് മറിച്ച് രണ്ടു ഭാഗങ്ങളും പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു. അതായത് തിൻമകൾ പരിപൂർണ്ണമായും ഉപേക്ഷിക്കുകയും നൻമകൾ പൂർണ്ണ ആത്മാർത്ഥതയോടെ ചെയ്യുകയും ചെയ്യുക. ഈ രണ്ടുകാര്യങ്ങളും ഉണ്ടാകാത്തിടത്തോളം മോക്ഷം സാധ്യമല്ല.

പിന്നീട് അവിടന്ന് പറയുന്നു; കർമ്മരൂപത്തിൽ സത്യത്തിന്റ മാതൃക കാണിക്കുക.അതായത് കർമ്മരൂപത്തിലൂടെ സത്യസന്ധത പ്രകടമാക്കുക. അതു നിങ്ങളുടെ കൂടെതന്നെ ഉണ്ടാകുന്നതിനുവേണ്ടി. കരുണ,സൽസ്വഭാവം,ഉപകാരശീലം,സൽകർമ്മങ്ങൾ,സഹതാപം,എളിമ,വിനയം എന്നിവയിൽ കുറവു വരുത്തുകയാണെങ്കിൽ ഏറ്റവുംആ

ദ്യം ഇങ്ങിനെയുള്ള ജമാഅത്തായിരിക്കും നശിക്കുക എന്നെനിക്കറിയാം. പിന്നീട് അവിടന്ന് സ്വഹാബാക്കളുടെ ഉദാഹരണം നൽകിക്കൊണ്ട് പറയുന്നു; സ്വഹാബാക്കൾ ചെയ്തുകാണിച്ച ആ മാതൃക എന്തായിരുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവൻ നൽകാൻ തയ്യാറായി. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവൻ നൽകാൻ തയ്യാറാവുന്ന അവസ്ഥ മനുഷ്യനിൽ ഉണ്ടാവുക എന്നത് നിസ്സാരകാര്യമല്ല. സ്വഹാബാക്കളുടെ അവസ്ഥ നമ്മോടു പറയുന്നത് ഈ മാർഗ്ഗത്തിൽ ജീവൻ നൽകൂ എന്നവരോടു കല്പിച്ചപ്പോൾ അവർ അവരുടെ കടമ നിറവേറ്റി. പിന്നീട് അവർ ഭൗതീകതയിലേക്ക് ചാഞ്ഞതേയില്ല. നിങ്ങൾ ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകേണ്ടത് അത്യാവശ്യമാകുന്നു.അതിനാൽ,ഇതാണ് നമുക്കുള്ള ഉത്തമമാതൃക. ദുനിയാവ് കരസ്ഥമാക്കണമെന്ന ലക്ഷ്യം ആർക്കാണോ ഉള്ളത് അല്ലാഹുവിന്റെ അടുക്കൽ അവർ ഈ ജമാഅത്തിൽപ്പെട്ടവരല്ല.ഭൗതികതയെ കയ്യൊഴിയുന്നവർ മാത്രമേ അല്ലാഹുവിന്റെ അടുക്കൽ ഈ ജമാഅത്തിൽ പെട്ടവരാകുകയുള്ളൂ.

നിശ്ചയമായും ഓർമ്മവയ്ക്കുക ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുന്നവർ മാത്രമേ അല്ലാഹുവിന്റെ അടുക്കൽ വിശ്വാസിയും ബൈഅത്തിൽ ഉൾപ്പെട്ടവരും ആവുകയുള്ളൂ. ദുനിയാവിലെ ലക്ഷ്യങ്ങൾക്കാണ് മുൻഗണന നൽകുന്നത് എങ്കിൽ അവർ ആപ്രതിജ്ഞ ലംഘിക്കുകയും അല്ലാഹുവിന്റെ അടുക്കൽ കുറ്റവാളികളായിത്തീരുകയും ചെയ്യുന്നു. നിശ്ചയമായും ഓർത്തുകൊള്ളുക മനുഷ്യന്റെ കർമ്മങ്ങൾ ഏതുവരെ ശരിയാവുന്നില്ലയോ വെറും നാവുകൊണ്ടുള്ള പറച്ചിൽ ഒന്നുമല്ല. വെറും പൊങ്ങച്ചം പറച്ചിൽ മാത്രമാണ്. ശരിയായ വിശ്വാസമെന്നത് ഹൃദയത്തിൽ പ്രവേശിക്കുകയും ആ വ്യക്തിയുടെകർമ്മങ്ങൾക്ക് അതിന്റെ സ്വാധീനത്തിന്റെ നിറം ചാർത്തപ്പെടുകയും ചെയ്യുന്നതാണ്. സ്വഹാബാക്കളുടെ അവസ്ഥ ഇത്തരത്തിലുള്ളതായിമാറിയിരുന്നു. അവരുടെ ഹൃദയാഭിലാഷങ്ങളും ശാരീരികാവേശങ്ങളും പൂർണ്ണമായും ഇല്ലാതായിപ്പോയിരുന്നു. വീണ്ടും അവിടന്ന് ബൈഅത്തിനു ശേഷം ഒരു അഹ്മദി എന്തായിരിക്കണം,എങ്ങിനെയുള്ള സുദൃഢബന്ധമായിരിക്കണം ഉണ്ടായിരിക്കേണ്ടത് എന്നതു സംബന്ധമായി പറയുന്നു; ഏതൊരു ശാഖയ്ക്കാണോ വൃക്ഷവുമായി ബന്ധമില്ലാത്തത് അവസാനം അത് ഉണങ്ങി താഴെവീഴുന്നു. ജീവനുള്ള വിശ്വാസമുള്ള ഒരാൾ ദുനിയാവിന് ഒരു വിലയും കല്പിക്കുകയില്ല. ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുന്നവൻ തന്നെയാണ് അനുഗ്രഹീതൻ. എന്നാൽ ദുനിയാവിന് ദീനിനേക്കാൾ മുൻഗണന നൽകുന്നയാൾ മരിച്ചവനെപ്പോലെയാണ്.ഒരിക്കലും യഥാർത്ഥ സഹായത്തിന്റെ മുഖം കാണുകയില്ല.ഈ ബൈഅത്ത് ഗുണം ചെയ്യുന്നത് ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുകയും അതിൽ പുരോഗതി കൈവരിക്കാൻ ശ്രമിക്കുമ്പോഴുമാണ്.

അതുകൊണ്ട് ഇവിടെ വന്നിട്ടുള്ളവരോട് ഞാൻ ഇതുംകൂടെ പറയുകയാണ് അതായത് ഇവിടെ അല്ലാഹു നിങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തി,മതസ്വാതന്ത്ര്യം നൽകി. ഇബാദത്തിന്റെ കടമ നിറവേറ്റുവാൻ നിങ്ങൾക്കു സാധിക്കും, സ്വതന്ത്രമായി സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കുവാൻ സാധിക്കും. അതുകൊണ്ട് ഇവിടെ വരുന്ന ഓരോ അഹ്മദിയും ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽക്കുന്നതിനായി പൂർണ്ണശ്രമം നടത്തുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ തങ്ങളുടെ മുഴുവൻ ശക്തിയും ഉപയോഗപ്പെടുത്തേണ്ടതും ആവശ്യമാണ്. നമസ്കാരത്തിൽ ഒരുതരത്തിലുള്ള മാറ്റം ഉണ്ടായിരിക്കുകയും നമസ്കാരത്തിലേക്ക് ശ്രദ്ധയുണ്ടാവുകയും വേണം. പള്ളികൾ ഉണ്ടാക്കിയെങ്കിൽ അവയോടുള്ള കടമകൾ നിറവേറ്റാനുള്ള ശ്രമവും വേണം. പിന്നീട് വലിയൊരു ഉപദേശം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ഇന്നത്തെ കാലഘട്ടം വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. വിവിധ തരത്തിലുള്ള ശിർക്കുകളും ബിദ്അത്തുകളും മറ്റു ചീത്തകാര്യങ്ങളും ഉണ്ടായിരിക്കുന്നു. ബൈഅത്തിന്റെ സമയത്ത് ചെയ്യുന്ന, ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുന്നതാണ് എന്ന ഏറ്റുപറച്ചിൽ അത് അല്ലാഹുവിന്റെ മുൻപിലുള്ള ഏറ്റുപറച്ചിലാണ്. ഇനി മരണംവരെ അതിൽ നല്ലപോലെ നിലകൊള്ളുക. അല്ലാത്തപക്ഷം ബൈഅത്ത് ചെയ്തിട്ടില്ല എന്നു മനസ്സിലാക്കിക്കൊള്ളുക.അതിൽ നിലകൊണ്ടാൽ പിന്നെ അല്ലാഹു ദീനിലും ദുനിയാവിലും അനുഗ്രഹംചൊരിയുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) താക്കീത് നൽകിയിരിക്കുന്നു. അതിനാൽ നാം നമ്മുടെ ഇസ്‌ലാഹിലേക്ക് ശ്രദ്ധിക്കുകയും ഈ വിപത്തുകൾ സാധാരണ വിപത്തുകളല്ലെന്നും അദ്ദേഹത്തിന്റെ പ്രവചനങ്ങൾ നൂറുവർഷങ്ങൾക്കു മുൻപുള്ളതാണെന്നും അവയിൽനിന്നെല്ലാം രക്ഷപ്പെടുവാനുള്ള ഒരേഒരു മാർഗ്ഗം മനുഷ്യൻ അല്ലാഹുവിലേക്ക് വരിക എന്നതാണെന്നും ലോകത്തോടു പറയുകയും വേണം.ഇനിയും ജാഗരൂഗരായില്ലെങ്കിൽ പിന്നെ രക്ഷപ്പെടുക അസാധ്യമായിരിക്കും. അതുപോലെതന്നെ മനുഷ്യൻ സ്വയം പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. പരസ്പരം യുദ്ധങ്ങളും അക്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ അല്ലാഹു കുറേ ഇളവു നൽകുകയാണ്. ഈ അക്രമങ്ങൾ അല്ലാഹുവിന്റെ കണക്കിൽ പരിധി വിടുമ്പോൾ പിന്നെ അക്രമികളായ സമുദായങ്ങളുടെ നാശമാണ്. അപ്പോൾ അതിൽ നിന്നും രക്ഷപ്പെടുന്നവർ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു പദ്യത്തിൽ പറഞ്ഞ കൂട്ടർ മാത്രമായിരിക്കും.

ശേഷം പേജ് 19 ൽ

# കൊതുക്: പറക്കുന്ന വിസ്മയം


രോഗകാരിയായ ഒരു ക്ഷുദ്ര ജീവിയായിട്ടാണ് ശാസ്ത്രവും ലോകവും കൊതുകിനെ കാണുന്നത്. എന്നാൽ അത്ഭുതകരമായ അവയവപ്പൊരുത്തവും ഘടനാ സവിശേഷതകളുമുള്ള ഈ കൊച്ചു പ്രാണിയെ പതിപാദിക്കാൻ താൻ ലജ്ജിക്കുന്നില്ല എന്നാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത്. ജീവന്റെ ബൃഹദ് പദ്ധതിയിൽ കൊതുകിനുള്ള പ്രാധാന്യത്തെ പറ്റി ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) വിവരിക്കുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

കൊതുകിനെ പറ്റി യുക്തിപരമായും ബുദ്ധിക്ക് ബോധ്യം വരുന്ന രീതിയിലും ധാരാളം വിശദീകരിക്കേണ്ടിയിരിക്കുന്നു. കൊതുകിന്റെ ഓരോ അവയവങ്ങളിലും അതിന്റെ ഘടനയിലുമുള്ള അതിലോലവും സൂക്ഷ്മവുമായ സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള നിഗൂഢതകൾ മറനീക്കണമെങ്കിൽ ശാസ്ത്രജ്ഞൻമാരുടെ തലമുറകൾ തന്നെ വേണ്ടി വരും. അത്തരത്തിലുള്ള ഒരു പഠനം അറ്റമില്ലാത്തതാണ്. കാരണം ഒരു തലത്തിൽ മനസ്സിലാക്കിക്കഴിയുമ്പോൾ മറനീക്കാനുള്ള നിഗൂഢതകളുടെ മറ്റൊരുതലം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ കാത്തിരിപ്പുണ്ടാവും. ദൈവത്തിന്റെ സൃഷ്ടിയിലെ ഈ കൊച്ചു വിസ്മയത്തെ എടുത്തുകാട്ടിക്കൊണ്ട് അവന്റെ സൃഷ്ടിവൈഭവത്തിന്റെ മഹത്വം മനസ്സിലാക്കാൻ ഖുർആൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചതിൽ അത്ഭുതമില്ല. മനുഷ്യൻ നിസ്സാരമായി കണക്കാക്കുന്ന ഈ കൊച്ചു ജീവിയെ ഉദാഹരണമായി കാണിക്കാൻ സ്രഷ്ടാവായ ദൈവത്തിന് ലജ്ജിക്കേണ്ടതായി ഒന്നുമില്ല. ഈ ഖുർആനിക പ്രമേയം നമുക്ക് വീണ്ടും ഒന്നു വിശദമാക്കാം. അങ്ങനെ ഈ പറക്കും യന്ത്രത്തിന്റെ വിസ്മയങ്ങൾ വായനക്കാരനുമായി പങ്കുവെക്കാം. ഏറ്റവും പുരോഗമിച്ച സാങ്കേതിക വിജ്ഞാനത്തിന്റെ ഗുരുക്കൻമാരെന്ന് കരുതുന്നവരുടെ യന്ത്രനിർമിതികളെപ്പോലും നാണിപ്പിക്കുന്നതാണ് ഈ പറക്കുന്ന കൊച്ചു വിസ്മയത്തിന്റെ രൂപഘടന.

കൊതുകിനെ സംബന്ധിച്ച് ഖുർആൻ പറഞ്ഞ വചനങ്ങളോടു കൂടി നമുക്ക് ആരംഭിക്കാം. അത് മറ്റു ജീവികളിൽ നിന്ന് വളരെ വ്യത്യസ്തമാണെന്നാണ് ഖുർആൻ പറയുന്നത്. ഒരു ജീവിയുടെ സൃഷ്ടിയിൽ അതിന്റെ സ്രഷ്ടാവ് ലജ്ജിക്കുന്നില്ലെന്ന് പ്രത്യേകം എടുത്ത് പറയപ്പെട്ട ഒരു ജീവിയാണ് കൊതുക്. ഖുർആൻ പറയുന്നു:

> **ഒരു കൊതുകിനെ, അതിന്മേൽ എന്തൊന്നാണോ വഹിക്കുന്നത് ആ കാരണത്താൽ അതിനെ ഉദാഹരണമായി കാണിക്കാൻ അല്ലാഹു ലജ്ജിക്കുന്നില്ല (അവമതിപ്പ് കാണിക്കുന്നില്ല).**



ഇവിടെ ഉപയോഗിച്ച ഫൗഖ എന്ന പദത്തിന്റെ അക്ഷരാർഥം മീതെ എന്നാണ്. എന്നാൽ മറ്റു ഖുർആൻ പരിഭാഷകർ ഈ അക്ഷരാർഥം എടുത്തിട്ടില്ല. അങ്ങനെ അവർ ചെയ്യാതിരുന്നതിനു കാരണം അതിന്റെ മുകളിൽ എന്തെങ്കിലും വഹിക്കുന്നു എന്നതിനെക്കുറിച്ച് അവർക്ക് അറിവില്ലാതിരുന്നത് കൊണ്ടാണ്.

വായനക്കാരുടെ മനസ്സിനെ മഥിക്കുന്ന ചില പ്രധാന ചോദ്യങ്ങൾ താഴെ ഉദ്ധരിക്കാം. ഈ വചനത്തിലെ ആന്തരാർഥത്തിലെ സന്ദേശം ചുരുങ്ങിയത് ഈ ഗ്രന്ഥകർത്താവിന്റെയെങ്കിലും ജിജ്ഞാസയെ എപ്പോഴും കുഴക്കിയിട്ടുണ്ട്. ഖുർആനിൽ മറ്റെന്തെങ്കിലും സൃഷ്ടിയുമായി ബന്ധപ്പെടുത്തി ഇത്തരത്തിൽ ലജ്ജിക്കേണ്ടിവരുന്നതിനെ പറ്റി ഒരു നിഷേധം പറഞ്ഞിട്ടില്ല. എവിടേയും അഭിമാനത്തോടെ

യാണ് സൃഷ്ടി പ്രക്രിയയെക്കുറിച്ച് ഖുർആൻ പറയുന്നത്. ഖുർആൻ അങ്ങനെ പറയാനുള്ള കാരണമെന്തായിരിക്കും? ഈ വചനത്തിൽ കൊതുകിന് കൊടുത്ത അസാധാരണ പരിഗണന സൂചിപ്പിക്കുന്നത് കൊതുകിന്റെ പ്രത്യേകമായ നിസ്സാരതയിലേക്ക് വായനക്കാരന്റെ ശ്രദ്ധയെ ക്ഷണിക്കാനായിരിക്കുമോ? നിസ്സാരമായി ഗണിക്കപ്പെട്ട ഒന്നിന്റെ സൃഷ്ടിയിൽ ലജ്ജിക്കുന്നില്ല അല്ലെങ്കിൽ നാണമൊന്നുമില്ല എന്ന നിഷേധം വാസ്തവത്തിൽ അതിലെ നിസ്സാരതയെയാണ് നിഷേധിക്കുന്നത്. മനുഷ്യൻ കൊതുകിനോട് കാട്ടുന്ന ഈ അവഗണന പുനഃപരിശോധിക്കണം എന്നാണ് ഈ നിഷേധം സൂചിപ്പിക്കുന്നത്. താഴെ പറയുന്ന സൂചനകൾ ഈ ഖുർആനിക പ്രസ്താവനയിൽ അന്തർഭവിച്ചിരിക്കുന്നു.


(a) കൊതുകുകൾ പൊതുവെ മനസ്സിലാക്കപ്പെടുന്നത് പോലെ നിസ്സാരമോ അവഗണിക്കപ്പെടേണ്ടതോ ആയ ഒരു വസ്തു അല്ല.

(b) കൊതുക് നിർവഹിക്കുന്ന പങ്ക് ഇതുവരെ പൂർണമായും മനസ്സിലാക്കപ്പെട്ടിട്ടില്ല. അതിനെ സംബന്ധിച്ച് കൂടുതൽ ഗവേഷണം ആവശ്യമാണ്.

കൊതുകിനെപറ്റി ഗവേഷണം നടത്തിനോക്കിയപ്പോൾ അത് നിർവഹിക്കുന്ന പങ്ക് വളരെയേറെ അപകടകരവും ഭീകരവുമാണെന്നാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പ്രതിലോമകരമായ ഈ വശം സമ്മതിക്കുന്നതോടൊപ്പം ഈ കൊച്ചു ജീവിയോട് ബന്ധപ്പെട്ട ലജ്ജാകരമായ വസ്തുത ശക്തമായി നിഷേധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കൊതുകിന്റെ പ്രതിലോമകരമായ ഈ പങ്ക് നിഷേധിക്കപ്പെടാൻ കാരണം കൊതുകിനെ അത്തരത്തിൽ സൂക്ഷ്മമായി നിർമിച്ചത് കൊണ്ടാവണം. രണ്ടാമതായി സൃഷ്ടിപദ്ധതിയിൽ കൊതുകിന്റെ ഈ നിഷേധാത്മക വശം എന്തെങ്കിലും നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ടായിരിക്കുകയും വേണം. അപ്രകാരം തന്നെ കൊതുകിന്റെ സൃഷ്ടിയുടെ അനിവാര്യതയും അതിലെ സൃഷ്ടിപ്പിലെ പരിപൂർണതയും ലജ്ജാകരം എന്നതിനേക്കാൾ സ്രഷ്ടാവിന്റെ അഭിമാന ചിഹ്നമായി മനസ്സിലാക്കേണ്ടതുണ്ട്. കൊതുക് അതിന്റെ ശരീരഘടനയിൽ മറ്റൊരു ജീവിക്കുമില്ലാത്ത രീതിയിലുള്ള അസാമാന്യവും അവികലവുമായ ഘടനാ സൗന്ദര്യം പ്രദർശിപ്പിച്ചാൽ മാത്രമേ നമ്മുടെ നിഗമനങ്ങൾ ശരിയാണെന്ന് തെളിയിക്കപ്പെടുകയുള്ളൂ. മാത്രമല്ല, ജീവന്റെ പൊതുവായ പദ്ധതിയിലും അതിന്റെ പരിണാമത്തിലുമുള്ള കൊതുകിന്റെ പങ്ക് മറഞ്ഞ് കിടക്കുന്ന അനുഗ്രഹമാണ്. അത് ശാസ്ത്രജ്ഞൻമാർ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ഇപ്പോൾ നമുക്ക് അവതരിപ്പിക്കാൻ കഴിയുന്നത് നമ്മുടെ ശരീരത്തിന്റെ പ്രതിരോധ സംവിധാനം വികസിപ്പിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കൊതുക് നിർവഹിക്കുന്ന പങ്കിനെക്കുറിച്ചാണ്. അത് ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

മേൽക്കൊടുത്ത ഖുർആനിക വചനത്തിൽ അടങ്ങിയ എല്ലാ സാധ്യതകളും ശരിയാണ്, അത് കൊതുകിനെ സംബന്ധിച്ച അഗാധ പഠനത്തിലേക്ക് ഈ ഗ്രന്ഥകർത്താവിനെ ആനയിക്കുകയുണ്ടായി. കൊതുകിന്റെ ശരീരഘടന, ജീവിലോകത്ത് അത് നിർവഹിച്ച പങ്ക് എന്നിവയാണത്. കൊതുക് തുടക്കത്തിൽ പ്രത്യക്ഷപ്പെട്ട കാലത്തേതിനേക്കാൾ സങ്കീർണവും വിഷമകരവുമായിട്ടുള്ള ധർമമാണ് ജീവിലോകത്ത് പിന്നീട് നിർവഹിച്ചതായി കാണാൻ കഴിയുക. കൊതുകിനെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളിലെല്ലാം അതിന്റെ അവയവങ്ങളുടെ പരിണാമത്തെപ്പറ്റി വിവരിക്കുന്നതിൽ പരാജയപ്പെട്ടതായി കാണാം. ഈയൊരു അഭാവം ഗ്രന്ഥകാരന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുകയുണ്ടായി. മറ്റു പല സംഗതികളിലും മൃഗങ്ങളുടെ അവയവങ്ങളുടെ പരിണാമത്തെ കുറിച്ചും അതിന്റെ സൂക്ഷ്മ വശങ്ങളെക്കുറിച്ചും പ്രതിപാദിച്ചു കൊണ്ടുള്ള വളരെ നല്ല പഠനങ്ങൾ നമുക്ക് ലഭ്യമാണ്. കൊതുക് ഒരു സാധാരണ സൃഷ്ടിയല്ല എന്ന ഖുർആന്റെ അവകാശവാദത്തെ സ്ഥാപിക്കാൻ നാം വളരെയധികമായി ഇത്തരം പഠനങ്ങളെ ആശ്രയിച്ചിട്ടുണ്ട്. കൊതുകിന്റെ പരിണാമത്തെക്കുറിച്ചുള്ള കൂടുതൽ ഗവേഷണം അമേരിക്കയിലേയും കാനഡയിലേയും സമർഥരായ അഹ്മദി പണ്ഡിതൻമാർ ഏറ്റെടുത്തു കഴിഞ്ഞു. ഇത് കൂടുതൽ സമയം വേണ്ടുന്ന ഒരു പ്രക്രിയയാണ്. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ആ ഗവേഷണഫലങ്ങൾ അറിയുന്നത് വരെ വൈകിക്കാൻ കഴിയില്ല. ലഭ്യമായ വിവരങ്ങളുടെ സഹായത്താൽ ഈ പഠനം മുഴുമിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചു.

ഒരുപക്ഷേ, പ്രത്യക്ഷത്തിൽ അതിനിസ്സാരമായി കാണപ്പെടുന്ന കൊതുക്, മനുഷ്യനും മറ്റു ജീവികളുമായി ബന്ധമുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ജീവിയായിരിക്കും. കൊതുക് ക്രിറ്റേഷ്യസ് യുഗത്തിൽ (65140 ദശലക്ഷം വർഷങ്ങൾക്ക് മുമ്പേ) ആവിർഭവിച്ചതാണെന്ന് കരുതപ്പെടുന്നു. പുഷ്പിക്കുന്ന സസ്യങ്ങൾക്കൊപ്പം ആവിർഭവിച്ച ഷഡ്പദങ്ങളും കൊതുകുകളും ഒന്നിച്ചാണ് രൂപം കൊണ്ടതെന്നും കരുതപ്പെടുന്നു. കൊതുക് ജുറാസിക് കാലഘട്ടത്തിലും (136190 ദശലക്ഷം വർഷങ്ങൾക്ക് മുമ്പേ) ഉത്ഭവിച്ചതാകാം. സസ്തനികൾ രൂപം കൊണ്ടിട്ടില്ലാത്ത ആ കാലത്ത് അവർ ഉരഗങ്ങളിൽ നിന്നും, ഉഭയജീവികളിൽ നിന്നും സസ്തനികളുടെ പ്രാകൃത ജീവി രൂപങ്ങളിൽ നിന്നും ഒരുപക്ഷേ ദിനോസറുക



MOSQUITO PARTS

ളിൽ നിന്നു പോലും രക്തം കുടിച്ചിട്ടുണ്ടാകും. പ്രകൃതി ശാസ്ത്രജ്ഞൻമാർ കരുതുന്നതു പോലെ ആ വിദൂരകാല ഘട്ടത്തിൽ ഉണ്ടായ കൊതുകുകളുടെ രക്തദാഹത്തിന്റെ ആവിർഭാവം ഒരുപാട് ചോദ്യങ്ങളുയർത്തുന്നു. എന്തുകൊണ്ടാണ് കൊതുകുകൾക്ക് രക്തക്കൊതിയുണ്ടായത്? വെറും സസ്യങ്ങൾ ഉൽപാദിപ്പിക്കുന്നത് ഭക്ഷിച്ചുകൊണ്ട് അവ ദീർഘകാലം കഴിഞ്ഞതല്ലേ?

രണ്ട് ചിറകുള്ള കൊതുക് ഡിപ്ടെറാ(Diptera-രണ്ട് ചിറകുള്ള പ്രാണി)വർഗത്തിലെ കൂലിസിഡ (Culicidue)കുടുംബത്തിലെ അംഗമാണ്. ഷഡ്പദങ്ങളിൽ നിന്ന് മറ്റ് കൊതുകിനുള്ള അടിസ്ഥാനപരമായ വ്യത്യാസം കൊതുകിന് തലയിൽ നിന്ന് തുമ്പികൈ (Proboscis) പോലെയുള്ള ഒരു അവയവമുണ്ട് എന്നതാണ്. മറ്റു പ്രത്യേകതകൾ അതിന്റെ ചിറകുകളിലെ സിരകളിൽ കാണുന്ന ശൽക്കങ്ങളാണ്(Scales). മറ്റൊന്ന് മറുഭാഗത്തെ ചിറകിന്റെ അരികിനോട് ചേർന്ന് കരയിട്ടത് പോലെ കാണുന്ന ശൽക്കങ്ങളുമാണ്. അതുപോലെ രണ്ടാമത്തേയും നാലാമത്തേയും അഞ്ചാമത്തേയും നീളത്തിലുള്ള സിരകൾ ശാഖകളായി പിരിഞ്ഞിരിക്കുകയും ചെയ്യുന്നു.

രണ്ടു ചിറകുള്ള മറ്റു പ്രാണികളെപ്പോലെ കൊതുക് തന്റെ പ്രത്യുൽപാദനവേളയിൽ ഒരു സമ്പൂർണ കായാന്തരണത്തിന് വിധേയമാവുന്നു. പക്ഷേ, മറ്റു പറക്കുന്ന ചെറു പ്രാണികളിൽ നിന്ന് വിഭിന്നമായി നിരവധി നിർണായകമായ പ്രത്യേകതകൾ കൊതുകുകൾക്കുണ്ട്. മുട്ട വിരിഞ്ഞുണ്ടാകുന്ന ലാർവകൾക്ക് ജന്മം നൽകിയ കൊതുകിന്റെ ഘടനയുമായി യാതൊരു സാമ്യതയുമില്ല. അത് പൂർണമായും വെള്ളത്തിലാണ് ജീവിക്കുന്നതും അവിടെ വെച്ച് തന്നെയാണ് വളരുന്നതും.

അത്ഭുതകരമെന്ന് പറയട്ടെ, കൊതുകിനെ സംബന്ധിച്ച് ഏറ്റവും ആധികാരികമായി പറയാൻ കഴിയുന്ന അനിഷേധ്യരായ വക്താക്കൾക്ക്, ഈ കൊച്ചു ജീവിയുടെ ശരീരാവയവങ്ങളിൽ ഏതെങ്കിലും ഒരു ഭാഗത്തിന്റെ രൂപകൽപനയിലോ നിർമാണത്തിലോ പ്രകൃതി നിർദ്ധാരണം എന്തെങ്കിലും പങ്ക് നിർവഹിച്ചതായുള്ള ചിത്രം സമർപ്പിക്കാനാവുമോ? അവരാകട്ടെ കൊതുകിന്റെ ശരീരഘടനയെക്കുറിച്ചും ലാർവ മുതൽ പക്വമായ കൊതുകുവരെയുള്ള അതിന്റെ എല്ലാ രൂപാന്തര ഘട്ടങ്ങളെക്കുറിച്ചും അഗാധമായ അറിവുള്ളവരുമാണ്.

രക്തക്കുടിയനല്ലാത്ത കൊതുകിനെ രക്തക്കുടിയനായ ഒരു കൊതുകാക്കി രൂപാന്തരപ്പെടുത്താൻ ആകസ്മികത ശ്രമിക്കുകയാണെങ്കിൽ അതിന് ഒരുപാട് ദീർഘമേറിയ ഇടക്കാലഘട്ടം തരണം ചെയ്യേണ്ടതുണ്ട്. രക്തക്കുടിയൻ കൊതുകിന്റെ ശരീരാവയവങ്ങൾ വളരെ സാവകാശത്തിൽ കൊച്ചു കൊച്ചു മുന്നേറ്റങ്ങളിലൂടെ വികസിച്ചു വരേണ്ടതുണ്ട്. അതാകട്ടെ ഓരോ അവയവവുമായി പരിപൂർണ സമഗ്രതയോടെ ഏകോപിച്ചുകൊണ്ട് അത്ഭുതകരമായ അനുപാതത്തിലായിരിക്കുകയും വേണം. ഇത്തരത്തിൽ ഘട്ടം ഘട്ടമായുള്ള വികസനത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഏതൊരാളിലും അത് വിസ്മയമുളവാക്കും. അതായത് കൊതുകിന്റെ പരിപൂർണ വളർച്ചയെത്തിയതും പൂർണമായി സംഘടിക്കപ്പെട്ടതുമായ അന്തിമഘട്ടത്തിലേ ഇത്തരത്തിലുള്ള പുതിയ അവയവങ്ങൾക്ക് പ്രസക്തിയുള്ളൂ. അതിനു മുമ്പേയുള്ള ഘട്ടങ്ങളിൽ കൊതുകിന്റെ ജീവിതത്തിൽ ഇത് യാതൊരു പ്രയോജനവും നൽകുന്നില്ല. ഉദാഹരണത്തിന് രക്തക്കുടിയനല്ലാത്ത സസ്യാഹാരിയായിരുന്ന കൊതുകിന് രക്തം എവിടെയാണ് ഉള്ളതെന്നും അത് ലഭ്യമാകുന്ന സ്ഥലം എവിടെ യാണെന്നും കണ്ടുപിടിക്കേണ്ട ആവശ്യമുണ്ട്. കൊതുകിന്റെ ഈ ചെറിയ ആവശ്യത്തെപ്പറ്റി പഠിക്കുമ്പോൾ ശാസ്ത്രജ്ഞൻമാർക്ക് കൊതുകിന്റെ ഈ ആവശ്യത്തെ ന്യായീകരിക്കുന്ന സങ്കീർണമായ അനുബന്ധ വ്യവസ്ഥിതിയുടെ അസ്തിത്വവും കണ്ടുപിടിക്കേണ്ടതുണ്ട്.

കൊതുകിന് ഉചിതമായ ഇരയെ കണ്ടുപിടിക്കണമെങ്കിൽ ശരീരഘടനാ ശാസ്ത്രപരവും (Anatomical), സംവേദനേന്ദ്രിയപരവും (Sensory) ശരീര ശാസ്ത്രപര (Physiological)വുമായ നിരവധി മാറ്റങ്ങൾ തന്റെ ശരീരത്തിൽ വരുത്തേണ്ടതുണ്ട്. പരിസ്ഥിതിയിൽ നിന്നുമുണ്ടാവുന്ന നിരവധി ബാഹ്യമായ ഉദ്ദീപന വർഷങ്ങളുടെ നടുവിൽ കൊതുക് തനിക്ക് യോജിച്ച പ്രോട്ടീൻ കണ്ടെത്തുന്ന സാധാരണ ജോലിയും നിർവഹിക്കുന്നു. കൊതുക് ആർജിച്ചെടുത്ത ഈ വിദ്യയെ സംബന്ധിച്ച് ശാസ്ത്രജ്ഞൻമാർ പറയുന്നു.

> ......ദൃഷ്ടിയിൽപെടുന്ന അടയാളങ്ങൾ, താപം മുതലായവയോടുള്ള പ്രതികരണങ്ങളും കൂടാതെ കാർബൺ ഡൈഓക്സൈഡ്, ലാക്റ്റിക് ആസിഡ്, ബാഷ്പീകൃതമാവുന്ന കൊഴുപ്പിന്റെ അമ്ലങ്ങൾ മുതലായവയെല്ലാം രക്തമുള്ള ജീവികളുടെ പ്രത്യേകതകളാണ്. (ഇതൊക്കെയാണ് കൊതുകിനെ തന്റെ ഇരയിലേക്ക് നയിക്കുന്ന ഉദ്ദീപനങ്ങൾ)

കൊതുക് അഭിമുഖീകരിക്കുന്ന മറ്റൊരു ബുദ്ധിമുട്ട് രാസവ

അത്യന്തം സങ്കീർണമായ സഹജ സ്വഭാവങ്ങൾ പരിഗണിക്കുമ്പോൾ കൊതുകിന്റെ രക്തപാന സ്വഭാവം ആകസ്മികമായി രൂപം കൊണ്ടതാണെന്ന് കരുതുവാനുള്ള സാധ്യത വളരെ വിദൂരമാണ്.

രക്തം കുടിക്കുന്ന കൊതുകിന് അതിന്റെ ശരീരാവയവ വ്യവസ്ഥിതിയിൽ രക്തം കണ്ടെത്താനുള്ള ചില ക്രമീകരണങ്ങൾ മാത്രം ഉണ്ടായാൽ പോര. അതിന് ചർമം കുത്തി തുളച്ച് കയറാനുള്ള അവയവവും രക്തം എവിടെയാണുള്ളതെന്ന് നിർണയിക്കാനുള്ള അവയവവും രക്തം സൂക്ഷിച്ചു വെക്കാൻ ഒരു സഞ്ചിയും ആവശ്യമാണ്. ചെടികൾക്ക് അതിന്റെ തേൻ സൂക്ഷിക്കുന്ന സംഭരണിയിൽ നിന്ന് വിഭിന്നമായി കൊതുകിന്റെ ഈ രക്തസഞ്ചി അതിന്റെ പോഷണത്തിനുള്ള മുഖ്യ സ്ഥാനമാണ്. രക്തം കുടിക്കുന്ന കൊതുകുകൾക്ക് പോലും ചില പ്രത്യേക സമയങ്ങളിൽ മാത്രമേ രക്തം ആവശ്യമായി വരികയുള്ളൂ.(ചിത്രം കാണുക)

നേരത്തെ പറഞ്ഞത് പോലെ കൊതുകിന്റെ പരിണാമ ചരിത്രത്തെപറ്റി ശാസ്ത്ര സാഹിത്യങ്ങൾ പൊതുവെ നിശബ്ദത പാലിക്കുകയാണ്. ശാസ്ത്രജ്ഞൻമാർ പലവിധത്തിലുള്ള ഷഡ്പദങ്ങളുടേയും ഉത്ഭവത്തെപ്പറ്റി പരാമർശിക്കുന്ന സന്ദർഭത്തിൽ ഒരു വസ്തുത ചൂണ്ടിക്കാട്ടുന്നു.

> .........ചില അറിയപ്പെടുന്ന ജീവി വർഗങ്ങൾ ഉന്നതമായ രീതിയിൽ രൂപം കൊണ്ടതാണ്. പരാദങ്ങളായ കുലീസിഡെ (കൊതുക് വർഗം) പോലുള്ളവ. ഇവയുടെ പരിണാമത്തിന്റെ ഉറവിടം അവ്യക്തമാണ്.

ഈ അവ്യക്തതയുടെ കാരണമായി അവർ പറയുന്നത് അപര്യാപ്തമായ ഫോസിൽ രേഖകളാണെന്നാണ്. പക്ഷേ അതൊരു നീതികരിക്കത്തക്ക സംഗതിയല്ല.

ചില ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായപ്രകാരം പക്ഷികൾ സസ്തനികൾ, ദിനോസർ എന്നിവർക്കിടയിൽ മാതാപിതാക്കൻമാർ അവരുടെ കുഞ്ഞുങ്ങളെ പരിചരിക്കാനാരംഭിച്ചു. പിന്നീട് അവക്ക് കൊതുകുകളുമായുണ്ടായ ചങ്ങാത്തം കൊതുകിന് സുരക്ഷിതവും നിർഭയവുമായ വാസസ്ഥാനം സമ്മാനിക്കുകയുണ്ടായി. അതായത് കൊതുകിന് പക്ഷിക്കുഞ്ഞുങ്ങളുടെ കൂടിന്നരികെ താമസിക്കുക എന്നത് ഒരു നേട്ടമായി എന്നർഥം. അപ്രകാരം തന്നെ ഘോരവനങ്ങളിൽ ദിനോസറുകൾ അവരുടെ കുഞ്ഞുങ്ങളെ വളർത്തുന്ന മടകൾക്കടുത്തുള്ള കൊതുകുകളുടെ വാസസങ്കേതവും അവക്ക് രക്തം കുടിക്കാനുള്ള അവസരം നൽകി. അങ്ങനെ കൊതുക് രക്തപാനത്തിന് ആഗ്രഹിച്ചപ്പോൾ അത് യാതൊരു തടസ്സവും കൂടാതെ ലഭ്യമായി. തീർച്ചയായും വളരെ വിസ്മയകരമായ ഒരു കണ്ടുപിടിത്തമാണ് ശാസ്ത്രജ്ഞൻമാർ മുന്നോട്ടു വെച്ചത്. ഇങ്ങനെയാണ് പെൺ കൊതുകുകളിൽ രക്തം കുടിക്കാനുള്ള തുമ്പിക്കൈ രൂപപ്പെട്ടതെന്നാണ് അവരുടെ നിഗമനം. എങ്കിൽ അത് അത്ഭുതകരമായ ഒരു കണ്ടുപിടിത്തം തന്നെ. പെൺ കൊതുകുകൾ തങ്ങൾക്ക് വളരെ എളുപ്പമായി ലഭിക്കുന്ന ഇരകൾക്ക് നേരെ തിരിയുന്നതിന് മുമ്പേതന്നെ രക്തം കുടിക്കുന്ന യന്ത്രങ്ങളായി തീർന്നിട്ടുണ്ടെങ്കിൽ മാത്രമേ ശാസ്ത്രജ്ഞൻമാരുടെ ഈ നിർദ്ദേശം ഗൗരവമായി എടുക്കേണ്ടതുള്ളൂ. അല്ലാത്തപക്ഷം ഈ സംഭവങ്ങളുടെ സംയോജനം ചോര കുടിക്കുന്ന പെൺ കൊതുകുകളുടെ പരിണാമത്തിന് കാരണമായ യാതൊരു ശാസ്ത്രീയരീതിയും പാലിക്കുന്നില്ല. അതായത് ഒരു മനുഷ്യ ഇരയുടെ മേൽ കൊതുക് 5 സെക്കന്റിനകം വന്നു നിൽക്കുകയും പറന്നകലുകയും ചെയ്യും (ചിത്രം കാണുക) എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരു ഇരയെ കണ്ടെത്താൻ കൊതുക് ഉപയോഗിക്കുന്ന സ്തുക്കളുടെ ഗന്ധം വായു പ്രവാഹം മുഖേന അന്തരീക്ഷത്തിൽ പരക്കുന്നു എന്നതാണ്. അതുകൊണ്ട് തന്റെ ഇരയിലേക്ക് ഒരു പരോക്ഷ വഴി കൊതുക് കണ്ടെത്തേണ്ടി വരുന്നു. ഇരയെ തേടുന്ന കൊതുക് താപം ഉപയോഗിച്ചാണ് ഇരയുടെ അടുത്തേക്ക് വരുന്നത്. കൊതുകിന്റെ സ്വഭാവത്തിലെ ഈ സംഭവ പരമ്പരകളോടനുബന്ധിച്ച് കൊതുകിൽ വളരെ പൂർണമായ ഒരു ഉദ്ദീപന പ്രതികരണ സംവിധാനം രൂപം കൊള്ളുകയുണ്ടായി. കൊതുക് ബോധപൂർവം ഇരയെ തേടിപോവുന്നില്ല. പുറമെ നിന്നുണ്ടാകുന്ന ഉദ്ദീപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനേക്കാൾ കൊതുകിന്റെ സ്വഭാവങ്ങൾ മുൻകൂട്ടി പ്രോഗ്രാം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് പറയുന്നതാണ് ശരി. മറ്റൊരു സങ്കീർണമായ പ്രശ്നം ഓരോ തരത്തിൽപ്പെട്ട കൊതുകുകളും പ്രത്യേക വർഗത്തിൽപ്പെട്ട ഇരയെ തേടിപോവുന്ന സ്വഭാവമുള്ളവയാണ്. ഉദാഹരണത്തിന് ചില വർഗത്തിൽപ്പെട്ട കൊതുക് പശുവിൽ നിന്നു വമിക്കുന്ന വാസനകൾക്കനുസരിച്ചുള്ള ഉദ്ദീപനങ്ങളോട് മാത്രമേ പ്രതികരിക്കൂ. അതാകട്ടെ മനുഷ്യനിൽ നിന്നുള്ള ഉദ്ദീപനങ്ങളോട് പ്രതികരിക്കില്ല.

കൊതുകിന്റെ ഈ സ്വഭാവം മെസോസോയിക് (Mesozoic era)കാലഘട്ടത്തിൽ(65 ദശലക്ഷം വർഷങ്ങൾക്ക് മുമ്പേ) രൂപം കൊണ്ടതാണെന്ന് ശാസ്ത്രജ്ഞൻമാർ ഊഹിക്കുന്നു.

> ......ഉരഗങ്ങൾ, പക്ഷികൾ, സസ്തനികൾ എന്നിവയുടെ ഭൂപ്രദേശങ്ങളിലെ സ്ഥിരമായ താമസ സ്ഥലങ്ങളു(കൂടുകൾ)ടെ സ്ഥാപനം...... (ഈ കാലഘട്ടത്തിലാണ് കൊതുകിന്റെ പ്രസ്തുത സ്വഭാവം രൂപം കൊണ്ടതെന്ന് ശാസ്ത്രജ്ഞൻമാർ കരുതുന്നു.)

അവർ ഡാർവിന്റെ സിദ്ധാന്തങ്ങളാണല്ലോ പിന്തുടരുന്നത്. അതങ്ങനെ തന്നെയായിരിക്കുകയും വേണം. ഡാർവിൻ, ഗാലപ്പോസ് ദ്വീപിലെ ഫിൻച് പക്ഷി (Finch Bird) യുടെ പരിണാമ ചരിത്രം പഠിക്കുകയുണ്ടായി. പക്ഷേ, ഈ പക്ഷിയുടെ ഫോസിൽ റിക്കാർഡുകളില്ലാതെയായിരുന്നു പഠനം. അപ്രകാരം കൊതുകിന്റെ വിശദവും പൂർണവുമായ ഫോസിൽ രേഖകളില്ലാതെ തന്നെ അതിന്റെ പരിണാമ പ്രക്രിയയെപ്പറ്റി ശാസ്ത്രജ്ഞൻമാർക്ക് വിശകലനം ചെയ്യാമായിരുന്നു. മറ്റു ഷഡ്പദങ്ങളുമായി താരതമ്യം ചെയ്ത് കൊണ്ട് ആധുനിക കൊതുകുകളെക്കുറിച്ചും, മറ്റു പെൺകൊതുകുകളെ അതേ വർഗത്തിലുള്ള കൊതുകുകളുമായി താരതമ്യം ചെയ്തു കൊണ്ടും പരിണാമ ചരിത്രത്തിൽ ഏതെല്ലാം പടവുകൾ കടന്നാണ് കൊതുക് ഇപ്പോഴത്തെ രൂപം പ്രാപിച്ചതെന്നും പഠിക്കാൻ സാധിക്കുന്നതാണ്.

കൊതുകിന്റെ അന്യാദൃശമായ സ്വഭാവ ഗുണങ്ങളെപ്പറ്റി വിശകലനം ചെയ്യുന്നതിനു മുമ്പേ കൊതുകിന്റെ പരിണാമത്തെ സംബന്ധിച്ചുള്ള സാധ്യതകളെപ്പറ്റി ശാസ്ത്രജ്ഞൻമാർ മുന്നോട്ടു വെക്കുന്ന ചിത്രം നമുക്കൊന്ന് പരിശോധിച്ചു നോക്കാം. നട്ടെല്ലുള്ള കശേരുകികളായ ജീവികളുടെ രക്തം കുടിക്കുന്നതിന് മുമ്പേയുള്ള കൊതുകിന്റെ പൂർവഗാമികൾ മൃദുലമായ ശരീരമുള്ള പ്രാണികളുടെ രക്തം കുടിച്ചിരുന്നിരിക്കണം. പിന്നീട് അവയുടെ പരിണാമ ചരിത്രത്തിലൊരു ഘട്ടത്തിൽ പ്രായപൂർത്തിയായ കൊതുകുകൾ തങ്ങളുടെ ശീലം നട്ടെല്ലുള്ള ജീവികളുടെ രക്തപാനമാക്കി മാറ്റുകയാണുണ്ടായത്. ഈ വീക്ഷണമനുസരിച്ച് കൊതുകിന്റെ പൂർവഗാമികളായവരുടെ വക്ത്ര ഭാഗങ്ങൾ (Mouth Part) പിന്നീട് പൂർണനിലയിൽ രൂപാന്തരം പ്രാപിച്ച കൊതുകകളുടേതിന് സമാനമായ രീതിയിലുള്ളവയായിരിക്കണം. ലാർവ ഘട്ടത്തിൽ (ഉദാഹരണത്തിന് ഒരു ഷഡ്പദമായ ചിത്രശലഭത്തിന്റെ ശലഭപ്പുഴു ഘട്ടം മുതൽ ശലഭമായി രൂപാന്തരപ്പെടുന്ന ഘട്ടം വരെയുള്ള സാദൃശ്യം) ഈ കൊതുകുകളൊന്നും തന്നെ നട്ടെല്ലുള്ള ജീവികളെ ആശ്രയിക്കുകയോ അവരുമായി സഹജീവിതം നയിക്കുകയോ ചെയ്യുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ അതിന് രക്തത്തിന്റെ ആവശ്യത്തിനായുള്ള ഒരു പരിണാമാർജിതഗുണം ഉണ്ടാകുമായിരുന്നു. അത് മാത്രമല്ല ദിനോസറുകൾ തീർച്ചയായും കൊതുകിന്റെ ഏറ്റവും ആദ്യത്തെ ഇരയായിരുന്നുവെങ്കിൽ മൃദുല മേനിയുള്ള ഷഡ്പദങ്ങളുടെ രക്തം കുടിച്ചു ജീവിച്ച ശീലത്തിൽ നിന്ന് ദിനോസറുകളുടെ കട്ടികൂടിയ തൊലിയിലേക്ക് കൂടുതൽ അസാധ്യമാണ്. ഈ പരിണാമ പ്രക്രിയക്ക് സമൂലമായ മാറ്റത്തിലേക്ക് നയിക്കുന്ന അനുകൂലനങ്ങൾ (Adaptation leading to Radical switch) ആവശ്യമാണെന്ന് ശാസ്ത്രജ്ഞൻമാർ സ്വയം സമ്മതിക്കുന്നു. അതായത് ഷഡ്പദങ്ങളുടെ രക്തം കുടിക്കുന്നതിൽ നിന്ന് ദിനോസറുകളുടെ രക്തം കുടിക്കുന്നതിലേക്കുള്ള മാറ്റത്തിന് വേണ്ട അനുകൂലനങ്ങൾ. ഈ മാറ്റമുണ്ടായതിന് കാരണമായി ശാസ്ത്രജ്ഞൻമാർ പറയുന്നത് വെറും അവരുടെ ഊഹം മാത്രമാണ്. അതായത് കൊതുകിന്റെ പൂർവഗാമികൾ യാദൃച്ഛികമായി തങ്ങളുടെ ഇരകളുടെ രക്തപാനം ആരംഭിക്കുകയും അത് അനവരതം തുടരുകയും ചെയ്തു എന്നാണ് അവരുടെ നിഗമനം. താഴെ ചിത്രീകരിച്ച പ്രകാരം രക്തം വലിച്ചെടുത്ത് കുടിക്കുന്നതിന് വിവിധ തരത്തിലുള്ള വിശേഷവത്കൃത സംവിധാനങ്ങൾ കൊതുകിനകത്ത് തന്നെ രൂപം കൊള്ളേണ്ടതുണ്ട്. പരസ്പരം ആശ്രയിച്ചു കഴിയുന്ന അനുകൂലന വ്യവസ്ഥിതിയോടു കൂടിയ കൊതുകിന്റെ ഈ രക്തപാന സ്വഭാവം ആകസ്മികമായി മാറിയതാണെന്ന് കരുതുവാൻ പ്രയാസമുണ്ട്.

കശേരുകികളുടെ രക്തം വലിച്ചു കുടിക്കാൻ പെൺ കൊതുകിന് മൂന്നു വിധത്തിലുള്ള ഉപാധികൾ ആർജിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ രക്തപാനം എന്ന വിശേഷവത്കൃതമായ ഈ പ്രവർത്തനം നടത്തുവാൻ സാധ്യമാവൂ. രക്തം വലിച്ചു കുടിക്കണമെങ്കിൽ ശരീരഘടനയുടേയും രൂപത്തിന്റേയും പുതിയ അനുകൂലനങ്ങൾ ആവശ്യമാണ്.

......തൊലി തുളച്ചു കയറുന്നതിനുള്ള വക്ത്ര ഭാഗങ്ങളുടെ വികസനം, രക്തത്തിന്റെ ദഹനത്തിനായുള്ള പ്രോട്ടിയോലൈറ്റിക് എൻസൈമിന്റെ സാന്നിധ്യം പോലെയുള്ള ശരീരഘടനാപരമായ രൂപ പരിണാമങ്ങൾ, സ്വഭാവപരമായ ആർജിത പരിവർത്തനങ്ങൾ, അതായത് രക്തമുള്ള വസ്തുക്കളുടെ കണ്ടെത്തൽ, രക്തമില്ലാത്തവയിൽ നിന്ന് അതിനെ വേർതിരിച്ചു കാണൽ എന്നിവ.

ഇതിനെല്ലാറ്റിനും അഗാധമായ ശാസ്ത്രീയ ജ്ഞാനവും സാങ്കേതിക ജ്ഞാനവും ആവശ്യമാണ്.

പെൺകൊതുകിന് തന്റെ ഇരയെ തിരിച്ചറിയാനും രക്തം സ്വീകരിക്കാനുമുള്ള കഴിവ് മാത്രമല്ല, രക്തം ഊറ്റിക്കുടിക്കാനുള്ള കഴിവുമുണ്ടായിരിക്കണം . ഇതിന് പ്രോബോസിസ് (രക്തം കുടിക്കാനുപയോഗിക്കുന്ന കൊതുകിന്റെ തുമ്പികൈ പോലെയുള്ള അവയവം) പോലെയുള്ള ഉന്നതക്കിടയിലുള്ള സൂക്ഷ്മമായ വിശേഷവത്കൃത അവയവങ്ങൾ ആവശ്യമാണ്. പെൺ കൊതുകിന്റെ പ്രോബോസിസ് ലോകത്തിലെ ഏഴ്

അത്ഭുതങ്ങളെക്കാൾ വലിയ അത്ഭുതമാണ്. അത് കലാവൈഭവത്തിന്റെ മഹിഷ്ഠം മാതൃകയാണ്. ജീവ പരിണാമത്തെ രൂപപ്പെടുത്തിയെടുത്തതും അങ്ങനെ ഒരു മാതൃകയാക്കിയതും അന്ധമായ പ്രകൃതി ശക്തികളുടെ പ്രവർത്തന ഫലമല്ല എന്ന് ബോധ്യമാവണമെങ്കിൽ വാസ്തവത്തിൽ കൊതുകിന്റെ മുഴുവൻ ദഹന വ്യവസ്ഥിതിയെ സംബന്ധിച്ചും സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്. നമുക്ക് പെൺ കൊതുകിന്റെ പ്രൊബോസിസിലേക്ക് തന്നെ തിരിയാം. അതിന്റെ സൃഷ്ടിപ്പിലെ ബാഹ്യമാത്രമായ ഒരു പരിശോധന മതി, ദശലക്ഷക്കണക്കിന് വർഷം കൊണ്ട് പ്രകൃതിനിർദ്ധാരണം ക്ഷമാപൂർവം നിർമിച്ചതാണ് അതെന്നുള്ള സങ്കൽപം തൂത്തെറിയാൻ അത് തന്നെ ധാരാളമാണ്. ചർമം തുളക്കാനും രക്തമൂറ്റിക്കുടിക്കാനും പൂർണ വളർച്ചയെത്തിയ പെൺ കൊതുക് ഉപയോഗിക്കുന്ന അവയവമാണ് പ്രോബോസിസ്. നീളമുള്ള ആറ് ഭാഗങ്ങളുൾപ്പെട്ട അവയവമുള്ള അവ ഒരു ഉറയിൽ സൂക്ഷിക്കപ്പെട്ട ഉപകരണമാണ്.ഇരയുടെ തൊലി തുളക്കാനുള്ള വേധക ഉപകരണങ്ങളടങ്ങിയതാണ് ഈ ആറ് ഭാഗങ്ങൾ. അത് ബ്ലൈഡ് പോലെ മൂർച്ചയേറിയ മുനയുള്ള ഒരു ഉപകരണമാണ്. പ്രോബോസിസിന് അകത്ത് തന്നെ സൂക്ഷിക്കപ്പെടുന്ന ഈ അവയവം, രക്തഭക്ഷണം ആവശ്യമായി വരുന്ന സന്ദർഭത്തിൽ മാത്രമേ പുറത്തെടുക്കാറുള്ളൂ. ശസ്ത്രക്രിയക്കുപയോഗിക്കുന്ന കത്തി പോലെയുള്ള മൂർച്ചയുള്ള ആ ഉപകരണം ആവശ്യത്തിന് മാത്രമേ ഉറയിൽ നിന്ന് ഊരുകയുള്ളൂ.

### പെൺകൊതുകിന്റെ വക്ത്ര ഭാഗങ്ങൾ
### Mouth Parts

കൊതുക് കടിക്കുന്ന അവസരത്തിൽ ലാബ്റം എപിപാരിങ്ങ്സ് ഒരു ഭക്ഷണ കുഴൽ പോല പ്രവർത്തിക്കുന്നു. അതിലൂടെയാണ് രക്തം വലിച്ചെടുക്കുന്നത്. കൊതുക് കടിക്കുമ്പോൾ ഉമിനീർ ആ മുറിവിലേക്ക് ഹൈപ്പോ പാരിങ്ങ്സിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു.

അതിൽ രക്തം വലിച്ചൂറ്റി കുടിക്കാൻ പറ്റിയ ഒരു പമ്പും ചെടിയിൽ നിന്നുള്ള രസദ്രാവകം പ്രത്യേകമായി അന്നപഥത്തിലേക്ക് കൊണ്ടു പോകാനുള്ള വയറ് പോലെയുള്ള ഒരു കുഴലുമുണ്ട്.

വിദഗ്ധരായ പ്രകൃതിശാസ്ത്രജ്ഞരുടെ അഭിപ്രായ പ്രകാരം മിഡ്ഗട്ട്(Midgut) എന്ന അവയവത്തിന് മുന്നിലെ കട്ടികൂടിയ ഭാഗമായ കാർഡിയ(Cardia) യുടെ സൂക്ഷ്മമായ പ്രവർത്തനം മൂലം മദ്ധ്യഅന്നപഥത്തിലെ മിഡ്ഗട്ടിൽ രക്തം നേരിട്ട് ശേഖരിക്കപ്പെടുന്നു. ബാക്കി വരുന്ന സസ്യനീരു പോലെയുള്ള ഭക്ഷണം ഡൈവർട്ടിക്കുല (Diverticula) എന്ന അവയവത്തിൽ കുറച്ച് നേരത്തേക്ക് സൂക്ഷിക്കുകയും ചെയ്യുന്നു.

കൊതുകിന്റെ പ്രോബോസിസിലെ അതുല്യമായ ഉമിനീർ ഗ്രന്ഥി ജന്തുലോകത്തൊരിടത്തും കാണാത്ത ഒരത്ഭുതമാണ്. ഈ ഗ്രന്ഥികൾക്ക് മുമ്പിൽ കൊതുകിന്റെ മുഴുവൻ രക്തപാന വ്യവസ്ഥയും ഒന്നുമല്ല. ഇവ ഉൽപ്പാദിപ്പിക്കുന്ന ഉമിനീരിൽ രക്തം കട്ടപിടിക്കാതിരിക്കാൻ ആവശ്യമായ ഗുണവിശേഷങ്ങളുള്ള പ്രത്യേക തരം രാസപദാർഥങ്ങൾ അടങ്ങിയിരിക്കുന്നു. സാധാരണഗതിയിൽ ശരീരത്തിലെ രക്തധമനി പൊട്ടിയാൽ രക്തത്തിലെ പ്ലെയിറ്റ്ലൈറ്റുകൾ സെക്കന്റുകൾക്കകം ആ മുറിവ് അടക്കാൻ രക്തം കട്ടകെട്ടുന്ന പ്രക്രിയ ആരംഭിക്കും. എന്നാൽ, ചോരയൂറ്റൽ സാധ്യമാക്കിത്തീർക്കാൻ പെൺ കൊതുകുകളുടെ ഉമിനീരിൽ ആപിറേയ്സ് (Apyrase) എന്ന ഒരു എൻസൈം അടങ്ങിയിരിക്കുന്നു. ആപിറേയ്സ് മൃഗങ്ങളുടെ കോശ കലകളിൽ വളരെ അപൂർവമായേ കാണുന്നുള്ളൂ. എന്നാൽ കൊതുകിന്റെ ഉമിനീർഗ്രന്ഥിയിൽ ഈ എൻസൈം ധാരാളമുണ്ട്. ആപിറേയ്സ് എന്ന ഈ അമ്ലം പ്ലെയിറ്റ്ലൈറ്റുകളുടെ അതിവേഗത്തിൽ രക്തം കട്ടയാക്കുന്ന പ്രവണതക്കെതിരെ പ്രവർത്തിക്കുന്നു.

എന്നാൽ, അതിനേക്കാൾ അത്ഭുതകരമായിട്ടുള്ളത് കൊതുകിന്റെ ദഹന വ്യവസ്ഥിതിയും രക്ത പ്രവാഹങ്ങളുമെല്ലാം അപകടകാരിയായ ഈ എൻസൈമിൽ (ആപിറേയ്സ്) നിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഈ എൻസൈം എപ്പോഴാണോ ആവശ്യമുള്ളത് അപ്പോൾ മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. അതും കൊതുകിന്റെ പ്രോബോസിസിലെ കുത്താനുപയോഗിക്കുന്ന അവയവത്തിന്റെ അറ്റത്താണ് നിലകൊള്ളുന്നത്.

ഉണങ്ങിയ സസ്യദ്രാവകവും സസ്യങ്ങളിലെ മധുരക്കുഴമ്പും ദ്രവരൂപത്തിൽ വലിച്ചെടുക്കുന്നത് എളുപ്പമാക്കാൻ കൊതുക് വ്യാപകമായി ഉമിനീർ ഉപയോഗിക്കുന്നു. അപ്പോഴും ആപിറേയ്സിന്റെ സാന്നിധ്യം ഉമിനീരിലുണ്ട്. എങ്കിലും കൊതുകിന്റെ ഉമിനീരിലുള്ള ആപിറേയ്സ് അപ്പോൾ പ്രവർത്തനക്ഷമമാകുന്നില്ല. കാരണം സസ്യദ്രാവകത്തിൽ രക്തത്തിന്റെ അംശമില്ലല്ലോ. ഉപയോഗിക്കപ്പെടാത്ത എല്ലാ ആപിറേയ്സ് എൻസൈമുകളും കൊതുകിന്റെ ആന്തരാവയവത്തിൽ വെച്ചു ദഹിച്ചു പോകുന്നു. അതാകട്ടെ അതിന്റെ രക്ത ചംക്രമണ വ്യവസ്ഥിതിയിൽ യാതൊരു വിധ പ്രയാസങ്ങളും സൃഷ്ടിക്കുന്നില്ല. ഇതിൽ നിന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്ന ഒരു കാര്യം ഇത് പ്രകൃതിയുടെ തെരഞ്ഞെടുപ്പിനെ മാത്രം ആശ്രയിച്ചു കൊണ്ടുള്ള ഒരു ആകസ്മികതയുടെ കളിയല്ല. ഇത് വളരെ ബോധപൂർവം നിർവഹിക്കപ്പെടുന്ന ഒരു ആസൂത്രിത പദ്ധതിയാണ് എന്നാണ്. ജീവി ലോകത്ത് കൊതുക്

നിർവഹിക്കുന്ന പ്രതിലോമകരമായ പ്രവർത്തനങ്ങൾ ഈയൊരു ഘടകത്തെ ആശ്രയിച്ചു കൊണ്ടുള്ളതാണ്. ഇരയുടെ രക്തപ്രവാഹത്തിലേക്ക് ആപിറേയ്സ് കലർന്ന ഉമിനീർ സ്രവിപ്പിക്കുന്നത് പെൺ കൊതുകിന് സഹജമായി സാദ്ധ്യമല്ലായിരുന്നുവെങ്കിൽ ലോകവ്യാപകമായി വിവിധതരം ജീവികളിൽ രോഗം പരത്തുക എന്ന പ്രതിലോമ പ്രവൃത്തി കൊതുകിന് നടത്താൻ സാധ്യമല്ലായിരുന്നു. കൊതുകിന്റെ മുഴുവൻ ശരീരഘടനയും പരിശോധിച്ചാൽ ഈയൊരു ലക്ഷ്യത്തിനു വേണ്ടി ബോധപൂർവം സൃഷ്ടിക്കപ്പെട്ടതായിട്ടാണ് കാണുന്നത്.

ശാസ്ത്ര ലോകം 500 ഓളം വൈറസുകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ ഏറെക്കുറെ പകുതിയും കൊതുകുകളിൽ കാണപ്പെടുന്നു. അതിൽ നൂറോളം വൈറസുകൾ മനുഷ്യനിൽ മാത്രം രോഗം പരത്തുന്നവയാണ്. ചില കൊതുകുകൾ ചില പ്രത്യേക തരം ജീവികളെ മാത്രമേ ആക്രമിക്കുകയുള്ളൂ. എങ്കിലും അവയും മനുഷ്യനിലേക്ക് പകരാൻ കഴിയുന്ന വൈറസുകൾ വഹിക്കുന്നവയാണ്. ഉദാഹരണത്തിന് ചില വൈറസുകൾ കുരങ്ങിൽ നിന്ന് മനുഷ്യനിലേക്കും, മനുഷ്യനിൽ നിന്ന് കുരങ്ങിലേക്കും കൊതുക് മുഖേന പകരുന്നതാണ്. അതായത് ഇത്തരം കൊതുകുകൾ ഈ രണ്ട് ജീവികളെയും കുത്താറുണ്ട്. കൊതുകുകൾ ഏതെങ്കിലും ഒരു വൈറസിന്റെ വാഹകർ മാത്രമായിരിക്കില്ല. അവ ഒരേ സമയം പല വിധത്തിലുള്ള വൈറസുകളും വഹിക്കുന്നു. മാത്രമല്ല ഒരു മേഖലയിൽ ശക്തരായ വാഹകരായി വർത്തിക്കുന്ന കൊതുകുകൾ മറ്റൊരു മേഖലയിൽ ഉദാസീനരായും കാണപ്പെടുന്നു.

കൊതുക് പരത്തുന്ന പകർച്ച വ്യാധികളിൽ ലോകവ്യാപകമായി ഏറ്റവും മുന്നിൽ നിൽക്കുന്നത് മലേറിയ അഥവാ മലമ്പനിയാണ്. അതുപോലെ തന്നെ മന്ത്, മഞ്ഞപ്പനി, ഡെങ്കിപ്പനി, മസ്തിഷ്ക്ക വീക്കം മുതലായ അറിയപ്പെടുന്ന രോഗങ്ങൾക്ക് കാരണം കൊതുകുകളാണ്. മനുഷ്യന് പുറമെ മൃഗങ്ങൾക്ക് വരുത്തിവെക്കുന്ന നാശനഷ്ടങ്ങൾ അതിനേക്കാൾ ഭയാനകമാണ്. മലേറിയ എപ്പോഴും രോഗിയെ നേരിട്ട് കൊല്ലുന്നില്ല. പക്ഷേ മലേറിയ ബാധിച്ച രോഗിയുടെ ശരീരത്തെ മാരകമായ നിരവധി രോഗങ്ങൾക്ക് ആക്രമിക്കാൻ പാകത്തിൽ ആക്കിത്തീർക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ കൊലയാളിയായ മലേറിയ രോഗം മരണകാരണമാണെന്ന് പലപ്പോഴും തിരിച്ചറിയപ്പെടുന്നില്ല. മൂന്നാം ലോക രാജ്യങ്ങളിൽ സംഭവിക്കുന്ന പല മലേറിയ മരണങ്ങളും രജിസ്റ്റർ ചെയ്യപ്പെടുകയോ അത് മലേറിയ രോഗം കൊണ്ടാണെന്ന് തിരിച്ചറിയപ്പെടുകയോ ചെയ്യുന്നില്ല. മലേറിയ ബാധിത മേഖലയിൽ സാധാരണയായി മലേറിയ രോഗികൾക്കുണ്ടാകുന്ന ക്ഷയം, ന്യൂമോണിയ മുതലായ രോഗങ്ങളുടെ കാരണം കൊണ്ടാണ് പല മലേറിയാ രോഗികളും മരിക്കുന്നത്. അതുപോലെ മലേറിയുമായി ബന്ധപ്പെടുന്ന മറ്റു പല രോഗങ്ങളും രോഗബാധയേൽക്കുന്നയാളിലുണ്ടാവുന്നു. ഇത് പ്രധാനപ്പെട്ട അവയവങ്ങൾ തകരാറിലാക്കുന്നത് കൊണ്ടും രോഗി മരിക്കുന്നു.

രണ്ട് തരത്തിൽപ്പെട്ട ഫൈലേറിയാ വിരകൾ ഉണ്ടാക്കുന്ന മന്ത്രോഗം വ്യാപകമായി പരത്തുന്നത് കൊതുകുകളാണ്. രോഗാണുക്കളുടെ ദീർഘനാളത്തെ അതിന്റെ പ്രവർത്തനം മൂലം മനുഷ്യർക്കും അതുപോലെ വളർത്തു മൃഗങ്ങൾക്കും മന്ത്രോഗമുണ്ടാകുന്നു.

കൊതുക് പരത്തുന്ന മറ്റൊരു രോഗമാണ് മഞ്ഞപ്പനി (Yellow Fever). ഇത് നാട്ടുമഞ്ഞപ്പനി, കാട്ടുമഞ്ഞപ്പനി എന്നീ രണ്ട് രൂപങ്ങളും ഉൾപ്പെടുന്നതാണ്. ഇതിൽ കാട്ടുമഞ്ഞപ്പനി മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും തിരിച്ച് മനുഷ്യരിൽ നിന്ന് മൃഗങ്ങളിലേക്കും കൊതുക് മുഖേന പകരുന്നതാണ്. മനുഷ്യ ചരിത്രത്തിൽ മഞ്ഞപ്പനി നടത്തിയ സംഹാരം ഒരു പൊതുവിജ്ഞാനമാണ്. പടിഞ്ഞാറൻ ആഫ്രിക്ക വെള്ളക്കാരന്റെ ശ്മശാനം എന്നറിയപ്പെട്ടത്, ഈ മഞ്ഞപ്പനി കൊണ്ടൊന്നു മാത്രമാണ്.

മനുഷ്യന്റേയും മൃഗങ്ങളുടേയും ജീവന് മാത്രമല്ല കൊതുകുകൾ വമ്പിച്ച തോതിൽ നഷ്ടം വരുത്തിവെക്കുന്നത്, മനുഷ്യന്റെ സാമ്പത്തിക രംഗത്തും കൊതുകുകൾ വലിയ തോതിൽ വിപരീത ഫലങ്ങളുണ്ടാക്കുന്നു. ഓഫീസുകളിലേയും ഫാക്ടറികളിലേയും, വയലുകളിലേയും പ്രവൃത്തി സമയങ്ങൾ അത് കവർന്നെടുക്കുന്നു. കൊതുകുകളുടെ ആവാസ മേഖലക്കടുത്തുള്ള ഭൂമിയുടെ വില ഗണ്യമായി കുറയുന്നു. ആ മേഖലയിലെ മനുഷ്യാധിവാസവും കുറയാൻ കാരണമാകുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ പല പ്രമുഖ യുദ്ധങ്ങളും ജയിക്കുകയോ തോൽക്കുകയോ ചെയ്തതും യുദ്ധപുരോഗതി നിയന്ത്രിച്ചതും നിസ്സാരവും പ്രസ്താവയോഗ്യമല്ലാത്തതുമായ ഈ കൊച്ചു പ്രാണിയാണെന്ന് കാണാൻ കഴിയും.

നമുക്ക് പ്രകൃതി നിർദ്ധാരണം എന്ന വിഷയത്തിലേക്ക് തന്നെ തിരിച്ചു വരാം. പ്രകൃതിയുടെ ഈ ബൃഹത്തും മഹത്തും വിഭ്രമകരവുമായ പ്രവർത്തന പദ്ധതിയിൽ ആകസ്മികമായ പ്രകൃതിയുടെ തിരഞ്ഞെടുപ്പ് എന്ന പ്രതിഭാസത്തിന് വല്ല പങ്കുമുണ്ടോ? ജീവികളെ രൂപപ്പെടുത്തിയ പല ഘടകങ്ങളുടേയും അടിസ്ഥാനത്തിൽ പ്രകൃതി ശാസ്ത്രജ്ഞൻമാർ അവരുടെ നിലപാടുകൾ പുനഃപരിശോധിക്കണമെന്നാണ് നമുക്ക് അഭ്യർഥിക്കാനുള്ളത്. ആപിറേയ്സ് എന്ന ഈ ഒരൊറ്റ എൻസൈമിന്റെ കാര്യം മാത്രം ശ്രദ്ധിച്ചാൽ മതി അവരുടെ കണ്ണു തുറപ്പിക്കാൻ. ആൺ കൊതു

കുകളെ ഒഴിവാക്കിക്കൊണ്ട് പെൺ കൊതുകുകളിൽ മാത്രം ഈ എൻസൈം ഉൽപ്പാദിപ്പിക്കാൻ പ്രകൃതി നിർദ്ധാരണത്തിന് എന്ത് സാങ്കേതിക ജ്ഞാനവും സർഗാത്മകതയുമാണുള്ളത്? പെൺ കൊതുകുകൾ പണ്ട് സസ്യാഹാരികളായിരുന്നുവെന്നാണല്ലോ പ്രകൃതി ശാസ്ത്രജ്ഞൻമാർ പറയുന്നത്. ആ സസ്യാഹാരം ഉപേക്ഷിച്ച് രക്തഭക്ഷണത്തിലേക്ക് മാറുവാൻ പ്രകൃതിയുടെ നിർദ്ധാരണത്തിന് എന്തുകൊണ്ട് നിർബന്ധിക്കാൻ കഴിഞ്ഞു? ഇതിലേക്ക് എന്തെങ്കിലും യുക്തിഭദ്രമായ ഒരു കാരണം സമർപ്പിക്കുവാൻ പ്രകൃതി ശാസ്ത്രജ്ഞൻമാരോട് ബഹുമാന പുരസ്സരം വീണ്ടും ആവശ്യപ്പെടുകയാണ്. മാത്രമല്ല പെൺകൊതുകുകൾ മാത്രമാണ് ഇരകളുടെ രക്തം കുടിക്കുന്നത്. അതേസമയം ആൺ-പെൺസസ്യദ്രവ്യങ്ങളും പൊതുവായി ഭക്ഷിച്ച് അവയുടെ ജീവൻ നിലനിറുത്തുന്നത് എന്തുകൊണ്ടാണ്? പെൺകൊതുകുകൾക്ക് തങ്ങളുടെ ഇരകളുടെ രക്തത്തിൽ കാണുന്ന പ്രോട്ടീൻ ആവശ്യമായി വരുന്നത് അതിന്റെ മുട്ടയിലെ മഞ്ഞക്കരുവിന്റെ സംശ്ലേഷണത്തിനും വളർച്ചക്കും വേണ്ടി മാത്രമാണ്. ഈയൊരു ആവശ്യവും പ്രവൃത്തിയും തീർച്ചയായും ആൺ കൊതുകുകൾക്ക് ആവശ്യമുണ്ടാവില്ല. ആ കാരണം കൊണ്ടു മാത്രമാണല്ലോ പെൺ കൊതുകുകൾ രക്തം കുടിക്കുന്നത്. പെൺ കൊതുകിന് തങ്ങളുടെ പ്രത്യുൽപാദനാവയവങ്ങൾക്ക് രക്തത്തിലെ പ്രോട്ടീൻ നല്ലതാണെന്ന് പ്രകൃതി നിർദ്ധാരണമാണോ ബോധനം നൽകിയത്. അതുകൊണ്ട് അതിനനുസൃതമായി രക്തം ഊറ്റിക്കുടിക്കുന്ന സങ്കീർണമായ ഒരു വ്യവസ്ഥിതി രൂപാന്തരപ്പെടുത്തിയെടുക്കണമെന്ന നിർദേശം പ്രകൃതി നിർദ്ധാരണത്തിനു എങ്ങനെ കൊതുകുകൾക്ക് നൽകാൻ കഴിഞ്ഞു? രക്തത്തിൽ നിന്ന് ലഭ്യമാകേണ്ട ഈ പ്രോട്ടീൻ പെൺ കൊതുകുകൾക്ക് ഏറ്റവും ആവശ്യമായ ഒന്നാണ്. എങ്കിൽ പിന്നെ എങ്ങനെയാണ് അതിന് മുമ്പേ കൊതുകുകൾ നിലനിന്നത്? പെൺ കൊതുകിന്റെ ശരീരഘടനയിൽ ഈ വിധ അടിസ്ഥാന മാറ്റങ്ങൾ സംജാതമാവാൻ എത്രകാലം വേണ്ടി വന്നു? അതുപോലെ അതിജീവനത്തിന്റെ പുതിയ തന്ത്രം എന്ന നിലക്ക് ആപിറേയ്സ് എന്ന അത്ഭുത മരുന്ന് രൂപപ്പെട്ടു വരാൻ എത്രകാലമെടുത്തു? അതിനു മുമ്പേ ഇതൊന്നുമില്ലാതെ എങ്ങനെ പതിനായിരക്കണക്കിന് വർഷങ്ങൾ കൊതുകിന് അതിജീവിക്കാൻ കഴിഞ്ഞു?

ഈ ചോദ്യങ്ങൾക്കെല്ലാമുള്ള വിവേകപൂർണമായ മറുപടി അതെല്ലാം ദൃഢമായ ഒരു ലക്ഷ്യത്തോടു കൂടിയാണ് സൃഷ്ടിക്കപ്പെട്ടതെന്നും ഒന്നും തന്നെ പ്രകൃതിയുടെ തിരഞ്ഞെടുപ്പിനാൽ ആകസ്മികമായി സൃഷ്ടിക്കപ്പെട്ടതല്ലെന്നുമാണ്. ജീവന്റെ ബൃഹത്തായ പരിണാമ പദ്ധതിയിൽ, പ്രതിലോമപരവും അതേസമയം അത്യാവശ്യവുമായ രീതിയിലാണ് കൊതുകിന്റെ പങ്ക് രൂപകൽപന ചെയ്യപ്പെട്ടത്. ഈ രൂപകൽപനയാണ് കൊതുകിനെ മൃഗങ്ങളുടെ രക്തമന്വേഷിച്ചു ചെല്ലാനുള്ള പ്രവണത ഒരാവശ്യമാക്കിത്തീർത്തത് എന്ന വസ്തുത വളരെ വ്യക്തമാണ്. രക്തം കുടിക്കാനുള്ള കൊതുകിന്റെ കഴിവ് വളരെ വ്യക്തമായും മനസ്സിലാക്കിത്തരുന്നത്, ഇത് പരിണാമ പ്രക്രിയയിലെ ബോധപൂർവമുള്ള ഒരു ആസൂത്രണമാണെന്നാണ്.

പ്രകൃതിയുടെ തിരഞ്ഞെടുപ്പ് (Natural Selection) എന്നതുകൊണ്ട് പരിണാമ വാദികൾ ധരിക്കുന്നത് എപ്പോഴും ശരിയായ തീരുമാനമെടുക്കുകയും ജീവന് അനുയോജ്യമായത് മാത്രം പരിരക്ഷിക്കുകയും ചെയ്യുന്നു എന്നാണ്. കൊതുക് ജീവന്റെ ഏറ്റവും വലിയ ഭീഷണിയാണോ? അങ്ങനെയാണെങ്കിൽ അത് യഥാർത്ഥത്തിൽ പ്രകൃതിനിർദ്ധാരണത്തിന്റെ ഇഷ്ട പ്രകാരമുള്ളതും, അതിന്റെ ഉൽപന്നവുമാണോ?

വിശുദ്ധ ഖുർആന്റെ വീക്ഷണം മറ്റൊരു വിധത്തിലാണ്. കൊതുക് മുഖേന ജീവനെതിരെയുള്ള ഭീഷണി വളരെ വിശാലമായ ഒരു ലക്ഷ്യത്തിനായി ബോധപൂർവം ആസൂത്രണം ചെയ്യപ്പെട്ട ഒന്നാണ് എന്നതാണ് ആ വീക്ഷണം.

കൊതുകിന്റെ സൃഷ്ടിയിലെ അവികലമായ പരിപൂർണതയും ഈ ലോല സുന്ദരമായ ഘടനാവിശേഷത്തിന്റെ പ്രവർത്തന നിർവഹണവും മുകളിൽ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു. നാം ഇപ്പോൾ ചർച്ച ചെയ്യാനാഗ്രഹിക്കുന്നത് ഇത് സംബന്ധിച്ച ഖുർആനിക വചനം സാഹിത്യ കലയുടെ ഒരു ദിവ്യാത്ഭുതമാണ് എന്ന് സൂചിപ്പിക്കാനാണ് ***'അതിന് മേൽ എന്തൊന്നാണോ വഹിക്കുന്നത് '***(2:27). ഈയൊരു ഖുർആൻ വചനം കൊതുകിനപ്പുറമുള്ള അതുപോലെയുള്ള ജീവികളെയും സൂചിപ്പിക്കുന്ന രീതിയിൽ വിവർത്തനം ചെയ്യാൻ സാധിക്കും. പക്ഷേ *'ഫൗഖ'* യുടെ വ്യക്തമായ അക്ഷരാർഥം പഴയ വിവർത്തകൻമാർ മനസ്സിലാക്കുകയുണ്ടായില്ല; *അത് എന്തൊന്നാണോ (കൊതുക്) വഹിക്കുന്നത്* എന്നാകുന്നു. ഭൂമിയെ പറ്റിയും അത് വഹിക്കുന്നതിനെ സംബന്ധിച്ചും ഖുർആൻ പറയുന്ന സന്ദർഭത്തിൽ *'ഫൗഖ'* എന്ന ഇതേപദം തന്നെയാണ് ഉപയോഗിക്കുന്നത്. *വമാഫൗഖൽ അർള് = ഭൂമിയുടെ മേൽ എന്തെന്നാണോ വഹിക്കുന്നത് അതെല്ലാം.*

ഈ ഖുർആനിക വചനം അക്ഷരാർഥത്തിൽ പുനഃവിവർത്തനം ചെയ്യുന്നുവെന്നിരിക്കട്ടെ അത് ഇങ്ങനെ വായിക്കാം. *ഒരു കൊതുകിനെയും, എന്തൊന്നാണോ അതിനു മേലുള്ളത് അല്ലെങ്കിൽ എന്തൊന്നാണോ അത് വഹിക്കുന്നത്, അതിനെയും ഉദാഹരണമായി ഉദ്ധരിക്കാൻ അല്ലാഹു ലജ്ജിക്കുന്നില്ല.*

പൂർവകാലത്തെ പണ്ഡിതന്മാർ ഈ വചനത്തിന്റെ പ്രത്യക്ഷമായ അർഥം ഗ്രഹിക്കുന്നതിൽ പരാ

ജയപ്പെട്ടത് എന്തുകൊണ്ടാണെന്ന് നമുക്കിപ്പോൾ നന്നായറിയാം. കൊതുക് അദൃശ്യമായ വൈറസുകളുടെ വാഹകരാണെന്നതിനെ പറ്റി അവർക്ക് യാതൊരറിവുമുണ്ടായിരുന്നില്ല.

വമ്പിച്ച തോതിൽ രോഗമുണ്ടാക്കുന്ന രോഗവാഹിയായ ഒരു ജീവിയെപ്പറ്റി പറയുന്നതിൽ ദൈവം ലജ്ജിക്കാതിരുന്നതിന് കാരണം ജീവന്റെ ബൃഹദ് പദ്ധതിയിൽ ഒരു സന്തുലനം സൃഷ്ടിക്കാൻ ബോധപൂർവം ചില ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് കൊതുകിനെ ദൈവം സൃഷ്ടിച്ചത് എന്നത് കൊണ്ടാണ്. അതങ്ങനെ പറയുവാനുള്ള കാരണം വിസ്മയകരമായ ഈ പറക്കും യന്ത്രം സ്വയം തന്നെ സ്രഷ്ടാവിന്റെ സൃഷ്ടി വൈഭവത്തോടുള്ള ഒരു ആദരാഞ്ജലിയാണ്. ജീവന്റെ പ്രതിരോധ സംവിധാനം രൂപപ്പെടുത്തുന്നതിൽ കൊതുക് വളരെ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ടാകുമെന്നുള്ള അഭിപ്രായം നാം ഉന്നയിക്കുന്നു. ഒരുദാഹരണം. സിക്കിൾ സെൽ അനീമിയ (Sickle cell anaemia) എന്നത് രോഗവുമായി ബന്ധപ്പെട്ടതാണെന്ന് നമുക്കറിയാം. ഗാംബിയക്കാരുടെ ഇടയിലാണ് ഈ രോഗം വ്യാപകമായുള്ളത്. ഈ വിളർച്ച രോഗത്തിന് (Anaemia) മലേറിയയുടെ ഏത് കഠിന രൂപത്തേയും പ്രതിരോധിക്കാനുള്ള കഴിവുണ്ട്. ജീവന്റെ ബൃഹദ് പദ്ധതിയിൽ കൊതുകുമായി ബന്ധപ്പെട്ട ഏത് രോഗമാണ് പ്രതിരോധ സംവിധാനത്തിന് സഹായകമാവുക എന്നത് ഇപ്പോഴും അജ്ഞാതമാണ്. അങ്ങനെ ഒരു സാധ്യതയും ഇല്ലാതില്ല. ഇങ്ങനെയുള്ള കൊതുക്ജന്യ രോഗങ്ങൾ ഒരുപക്ഷേ ജീവികളുടെ പ്രതിരോധ സംവിധാനത്തിന് തുടക്കം കുറിക്കാനും രൂപാന്തരപ്പെടുത്താനും സഹായകരമായിട്ടുണ്ടാകും. അത് അപ്രകാരം ആവാനും ആവാതിരിക്കാനും സാധ്യതയുണ്ട്. എന്നാൽ, ജീവനിലേക്കും മരണത്തിലേക്കും നയിക്കുന്ന ഘടകങ്ങൾ ഒരുപോലെ സൃഷ്ടിയുടെ അവിഭാജ്യ ഘടകമാണെന്ന ഖുർആന്റെ പ്രഖ്യാപനം അനിഷേധ്യമാണ്.

മറ്റൊരു വിചിത്രമായ കാര്യം കൊതുക് നൂറുക്കണക്കിന് രോഗങ്ങളുടെ സ്രോതസ്സുകളെ വഹിക്കുന്നുവെങ്കിലും കൊതുക് ഒരു രോഗത്തിനും വിധേയമാകുന്നില്ല. മലേറിയ പനി ബാധിച്ച് വിറക്കുന്ന ഒരു കൊതുകിനെ ഒരു പ്രകൃതി ശാസ്ത്രജ്ഞനും കണ്ടതായി തെളിവില്ല. മറ്റുള്ളവർക്ക് പകരുന്ന ഏതെങ്കിലും ഒരു രോഗം അതിന്റെ ആന്തര വ്യവസ്ഥിതിയിലോ കാലിനോ ചിറകിനോ ബാധിച്ച ഒരു കൊതുകിനേയും ആരും കണ്ടുപിടിച്ചിട്ടുമില്ല. മന്തുരോഗമുണ്ടാക്കുന്ന വൈറസിന്റെ വാഹകരാണ് കൊതുകുകൾ. പക്ഷേ, കൊതുകിന്റെ തുമ്പികൈക്ക് മന്ത് ബാധിച്ച് ഒരു കൊച്ചു ആനയുടെ തുമ്പിക്കൈയുടെയത്ര വലുപ്പമുണ്ടായ ഒരു സംഭവം ഇതുവരെയുണ്ടായിട്ടില്ല.ഒരു കൊതുകിനെ നിർമിക്കാൻ അഗാധമായ ശാസ്ത്രീയ ജ്ഞാനവും അതുപോലെ സങ്കീർണമായ സാങ്കേതിക വിദ്യയും ആവശ്യമാണ്. ഇക്കാലത്ത് പോലും മനുഷ്യന് കൊതുകിന്റെ ഒരു പ്രോബോസിസ് (തുമ്പിക്കൈ) പോലും നിർമിക്കാൻ സാധ്യമായിട്ടില്ല. ആധുനിക കാലത്തെ ഏറ്റവും സമർഥനും നവീകൃതവുമായ ഒരു ജെനിറ്റിക് എഞ്ചിനീയറുടെ ചെവിയിൽ ഒരു വെല്ലുവിളിയുമായി മൂളിപ്പറന്ന്, 'വരിക! കഴിയുമെങ്കിൽ തന്നെപോലെയൊന്നിനെ ഉണ്ടാക്കുക' എന്ന് ഒരു കൊതുകിന് പറയാൻ സാധിക്കും. എന്നാൽ, വിസ്മയകരമെന്ന് പറയട്ടെ, ലോകത്തുള്ള എല്ലാ കൊതുകുകളും കൂടി ചേർന്നാലും നിരീശ്വരത്വത്തിന്റെ മന്ദനിദ്രയിൽ നിന്ന് ഒരു നിരീശ്വരവാദിയെ കുത്തിയുണർത്താൻ സാധ്യമല്ല! കൊതുകിനെ അതിന്റെ മൂളിപ്പാട്ടുമായി പറക്കാനനുവദിക്കുക! ബധിരന് ഒരിക്കലും കേൾക്കാൻ സാധ്യമല്ല, അന്ധൻ അത് കാണുകയുമില്ല.

പേജ് 10 ൽ നിന്ന് തുടർച്ച

ആഗ് ഹെ പർ ആഗ്സെ വോ സബ് ബചായെ ജായേംഗെ

ജൊ കെ രഖ്ത്തേഹൈ ഖുദായേ ദുൽഅജാഇബ് സെ പ്യാർ

(അഗ്നിയാണ് സർവ്വത്രയും, എന്നാൽ അവരെല്ലാം രക്ഷിക്കപ്പെടും. അത്ഭുതങ്ങൾക്കുടയവനായ അല്ലാഹുവുമായിട്ടാർക്കാണോ സ്നേഹബന്ധമുള്ളത്.)

ചുരുക്കത്തിൽ, ഈ ഭാഗത്തേക്ക് വളരെ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. നമ്മെത്തന്നെയും ലോകത്തെയും രക്ഷിക്കാൻ നമ്മൾ പരിശ്രമിക്കേണ്ടത് ആവശ്യമാണ്. അല്ലാഹുവിനെ ലഭിക്കുന്നതിനായി നമ്മുടെ എല്ലാശക്തിയും കഴിവുകളും പ്രയോഗിക്കേണ്ടിവരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; മനുഷ്യൻ അല്ലാഹുവിലേക്ക് വരുന്നതിനുവേണ്ടിയുള്ളതാണ് ഈ ജമാഅത്ത്. ദൈവത്തിലേക്ക് വരിക എന്നുള്ളത് വളരെ ദുഷ്കരമാണ്. ഒരുതരത്തിലുള്ള മരണമാണ്. എന്നാൽ ഒടുവിൽ ജീവിതവും അതിൽതന്നെയാണുള്ളത്. ആരാണോ തങ്ങളുടെ ഉള്ളിൽ നിന്നും ശൈത്വാനികമായ ഭാഗം എടുത്തെറിയുന്നത് ആ മനുഷ്യൻ അനുഗൃഹീതനായിരിക്കും. അവന്റെ വീടിനും അവന്റെ ആത്മാവിനും,നഗരത്തിനും ആ അനുഗ്രഹമെത്തുന്നു.

അല്ലാഹു നമ്മെ ബൈഅത്തിന്റെ കടമകൾ നിറവേറ്റുന്നവരായിക്കൊണ്ട് നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നവരാക്കിത്തീർക്കട്ടെ,ദുനിയാവിൽ താമസിച്ചുകൊണ്ട് ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുമെന്ന പ്രതിജ്ഞ നിറവേറ്റുന്നവരാക്കുകയും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നു നൽകിയ വാഗ്ദാനപ്രകാരമുള്ള അനുഗ്രഹങ്ങൾക്ക് അവകാശികളാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ.

# സ്ത്രീപുരുഷ സമത്വം, സ്ത്രീ സാക്ഷ്യം: ഖുർആൻ എന്ത് പറയുന്നു?

സ്ത്രീക്കും പുരുഷനും ആത്മീയതയിലും വ്യക്തിത്വത്തിലും ധിഷണാ ശേഷിയിലും ഒരേ സ്ഥാനമാണുള്ളത്. സ്ത്രീയുടെയും പുരുഷന്റേയും ജൈവ പ്രത്യേകതകളെ അടിസ്ഥാനമാക്കി കുടുംബപരമായും സാമൂഹികമായും സ്വാഭാവികമായ ചില പദവി ക്രമീകരണങ്ങളും മാർഗ നിർദേശങ്ങളും ഇസ്ലാം മുന്നോട്ട്വെക്കുന്നുണ്ട്. ഒരു പുരുഷന് പകരം രണ്ട് സ്ത്രീകളുടെ സാക്ഷ്യം ആവശ്യമാണെന്ന നിബന്ധന സ്ത്രീകളുടെ സ്ഥാനത്തെ കുറച്ചു കാട്ടുന്ന ഖുർആന് വിരുദ്ധമായ ഒരു ധാരണയാണ്. സ്ത്രീകൾക്ക് പുരുഷനെപ്പോലെ സമത്വാധിഷ്ഠിതമായ ഉന്നത സ്ഥാനം നൽകുന്ന ഖുർആന്റെ സമത്വ സങ്കൽപം വ്യാപകമായി തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്.

**എ. എം. മുഹമ്മദ് സലീം**

ആത്മീയ സുരഭിലമായ സ്ത്രീപുരുഷ സമത്വത്തിന്റെ ഉദാത്ത സങ്കൽപ്പമാണ് ഇസ്ലാം മുന്നോട്ട് വെക്കുന്നത്. സ്ത്രീയേയും പുരുഷനേയും തുല്യഭാവത്തിൽ ഒരു ഏകസത്തയിൽ നിന്നുമാണ് സൃഷ്ടിച്ചതെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**അവൻ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് അതിൽ നിന്നും അവൻ അതിന്റെ ഇണയെ ഉണ്ടാക്കി. (39:7)**

**പുരുഷന്മാർ സമ്പാദിച്ചതിൽ നിന്ന് ഒരംശം അവർക്കുണ്ട് സ്ത്രീകൾ സമ്പാദിച്ചതിൽ നിന്ന് ഒരംശം അവർക്കുമുണ്ട്. (4 അന്നിസാഅ് : 33)**

**സത്യവിശ്വാസികളായിരിക്കെ ആണിൽ നിന്നും പെണ്ണിൽ നിന്നും ആര് സുകൃതം പ്രവർത്തിക്കുന്നുവോ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കും. അവരോട് തരിമ്പും അനീതി കാണിക്കുകയുയില്ല. (4**



**അന്നിസാഅ്: 125)**

ഇസ്ലാം എല്ലാ സാഹചര്യത്തെയും ഉൾക്കൊള്ളുന്ന സമഗ്രവും അടിസ്ഥാനപരവുമായ തത്വങ്ങളെ പറ്റിയാണ് സംസാരിക്കുന്നത്.

**അവർക്ക് (സ്ത്രീകൾക്ക്) തുല്യമായതും സമത്വമുള്ളതുമായ അവകാശങ്ങൾ പുരുഷന്മാരുടെ മേലുമുണ്ട്. (2 ബക്കറ: 229)**

അതായത് പുരുഷന്മാർക്ക് സ്ത്രീകളുടെ മേൽ അവകാശമുള്ളത് പോലെ സ്ത്രീകൾക്ക് പുരുഷന്മാരുടെമേലും തുല്യാവകാശങ്ങളുണ്ട്. ആയതിനാൽ മൗലികാവകാശങ്ങളിൽ സ്ത്രീപുരുഷന്മാർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. കുടുംബവ്യവസ്ഥ എന്നത് ആത്മീയവും ധാർമികവുമായ മാനങ്ങളുള്ള രക്തബന്ധുക്കളായ ഒരു കൂട്ടം മനുഷ്യരുടെ ജൈവ സ്ഥാപനമാണ്. ഏതൊരു ഭൗതിക വ്യവസ്ഥക്കും സ്ഥാപനത്തിനും ഉള്ളത് പോലെ അതിന് ഒരു നായകനും നേതൃത്വവും ആവശ്യമാണ്. ജൈവികമായി പുരുഷന് കുടുംബത്തിൽ നൽകപ്പെടുന്ന ആ നേതൃത്വ പദവിയെപറ്റിയും അതിനുള്ള കാരണത്തെ കുറിച്ചുമാണ് ഖുർആൻ ഇവിടെ പറയുന്നത്. ഭർത്താവ് അഥവാ കുടുംബനാഥൻ രാഷ്ട്രീയ സാമൂഹിക സ്ഥാപനങ്ങളിലോ കച്ചവടസ്ഥാപനങ്ങളിലോ കാണുന്നത് പോലെയുള്ള അധികാരശ്രേണിയുടെ തലവനായി മാത്രമല്ല ഖുർആൻ ആ സ്ഥാനത്തെ കാണുന്നത്. ഉത്തരവാദിത്വ പൂർണമായ ഒരു സ്വാഭാവിക ചുമതലയാണ് ഭർത്താവിന് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) അത് സംബന്ധിച്ച് വിവരിക്കുന്നു.

**എന്നാൽ പുരുഷന്മാർക്ക് അവരുടെ മേൽ ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും**

**യുക്തിജ്ഞനുമാകുന്നു. (അദ്ധ്യായം 2, അൽബക്കറ 229)**

ഖുർആനിലെ മറ്റൊരു സൂക്തം ഇപ്രകാരമാണ്.

**പുരുഷന്മാർ സ്ത്രീകളുടെ മേൽ ഒരു പരിധിയിൽ രക്ഷാധികാരമുള്ളവരാണ്. (എന്തെന്നാൽ വസ്തുത ഇതാണ്) അല്ലാഹു അവരിൽ ചിലർക്ക് മറ്റുള്ളവരേക്കാൾ ചില കഴിവുകൾ നൽകിയത് കൊണ്ടും അവർ തങ്ങളുടെ ധനത്തിൽ നിന്ന് ചെലവ് ചെയ്യുന്നത് കൊണ്ടുമാണ്. (അദ്ധ്യായം 4 നിസാഅ് 35)**

അറബി ഭാഷയിൽ 'ഖവ്വാമൂൻ' (രക്ഷാധികാരികൾ) കീഴിലുള്ളവരെ ഉത്തരവാദിത്വത്തോടെ നേർവഴിയിൽ സംരക്ഷിക്കാൻ ഏൽപ്പിക്കപ്പെട്ടവർ എന്നതിന് ചില മദ്ധ്യകാല മനസ്ഥിതിക്കാരായ ഉലമാക്കന്മാർ (മതപണ്ഡിതന്മാർ) സ്ത്രീകളുടെ മേൽ പുരുഷന്മാർക്ക് അധികാരകോയ്മയുണ്ടെന്ന് വാദിക്കുന്നു. എന്നാൽ ഇവിടെ ഖുർആൻ വചനത്തിൽ തന്റെ ആശ്രിതർക്ക് ഉപജീവനത്തിന് വഴികണ്ടെത്തുന്ന ആൾ എന്ന നിലക്ക് പുരുഷന് ചില കഴിവുകൾ കൽപ്പിക്കുന്നു എന്ന് മാത്രമേയുള്ളൂ. തന്റെ കീഴിലുള്ളവർ ശരിയായ പാതയിൽ നിലനിൽക്കാൻ അവരുടെ മേൽ ധാർമികമായ ബലം ചുമത്തുന്ന ആൾ എന്നാണ് രക്ഷാധികാരിയെ ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. മനുഷ്യന്റെ മൗലികാവകാശങ്ങളെ പറ്റി പ്രതിപാദിക്കുമ്പോൾ ഒരിക്കലും തന്നെ സ്ത്രീയെ പുരുഷനേക്കാൾ സമത്വത്തിൽ കുറഞ്ഞവളാണെന്നോ പുരുഷന് സ്ത്രീയുടെ മേൽ അവകാശ കോയ്മയുണ്ടെന്നോ പറയുന്നില്ല. ഈ വചനത്തിൽ അവസാനത്തെ ഭാഗം മേൽപറഞ്ഞ മേന്മയെക്കുറിച്ചാണ് പറയുന്നത്. ഇവിടെ വളരെ വ്യക്തമായി വെളിപ്പെടുത്തുന്ന കാര്യം ഈ മേന്മ വകവെച്ചു കൊടുക്കുന്നതോടൊപ്പം സ്ത്രീകളുടെ മൗലികാവകാശങ്ങൾ വളരെ കണിശമായും പുരുഷന്റേതിനോട് തുല്യമാണ് എന്നാണ്. **(ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും -ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് )**

സാധാരണ മലയാള ഭാഷയിലും സംസ്കൃതത്തിലും പുരുഷൻ വിവാഹം ചെയ്ത സ്ത്രീയെ **'ഭാര്യ'** എന്നാണ് വിശേഷിപ്പിക്കുന്നത്. ഭാര്യ എന്നാൽ ഭരിക്കപ്പെടുന്നവൾ എന്നാണ് അർഥം. **'**ഭർതും യോഗ്യാ ഭാര്യാ - ഭരിക്കപ്പെടാൻ യോഗ്യയായവൾ ഭാര്യ**'** എന്നാണ് പദ നിഷ്പത്തി പറഞ്ഞിരിക്കുന്നത്. ഈ ഒരു വിശേഷണം പദനിഷ്പത്തി പ്രകാരം ഭാര്യക്ക് ഇസ്‌ലാം ഉദ്ദേശിക്കുന്ന സ്ത്രീപദവിയുടെ അർഥം പ്രകാശിപ്പിക്കുന്നില്ല. എന്നാൽ ഖുർആൻ മിക്കവാറും സ്ഥലങ്ങളിൽ വിവാഹം കഴിച്ച സ്ത്രീയെ **'ഇണ'** എന്ന അർഥം വരുന്ന **'സൗജ്'** എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. ഒരു പങ്കാളിയുടെ മേൽ മറ്റൊരാൾക്കുള്ള അധികാരം സൂചിപ്പിക്കുന്ന അർഥമല്ല ഇണ എന്ന പ്രയോഗത്തിന്നുള്ളത്. വിവാഹ ജീവിതത്തിൽ പുരുഷനെപൊലെ തന്നെ സ്ത്രീയുടെ സമതുലിതമായ പങ്കാളിത്തത്തെയും ഇരുവരുടേയും പരസ്പര പൂരകത്വത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. വിവാഹത്തിലും വിവാഹ മോചനത്തിലുമുള്ള എല്ലാ അവകാശങ്ങളും സ്ത്രീക്കും പുരുഷനും ഇസ്‌ലാം ഉചിതമായ തുല്യ പ്രാധാന്യം നൽകുന്നു

പലകുടുംബങ്ങളിലും ശൈശവദശയിൽ തന്നെ പെൺകുഞ്ഞുങ്ങളോട് ആൺകുഞ്ഞുങ്ങളെ അപേക്ഷിച്ച് അവഗണന കാണിക്കാറുണ്ട്. തുല്യപരിഗണന ലഭിക്കാറില്ല. എല്ലാ അർഥത്തിലും സ്ത്രീ വിമോചകനായ റസൂൽ തിരുമേനി(സ) കുടുംബനാഥന്മാരോട് പെൺകുഞ്ഞുങ്ങൾ പിറന്ന് വീണത് മുതൽ അവളുടെ പരിപാലനത്തിൽ ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യം വിളംബരപ്പെടുത്തിക്കൊണ്ട് പറഞ്ഞത് കാണുക.:

**'ഒരു വ്യക്തിക്ക് ഒരു പെൺകുട്ടിയോ പെൺകുട്ടികളോ ജനിച്ചു എന്നിട്ട് അവർക്കും ആൺകുട്ടികൾക്കുമിടയിൽ യാതൊരു വ്യത്യസ്തതയും കൽപ്പിക്കാതെ വളർത്തിയാൽ ആ വ്യക്തി ഞാനുമായി എന്റെ ചൂണ്ടാണി വിരലും നടുവിരലും പോലെ അടുത്തവരായിരിക്കും.' (മുസ്‌ലിം)**

**സാക്ഷ്യം: ഒരു പുരുഷന് പകരം രണ്ട് സ്ത്രീയോ?**

സാധാരണ വ്യക്തികൾ തമ്മിലുണ്ടാകുന്ന വ്യവഹാരങ്ങൾക്കും കരാറുകൾക്കും സാഹചര്യ തെളിവുകൾക്കും സാക്ഷ്യം നിൽക്കാൻ ഒരു പുരുഷന് പകരം രണ്ട് സ്ത്രീകൾ വേണം എന്ന നിലപാടാണ് മുസ്‌ലിം കർമശാസ്ത്ര പണ്ഡിതന്മാർ വെച്ചു പുലർത്തുന്നത്. സ്ത്രീകൾക്ക് സാക്ഷ്യം തന്നെ നിൽക്കാൻ പാടില്ല എന്ന് പറയുന്ന പടു യാഥാസ്ഥിതിക കർമശാസ്ത്ര പണ്ഡിതന്മാരുമുണ്ട്. എന്നാൽ വിശുദ്ധ ഖുർആൻ സൂക്ഷ്മമായി നോക്കിയാൽ ഇവിടെ പറഞ്ഞിരിക്കുന്നത് രണ്ട് പെൺസാക്ഷ്യത്തിന്റെ കാര്യമല്ലെന്ന് കാണാം. സ്ത്രീ പദവിയിൽ താഴ്ന്നവളാണെന്ന മുൻ ധാരണയുടെ അടിസ്ഥാനത്തിൽ കർമ ശാസ്ത്ര പണ്ഡിതന്മാർ വ്യാഖ്യാനിച്ചത് കൊണ്ടാണ് എല്ലാ കാര്യത്തിലും ഒരു പുരുഷന് പകരം രണ്ട് സ്ത്രീയുടെ സാക്ഷ്യം എന്ന സങ്കൽപ്പം ഇസ്‌ലാമിൽ ഉണ്ടായത്. ഇത് സംബന്ധിച്ച് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) പ്രസ്തുത ഖുർആൻ വചനത്തിന് നൽകിയ വ്യാഖ്യാനം ശ്രദ്ധേയമാണ്.

**'വിശ്വസിച്ചവരേ, നിങ്ങൾ ഒരു നിശ്ചിത അവധി നിർണയിച്ചു കൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതിരേഖപ്പെടുത്തുക. നിങ്ങൾക്കിടയിൽ ഒരെഴുത്തുകാരൻ നീതിപൂർവം അത് എഴുതട്ടെ. ഒരെഴുത്തുകാരനും എഴുതുന്നതിന് വിസമ്മതം കാണിക്കരുത്. കാരണം, അല്ലാഹു അയാളെ (എഴുതാൻ)**

**പഠിപ്പിച്ചിരിക്കുന്നു. അതിനാൽ അയാൾ എഴുതേണ്ടതു തന്നെ യാണ്. കടബാധ്യതയുള്ളവർ എഴു താൻ വാചകം പറഞ്ഞു കൊടുക്കേ ണ്ടതാണ്. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ള ട്ടെ. അതിൽ നിന്ന്(ഇടപാട് സംഖ്യ യിൽ) നിന്ന് ഒന്നും തന്നെ അവൻ കുറവു വരുത്തരുത്. ഇനി ധന ത്തിന്റെ ബാധ്യതയുള്ളവൻ ബുദ്ധി സ്ഥിരതയില്ലാത്തയാളോ മൈനറോ അഥവാ പറഞ്ഞു കൊടുത്ത് എഴു തിക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അവന്റെ രക്ഷ കർത്താവ്(അവന് വേണ്ടി) നീതി പൂർവം വാചകം പറഞ്ഞു കൊടുത്തു എഴുതിക്കേണ്ടതാണ്. നിങ്ങളുടെ പുരുഷൻമാരിൽ നിന്ന് രണ്ടു പേരെ (ഇതിനായി) നിങ്ങൾ സാക്ഷി നിറുത്തുകയും ചെയ്യുക. എന്നാൽ രണ്ടു സാക്ഷികളായി പുരുഷൻമാരെ ലഭിച്ചില്ലെങ്കിൽ സാക്ഷികളായി നിങ്ങൾ തൃപ്തിപ്പെ ടുന്നവരിൽ നിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും (ആവട്ടെ). അവർ രണ്ടു പേരിൽ ഒരാൾ മറന്നുപോ യാൽ ഒരുത്തി മറ്റവളെ ഓർമിപ്പി ക്കുവാനാണിത്. സാക്ഷികളെ വിളി ക്കുമ്പോൾ അവർ വിസമ്മതിക്കരു ത്. അത്(ഇടപാട്) ചെറുതായാലും വലുതായാലും അത് എഴുതിവെ ക്കുന്നതിനു നിങ്ങൾ ഉദാസീനത കാണിക്കുകയുമരുത്. അല്ലാഹുവി ന്റെയടുക്കൽ ഏറ്റവും നീതിപൂർവ കവും സാക്ഷ്യം ഏറ്റവും ചൊവ്വായ നിലയിൽ നിർത്തുന്നതിന് പര്യാപ്തവും നിങ്ങൾ സംശയിക്കാ തിരിക്കാൻ ഏറ്റവും ഉപയുക്തവു മാണിത്. എന്നാൽ, നിങ്ങൾ പര സ്പരം നടത്തുന്ന റൊക്കക്കച്ചവടം ഇതിൽ നിന്ന് ഒഴിവാണ്. അങ്ങനെ യാണെങ്കിൽ അത് എഴുതിവെക്കാ തിരുന്നതിൽ നിങ്ങൾക്ക് കുറ്റമൊ ന്നുമില്ല. നിങ്ങൾ അന്യോന്യം ക്രയ വിക്രയം ചെയ്യുമ്പോഴും സാക്ഷി നിർത്തുക. എഴുത്തുകാരനെയും സാക്ഷിയെയും വിഷമിപ്പിക്കുകയു മരുത് (എന്നത് പരിഗണിക്കേണ്ടതാ ണ്) നിങ്ങൾ അങ്ങനെ ചെയ്യുന്ന പക്ഷം നിങ്ങളിലുണ്ടാവുന്ന അധർമമായിരിക്കുമരുത്. അല്ലാഹു വിനെ സൂക്ഷിക്കുക. അല്ലാഹു സർവകാര്യങ്ങളെക്കുറിച്ചും അഭി ജ്ഞനാണ്.' (അദ്ധ്യാ. 2 അൽബ ക്കറ: 283–284).**

ഇവിടെ ഒരു കാര്യം പ്രധാന മായും ശ്രദ്ധിക്കേണ്ടതുണ്ട്. മധ്യ കാല മനഃസ്ഥിതിക്കാരായ പണ്ഡി തൻമാർ ഈ വചനം തികച്ചും തെറ്റായ അർഥത്തിലും പൂർണ മായും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തും ദുരുപയോഗം ചെയ്യുന്നു. അതായത് അവർ ശഠി ക്കുന്നത്, ഇസ്‌ലാമിക നിയമമനുസ രിച്ച് ഒരു സ്ത്രീയുടെ സാക്ഷ്യം അപര്യാപ്തമാണെന്നാണ്. അവ രുടെ വാദമനുസരിച്ച് ഒരു പുരു ഷന്റെ സാക്ഷ്യം ആവശ്യമായി വരുന്ന എല്ലാ നിയമപരമായ വ്യവ ഹാരങ്ങളിലും രണ്ട് സ്ത്രീകളുടെ സാക്ഷ്യം ആവശ്യമാണെന്നാണ്. ഈ വചനത്തിന്റെ അർഥം തികച്ചും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഇസ്‌ലാമിക നീതിന്യായ വിജ്ഞാനീ യത്തിൽ സ്ത്രീയുടെയും പുരുഷ ന്റെയും സാക്ഷ്യത്തിന്റെ സ്ഥാന ത്തെപ്പറ്റി അവർ വിശദീകരിക്കുന്ന ത്. വിശുദ്ധ ഖുർആൻ ഒരു പുരുഷനെ സാക്ഷിയായി ആവശ്യ പ്പെടുന്ന സന്ദർഭങ്ങളിലെല്ലാം അതിന് പകരമായി രണ്ട് സ്ത്രീക ളുടെ സാക്ഷ്യം വേണമെന്ന് അവർ വിചാരിക്കുന്നു. രണ്ട് പുരുഷന്റെ സാക്ഷ്യം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ നാല് സ്ത്രീകളുടെ സാക്ഷ്യം പകരം ആവശ്യമായി വരും. അപ്രകാരം നാല് പുരുഷന്റെ സാക്ഷ്യം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ എട്ട് സ്ത്രീകളു ടെയും സാക്ഷ്യം ആവശ്യമായി വരും എന്നും അവർ കരുതുന്നു.

ഈ സങ്കല്പം അയ ഥാർഥവും ഖുർആനികാധ്യാപന ങ്ങൾക്ക് അന്യവുമാണ്. ഗൗരവതര മായ ഈ നീതിന്യായ പ്രശ്നത്തിൽ ഇത്തരത്തിൽ മധ്യകാല മനസ്ഥിതി വെച്ച് പുലർത്തുന്നത് കാണു മ്പോൾ ആരും ക്ഷോഭാകുലനായി പോകും.

ഈ ഖുർആനിക വചന ത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. ഈ വചനത്തിൽ രണ്ട് സ്ത്രീകളുടെ സാക്ഷ്യം ആവ ശ്യപ്പെടുന്നില്ല.
2. ഇവിടെ രണ്ടാമത്തെ സ്ത്രീ യുടെ പങ്ക് വ്യക്തമായും നിർണ യിക്കപ്പെട്ടത് ഒന്നാമത്തവളെ സഹായിക്കാൻ വേണ്ടി മാത്ര മാണ്.
3. സാക്ഷ്യം പറയാത്ത രണ്ടാ മത്തെ സ്ത്രീ, പ്രസ്താവനയുടെ ഏതെങ്കിലും ഒരു ഭാഗം കണ്ടിട്ടി ല്ലെന്ന് വരികയും, വ്യവഹാര ത്തിന്റെ പൂർണരൂപം സാക്ഷിക്ക് മനസ്സിലായിട്ടില്ല എന്ന് രണ്ടാ മത്തെ സ്ത്രീക്ക് ബോധ്യമാ വുകയും ചെയ്തെങ്കിൽ, അവർ ക്ക് സാക്ഷിയുടെ വ്യവഹാര ത്തിന്റെ യഥാർഥ രൂപം അവ ലോകനം ചെയ്ത് പറഞ്ഞുകൊ ടുക്കാവുന്നതാണ്. ഒന്നാമത്തവ ളുടെ ഓർമ രണ്ടാമത്തെ സ്ത്രീക്ക് പുതുക്കി കൊടുക്കാ വുന്നതുമാണ്.
4. സാക്ഷ്യം പറയുന്ന സ്ത്രീ അവളെ സഹായിക്കുന്ന സ്ത്രീ യുമായി യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. സാക്ഷ്യം പറയുന്ന, ഒന്നാമത്ത വളുടെ സാക്ഷ്യമാണ് ഒരേ യൊരു സാക്ഷ്യമായും സ്വതന്ത്ര സാക്ഷ്യമായും നിലനിൽക്കുക. അവൾ തന്റെ സഹായിയായ കൂട്ടുകാരിയുമായി യോജിക്കു ന്നില്ലെങ്കിൽ ഒന്നാമത്തെ സ്ത്രീ യുടേതായിരിക്കും അവസാന വാക്ക്. **(ഇസ്‌ലാമും സമകാലീ ന പ്രശ്നങ്ങളും -ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് )**

ചുരുക്കത്തിൽ ഇസ്‌ലാം സ്ത്രീ പുരുഷ സമത്വത്തിന്റെ അടിസ്ഥാനത്തിലുള്ള മതമാണ് എന്നതിന് എല്ലാ അംഗീകൃത പ്രമാണങ്ങളും സാക്ഷ്യം വഹിക്കു ന്നു.

# റസൂൽ തിരുമേനി(സ): അതുല്യ ജീവിതം

സകല ജീവിത സന്ദർഭങ്ങളിലും ധാർമികതയുടെ പരമ മാതൃകയായിരുന്നു റസൂൽ തിരുമേനി(സ). കാരുണ്യ സാഗരമായിരുന്ന അവിടുത്തെ അതുല്യമായ അദ്ധ്യാത്മിക കാന്തിയായിരുന്നു ജനഹൃദയങ്ങളെ കീഴടക്കിയത്.

**എ. ജി. സൂഫി**

ഇസ്‌ലാം മതസ്ഥാപകനായ റസൂൽ (സ)തിരുമേനി ദിവംഗതനാകുമ്പോൾ അവിടുത്തെ പ്രായം 63 വയസ്സായിരുന്നു. നാൽപ്പതാമത്തെ വയസ്സിൽ പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ട അവിടുത്തെ ജീവിതം സമ്പൂർണമായും ദൈവിക ദൗത്യ പ്രേഷണത്തിനാണ് സമർപ്പിക്കപ്പെട്ടത്. ദ്രരിദ്രാവസ്ഥയിൽ ഒരനാഥ ബാലനായി ജനിച്ച റസൂൽ തിരുമേനി (സ) സർവാധികാരങ്ങളാലും വിഭൂഷിതനായ രാജാവായിട്ടായിരുന്നു ദിവംഗതനായത്. പക്ഷേ അവിടുന്ന് യാതൊരു സമ്പത്തും അനന്തര സ്വത്തായി അവശേഷിപ്പിരുന്നില്ല. ജീവിതത്തിലൊരിക്കലും അവിടുന്ന് വയർ നിറയെ ആഹാരം കഴിച്ചിരുന്നില്ല. ഒരു സന്ദർഭത്തിൽ പോലും വിലകൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നില്ല. അവിടുത്തെ വസതി ദൈവത്തിന്റെ ആരാധനാലയമായിരുന്നു. ചെളികട്ട കൊണ്ട് നിർമിച്ച ആ ചെറ്റക്കുടിലിലെ ചെളികൊണ്ടു മെഴുകിയ തറയായിരുന്നു അവിടുത്തെ രാജധാനിയും സിംഹാസനവും. അവിടുത്തെ ശയ്യ വൈക്കോൽ കൊണ്ടുണ്ടാക്കിയതായിരുന്നു. തലയണയാകട്ടെ തന്റെ തന്നെ കൈവെള്ളയും. പ്രവാചക ഗൃഹത്തിലെ അടുക്കളയിൽ നിന്ന് മാസങ്ങളോളം പുക ഉയർന്നില്ല. കാരണം അവിടെ യാതൊന്നും പാചകം ചെയ്യാനുണ്ടാകുമായിരുന്നില്ല. ആ പരിശുദ്ധ കുടുംബം അൽപ്പം കാരക്കയും ആട്ടിൻ പാലും കൊണ്ട് ജീവിച്ചു പോന്നു. അതും ഇല്ലാത്തപ്പോൾ മുഴുപ്പട്ടിണിയും. അവിടുത്തെ പത്നിമാർക്ക് വീട്ടു വേലക്കാരില്ലായിരുന്നു. ഏറ്റവും വിലകുറഞ്ഞതായിരുന്നു അവർ ധരിച്ച വസ്ത്രങ്ങൾ. സേവകരോ, പട്ടും പണ്ടങ്ങളോ അവർക്കില്ലായിരുന്നു. അവരുടെ വസ്ത്രങ്ങൾ അവരുടെ പരിമിത വിഭവത്തിനനുസൃതമാം വിധം വളരെ ലളിതമായിരുന്നു. പ്രവാചകൻ ഒരിക്കലും സ്വർണമോ വെള്ളിയോ സൂക്ഷിച്ചിരുന്നില്ല. തനിക്ക് ലഭിച്ചതെല്ലാം പാവങ്ങൾക്ക് അദ്ദേഹം ദാനം നൽകി. അവിടുന്ന് ദിവംഗതനാകു മ്പോൾ കുറച്ച് ബാർലി ധാന്യം ഒഴികെ അദ്ദേഹത്തിന്റെ വീട്ടിൽ മറ്റൊന്നും ഉണ്ടായിരുന്നില്ല.

പ്രവാചകൻ മദ്ധ്യനിലയിൽ ഉയരമുള്ളയാളായിരുന്നു. അവിടുത്തേത് ഉറച്ച ശരീരവും സുന്ദരമായ വദനവും ഉയർന്ന വീതിയേറിയ നെറ്റിത്തടവുമായിരുന്നു. ഒഴുകി താഴേക്ക് നീണ്ടുനിൽക്കുന്ന മുടിയും നീണ്ട മൂക്കും അതീവ കാന്തിയുള്ള കറുത്ത കണ്ണുകളും നീണ്ട കൺപുരികങ്ങളുമായിരുന്നു അദ്ദേഹത്തിന്റേത്. നടത്തത്തിൽ വേഗതയും സംസാരത്തിൽ സാവകാശവുമായിരുന്നു പ്രവാചകനുണ്ടായിരുന്നത്. ഒരാളെ കണ്ടാൽ അയാളെ ആദ്യം അഭിസംബോധന ചെയ്യുന്നത് അവിടുന്നായിരിക്കും. സ്നേഹിതന്മാരേയും അപരിചിതരേയും ചെറു പുഞ്ചിരിയോടെയാണ് അദ്ദേഹം സ്വീകരിക്കുക. അന്യരെ ക്ഷമാപൂർവം കേൾക്കും. ആരെങ്കിലും സഹായത്തിനായി സമീപിച്ചാൽ ഒരിക്കലും മുഖം തിരിക്കാറില്ലായിരുന്നു. ആരെങ്കിലും ഹസ്തദാനം ചെയ്താൽ ആദ്യം കൈ പിൻവലിക്കുന്നയാൾ അവിടുന്നായിരിക്കില്ല. അവിടുത്തെ സ്വഭാവം വളരെ ലളിതവും പെരുമാറ്റം അതീവ ഹൃദ്യവുമായിരുന്നു. സദാസമയവും മാപ്പ്നൽകാൻ സന്നദ്ധനായിരുന്നു അദ്ദേഹം. ശിക്ഷിക്കുന്നത് മാപ്പു കൊടുക്കുന്നതിനേക്കാൾ നല്ലതാണെന്ന് കണ്ടെങ്കിൽ മാത്രമേ അദ്ദേഹം ശിക്ഷിക്കാനൊരുങ്ങാറുള്ളൂ. പൊറുത്തുകൊടുക്കാൻ വേണ്ടിയായിരുന്നു അദ്ദേഹം സദാസമയവും നില കൊണ്ടിരുന്നത്. അവിടുത്തെ ചിന്തയും വാക്കും പ്രവർത്തിയും ദൈവത്തിന് വേണ്ടിയുള്ളതായിരുന്നു. ഇതല്ലാതെ ജീവിതത്തിൽ അദ്ദേഹത്തിന്

മറ്റു യാതൊരു ലക്ഷ്യവും ഇല്ലായിരുന്നു. ദൈവത്തിന്റെ തൃപ്തി മാത്രമേ അദ്ദേഹം കാംക്ഷിച്ചുള്ളൂ. ഹുദൈബിയായിൽ സമാധാനക്കരാറിൽ പ്രവാചകൻ ഒപ്പ് വെച്ചത് ദൈവപ്രീതിക്ക് വേണ്ടിയായിരുന്നു. കരാറിലെ വ്യവസ്ഥകൾ അദ്ദേഹത്തിന്റെ ചില അനുചരന്മാർക്ക് അസഹനീയവും കഠിനവുമായിരുന്നിട്ടുകൂടി ദൈവത്തിന് വേണ്ടി അദ്ദേഹം അതിൽ ഉറച്ചുനിന്നു.

മക്കയിലേക്ക് പതിനായിരത്തോളം അനുചരന്മാരോടൊപ്പം വിജയശ്രീലാളിതനായി അദ്ദേഹം വന്നു. മക്ക അവിടുത്തോട് വളരെ ക്രൂരമായിട്ടായിരുന്നു പെരുമാറിയത്. അവസാനം മക്കാ പട്ടണം റസൂൽ തിരുമേനി(സ)യുടെ മുന്നിൽ കീഴടങ്ങി. മക്കക്കാർ അദ്ദേഹത്തോട് കരുണക്ക് വേണ്ടി യാചിച്ചു. കാരുണ്യ സാഗരമായിരുന്ന അവിടുന്ന് മക്കക്ക് മാപ്പ് നൽകാൻ എന്നേ സന്നദ്ധനായിരുന്നു. ദൈവത്തിന്റെ അഭീഷ്ടവും അതായിരുന്നു. മക്കക്കാർ തന്റെ അനുചരന്മാരിൽ ചിലരെ അതി ഭീകരമായി ഭേദ്യം ചെയ്തത് അവിടുത്തേക്ക് നല്ലത്പോലെ അറിയാമായിരുന്നു. ആഫ്രിക്കക്കാരനായ ബിലാൽ(റ) അവരിലൊരാളായിരുന്നു. ബിലാലി(റ) നോട് ക്രൂരമായിട്ടായിരുന്നു മക്കക്കാർ പെരുമാറിയത്. ജ്ഞാനിയായ പ്രവാചകൻ ആ ബിലാലി (റ)നെയായിരുന്നു ഇസ്‌ലാമിന്റെ സമാധാനത്തിന്റെ പതാക വഹിക്കാൻ തെരഞ്ഞെടുത്തത്.

അബൂജഹലിന്റെ പുത്രനായ ഇക്‌രിമ ഇസ്‌ലാമിന്റെ കഠിന ശത്രുവായിരുന്നു. അദ്ദേഹം മക്കയിൽ നിന്ന് രക്ഷപ്പെട്ട് അബിസീനിയായിലേക്ക് രക്ഷപ്പെടാനുള്ള തത്രപാടിലായിരുന്നു. ഇക്‌രിമയുടെ ഭാര്യയാകട്ടെ മനസ്സുകൊണ്ട് മുസ്‌ലിമായിരുന്നു. അവർ പ്രവാചകനോട് ചോദിച്ചു: 'അല്ലയോ റസൂൽ തിരുമേനി(സ) ഇക്‌രിമക്ക് അങ്ങ് മാപ്പ് കൊടുക്കില്ലേ? അതെ എന്ന് അവിടുന്ന് പ്രതിവചിച്ചു. തുടർന്ന് അവർ ചോദിച്ചു അമുസ്‌ലിമായിക്കൊണ്ട് മക്കയിൽ ജീവിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. താങ്കൾ അതനുവദിക്കില്ലേ? അതെ, അദ്ദേഹത്തിന് അതിന് അനുവാദമുണ്ടായിരിക്കും. അനന്തരം അവർ തന്റെ ഭർത്താവിനടുത്തേക്ക് ഓടിപ്പോയി. പ്രവാചകൻ തന്നെ പറ്റി പറഞ്ഞതെല്ലാം തന്റെ ഭാര്യയിൽ നിന്ന് ഗ്രഹിച്ച ഇക്‌രിമ അതെല്ലാം പ്രവാചകനിൽ നിന്നു തന്നെ കേൾക്കണമെന്ന് ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം പ്രവാചക സവിധം പൂകി. ഇക്‌രിമ പ്രവാചകനോട് പറഞ്ഞു എനിക്ക്പോലും താങ്കൾ മാപ്പരുളിയതായി എന്റെ ഭാര്യയിൽ നിന്ന് ഞാൻ ഗ്രഹിച്ചു. അതെ ഇക്‌രിമ, അവിടുന്ന് മൊഴിഞ്ഞു. തന്റെ മേൽ മുണ്ട് ഇക്‌രിമക്ക് മുകളിൽ പിടിച്ചു കൊണ്ട് പ്രവാചകൻ പറഞ്ഞു: 'ഏതൊരുവൻ മുസ്‌ലിമായി ക്കൊണ്ട് നമ്മുടെ അടുക്കൽ വരുന്നുവോ അയാൾ എന്നോടൊപ്പമായിരിക്കും എന്റെ വീട് അയാളുടെതായിരിക്കും.' പ്രവാചക പുത്രി സൈനബിന്റെ മരണത്തിന് കാരണമായ ഹബ്ബാർ ഇറാനിലേക്ക് പലായനം ചെയ്യുകയായിരുന്നു. പക്ഷേ അയാൾ തിരിച്ചു വന്ന് റസൂൽ തിരുമേനി(സ)യോട് മാപ്പു ചോദിക്കുകയുണ്ടായി. അദ്ദേഹത്തിനും അവിടുന്ന് മാപ്പ് നൽകി. പ്രവാചകന്റെ പ്രിയങ്കരനായ അമ്മാവനെ വധിച്ചതിന് ശേഷം അംഗവിഛേദം നടത്തിയ അബൂ സുഫിയാന്റെ ഭാര്യ ഹിന്ദിനും വഹ്ശി എന്ന അടിമക്കും അവിടുന്ന് മാപ്പ് നൽകി. ശൈബ, ഹവാസിനിൽ വെച്ച് പ്രവാചകനുമായി യുദ്ധം ചെയ്ത വ്യക്തിയായിരുന്നു. മുഴുത്ത വിദ്വേഷവുമായി അദ്ദേഹം പടക്കളത്തിൽ പടവാളുമായി മുന്നേറുകയായിരുന്നു. അയാൾക്ക് ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രവാചകനെ വധിക്കണം! ആ ശൈബയാണ് ഇപ്പോൾ പ്രവാചകനെ സമീപിക്കുന്നത് അയാൾ ഒരു ശബ്ദം കേട്ടു: 'ഓ ശൈബാ വരൂ, അരികെ വരൂ....... പ്രവാചകന്റെ തിരുമൊഴികൾ കേട്ടപ്പോൾ അദ്ദേഹം അതനുസരിച്ചു. പ്രവാചകൻ അവിടുത്തെ തൃക്കരങ്ങൾ ശൈബയുടെ നെഞ്ചിൽ വെച്ചു. ശൈബ അപ്പോഴേക്കും ഒരു പുതിയ മനുഷ്യനായി മാറിയിരുന്നു. ശൈബക്ക് അപ്പോൾ ഒരേയൊരു ചിന്തയെ ഉണ്ടായിരുന്നുള്ളൂ തന്റെ ജീവൻ പ്രവാചകന് സമർപ്പിക്കണമെന്ന്.

റസൂൽ തിരുമേനി(സ)യുടെ വിയോഗത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് അവിടുന്ന് തന്റെ അനുചരരോടായി പറഞ്ഞു: 'ഞാൻ ആരോടെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തെങ്കിൽ അവർക്ക് എന്നോട് പ്രതികാരം ചോദിക്കാം.' പ്രവാചകന്റെ ഈ വചനം കേട്ടപ്പോൾ എല്ലാവരും കണ്ണീർപൊഴിച്ചു. ആ സന്ദർഭത്തിൽ ഒരു മനുഷ്യൻ മുന്നോട്ട് വന്നു അയാൾ പറഞ്ഞു: 'ഒരിക്കൽ പ്രവാചകൻ എന്നെ മുട്ടിയിട്ടുണ്ട്. പ്രവാചകൻ കടന്നു പോയപോൾ അവിടുത്തെ കൈമുട്ട് എന്റെ ശരീരത്തിന്റെ ഒരു വശത്ത് മുട്ടിയിട്ടുണ്ട്.' എല്ലാവരും നിശബ്ദരായി. പ്രവാചകൻ തന്റെ പുറത്തെ ശരീരഭാഗത്തെ വസ്ത്രം നീക്കി ഞാൻ താങ്കളെ എപ്രകാരം വേദനിപ്പിച്ചുവോ അപ്രകാരം താങ്കൾക്ക് എന്നെ വേദനിപ്പിക്കാം. ആ അനുചരൻ പ്രവാചകന്റെ നേരെ കുനിഞ്ഞു. വിവസ്ത്രമാക്കിയ പ്രവാചകന്റെ ആ ശരീര ഭാഗത്ത് ആ അനുചരൻ മുത്തമിടുകയായിരുന്നു. എല്ലാവരും അത്ഭുതപരതന്ത്രരായി. റസൂൽ തിരുമേനി(സ) തന്റെ അനുചരന്മാർ ക്കിടയിൽ ദീർഘകാലമുണ്ടാകില്ല എന്ന് അവർക്കറിയാമായിരുന്നു. അതിനാൽ തിരുമേനി(സ)യെ അഗാധമായി സ്നേഹിച്ചിരുന്ന ആ അനുചരൻ പ്രവാചകന്റെ പൂമേനിയിൽ മുത്തമിടാനുള്ള തന്റെ അന്ത്യാഭിലാഷം ഇങ്ങനെ സാദ്ധ്യമാക്കുകയായിരുന്നു.

വാക്കുകളിലും ചിന്തകളിലും പെരുമാറ്റത്തിലും വസ്ത്രധാരണത്തിലും ശരീരത്തിലും, വീട്ടിലും പള്ളിയിലും തെരുവിലും അവിടുന്ന്

ശുചിത്വം ഇഷ്ടപ്പെട്ടു. അദ്ദേഹം ഭക്ഷണത്തിന് മുമ്പും ശേഷവും കൈ കഴുകി വൃത്തിയാക്കുമായിരുന്നു. പ്രാർഥനക്ക് മുമ്പും ശരീരാംഗങ്ങൾ ശുചിയാക്കുമായിരുന്നു. പ്രവാചകൻ എല്ലാവർക്കും സുഖകരമായ ഒരു സാന്നിദ്ധ്യമായിരുന്നു. ശത്രുവും മിത്രവും ഒരുപോലെ അദ്ദേഹത്തിന്റെ കാരുണ്യം അനുഭവിച്ചു. അനുചരന്മാർ, ബന്ധുക്കൾ, അയൽപക്കക്കാർ, അപരിചിതർ, എല്ലാവരേയും പരിഗണിച്ച് കൊണ്ട് അവിടുന്ന് ഹൃദ്യമായി പെരുമാറി. തന്റെ അതിഥികളുടെ കാര്യങ്ങൾ അവിടുന്ന് നേരിട്ട് തന്നെ നോക്കി. പാവങ്ങളുടെ ആവശ്യങ്ങൾ വീഴ്ച്ചകൂടാതെ നിറവേറ്റിക്കൊടുത്തു. ഒരിക്കൽ പ്രാകൃതരായ ഒരു അറബി ഗോത്രത്തിന്റെ തലവൻ റസൂൽ തിരുമേനി(സ)യെ സന്ദർശിച്ചു. അവിടെ വലിയ ഒരു കൂട്ടം ആടുകൾ മേയുന്നുണ്ടായിരുന്നു. ആ ഗോത്രത്തലവൻ ആട്ടിൽ കൂട്ടത്തെ അല്ലാഹുവിന്റെ ദൂതന്റെ ഒരു സമ്മാനമെന്ന നിലക്ക് തനിക്ക് തരുമോ എന്ന് ആരായുകയുണ്ടായി. അദ്ദേഹത്തിന് അത് നൽകപ്പെട്ടു. അദ്ദേഹം തന്റെ ഗോത്രത്തിൽ ആട്ടിൻ പറ്റവുമായെത്തി അവരോട് പറഞ്ഞു: മുഹമ്മദിന് തന്റെ ദൈവത്തിൽ ദൃഢബോദ്ധ്യമുണ്ട്. അദ്ദേഹം ദാരിദ്ര്യത്തെക്കുറിച്ച് തീരെ ഭയപ്പെടുന്നില്ല. പ്രവാചകൻ തന്റെ വാക്കുകൾ പ്രാവർത്തികമാക്കുകയും കരാറുകൾ നിറവേറ്റുകയും ചെയ്തു. ഖൈബർ യുദ്ധത്തിന് ശേഷം ജൂത പ്രമാണിയുടെ ആടിനെ മേയ്ച്ചു കൊണ്ടിരുന്ന ഒരു ഇടയ ബാലൻ ഇസ്‌ലാം മതം സ്വീകരിക്കുകയുണ്ടായി. എനിക്ക് എന്റെ ജനതയിലേക്ക് തിരിച്ചു പോകാൻ സാദ്ധ്യമല്ല. എന്റെ യജമാനന്റെ ആട്ടിൻ പറ്റങ്ങളുമായി ഞാൻ എന്തു ചെയ്യാനാണ്? പ്രവാചകൻ പറഞ്ഞു: നീ ആട്ടിൻ പറ്റത്തെ ഖൈബറിന്റെ നേരെ തിരിച്ചുവിടുക. അവ അവരുടെ യജമാനന്റെയടുത്ത് എത്തിചേരുന്നതാണ്.

അവിടുത്തെ ശത്രുക്കൾപ്പോലും ഉന്നതമായ അദ്ദേഹത്തിന്റെ ധർമനിഷ്ഠയെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു. ബൈസാന്റിയൻ ചക്രവർത്തിയായിരുന്ന ഹിർക്കലിന് റസൂൽ തിരുമേനി(സ)യുടെ കത്ത് ലഭിച്ചപ്പോൾ നഗരത്തിൽ വല്ല അറബ് യാത്രാ സംഘവും ഉണ്ടോ എന്ന് അദ്ദേഹം ആരാഞ്ഞു. മക്കൻ നേതാവായിരുന്ന അബൂ സുഫിയാൻ അപ്പോൾ നഗരത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ ചക്രവർത്തി കൊട്ടാരത്തിൽ വിളിപ്പിച്ചു. ചക്രവർത്തി ചില ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിക്കുകുകയുണ്ടായി. ആ സംഭാഷണ ശകലം ഇപ്രകാരമായിരുന്നു.

**ഹിർക്കൽ ചക്രവർത്തി**: ഒരു പ്രവാചകനാണെന്ന് വാദിക്കുന്ന ഈ വ്യക്തിയെക്കുറിച്ച് താങ്കൾക്ക് അറിയുമോ? അയാൾ ഏത് കുടുംബത്തിൽ പെട്ടയാളാണ്?

**അബൂ സുഫിയാൻ**: അദ്ദേഹം വളരെ കുലീനമായ ഒരു കുടുംബത്തിൽ പിറന്നയാളാണ്.

**ഹി: ചക്രവർത്തി** : ഏതെങ്കിലും ഒരറബി ഇതിന് മുമ്പ് ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ**: ഇല്ല.

**ഹി: ചക്രവർത്തി**: അദ്ദേഹത്തിന്റെ പൂർവ പിതാക്കളിൽ ആരെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ?

**അ: സുഫിയാൻ**: ഇല്ല

**ഹി: ചക്രവർത്തി**: അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തന്മാരുമാണോ?

**അ: സുഫിയാൻ**: അവരിൽ ഭൂരിപക്ഷവും ദരിദ്രരും എളിയവരുമാണ്.

**ഹി: ചക്രവർത്തി**: അവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോ?

**അ: സുഫിയാൻ**: കൂടുകയാണ്.

**ഹി: ചക്രവർത്തി**: അദ്ദേഹം എപ്പോഴെങ്കിലും കരാർ ലംഘിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ**: ഇല്ല ഇതേവരെ ഇല്ല.

**ഹി: ചക്രവർത്തി**: അദ്ദേഹം എന്താണ് പഠിപ്പിക്കുന്നത്?

**അ: സുഫിയാൻ**: **'**നാം ഏകനായ ദൈവത്തെ മാത്രമേ ആരാധിക്കാൻ പാടുള്ളു. അവന് പങ്കാളികളെ ചേർക്കാൻ പാടില്ല. നാം സത്യമേ പറയാൻ പാടുള്ളൂ. തിന്മയും ദുരാചാരങ്ങളും ഉപേക്ഷിക്കുകയും മറ്റുള്ളവർക്ക് നന്മചെയ്യുകയും വേണം. വാഗ്ദാനങ്ങളും കരാറുകളും പാലിക്കണം.**'**

അവസാനം ഹിർക്കൽ ചക്രവർത്തി പറഞ്ഞു:

ഞാൻ താങ്കളോട് ആദ്യം അദ്ദേഹത്തിന്റെ കുടുംബത്തെ കുറിച്ച് ചോദിച്ചു. താങ്കൾ പറഞ്ഞു, അദ്ദേഹം ഉന്നത കുലജാതനായ ഒരു കുടുംബത്തിൽ നിന്ന് വരുന്നയാളാണെന്ന്. പ്രവാചകന്മാർ എപ്പോഴും ഉന്നതകുലത്തിൽനിന്നും നിന്നും വരുന്നവരാണ്. പിന്നീട് ഞാൻ ചോദിച്ചത്, അദ്ദേഹത്തിന് മുമ്പ് ആരെങ്കിലും ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നാണ്?. താങ്കൾ പറഞ്ഞു. **'ഇല്ല'**

ഞാൻ ഈ ചോദ്യം ചോദിക്കാൻ കാരണം ആരെങ്കിലും അത്തരത്തിൽ വാദിച്ചിട്ടുണ്ടെങ്കിൽ ആ പാത അദ്ദേഹം പിന്തുടരുന്നതാകാം. അദ്ദേഹം എപ്പോഴെങ്കിലും കളവ് പറയുകയുണ്ടായിട്ടുണ്ടോ എന്ന് ഞാൻ ആരായുകയുണ്ടായി. താങ്കൾ പറഞ്ഞു: **'ഒരിക്കലുമില്ല'** എന്ന്. മനുഷ്യനോട് കളവ് പറയാത്തവൻ ദൈവത്തിന്റെ പേരിൽ കളവ് പറയില്ല എന്ന് എനിക്കുറപ്പാണ്. താങ്കളോട് ചോദിച്ചു അദ്ദേഹത്തിന്റെ പൂർവ പിതാക്കന്മാരിലാരിലെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ എന്ന്. താങ്കൾ പറഞ്ഞു. **'ഇല്ല'**

ഇതിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് പൂർവികമായ എന്തെങ്കിലും സാമ്രാജ്യം വീണ്ടെടുക്കാനുള്ള ശ്രമമല്ല അദ്ദേഹം നടത്തുന്നതെന്നാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തരുമാണോ എന്നാ

യിരുന്നു. താങ്കൾ പറഞ്ഞു അവരിൽ മിക്കപേരും പാവങ്ങളും എളിയവരുമാണെന്ന്. പ്രവാചകന്മാരുടെ അനുയായികൾ മിക്കപ്പോഴും അങ്ങനെ തന്നെയാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത്? താങ്കൾ പറഞ്ഞു: 'അവർ വർധിക്കുകയാണെന്ന്.' പ്രവാചകന്മാരുടെ അനുയായികൾ എപ്പോഴും വർധിക്കുകയാണ് ചെയ്യുക. ഞാൻ ചോദിച്ചു അദ്ദേഹം എപ്പോഴെങ്കിലും കളവ് പറഞ്ഞിരുന്നുവോ എന്ന്. താങ്കൾ പറഞ്ഞു: 'ഇല്ല് ' എന്ന്. ഇതാണ് സച്ചരിതരുടെ മാർഗം. അദ്ദേഹം ഒരു സത്യ പ്രവാചകനാണെന്നാണ് ഇതെല്ലാം കാണിക്കുന്നത്. നമ്മുടെ ഈ കാലഘട്ടത്തിൽ തന്നെയാണദ്ദേഹം അവതരിക്കുന്നതെന്ന് ഞാനും പ്രതീക്ഷിച്ചിരുന്നു. പക്ഷേ അദ്ദേഹം ഒരറബിയായിരിക്കുമെന്ന് ഞാൻ നിനച്ചിരുന്നില്ല. താങ്കൾ പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം ഈ രാജ്യത്തും വികസിക്കും.

പ്രവാചകൻ ദൈവത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്. അവനിൽ മാത്രമാണ് അവിടുന്ന് വിശ്വാസമർപ്പിച്ചത്. അവിടുത്തെ ദൗത്യത്തിൽ അദ്ദേഹത്തിന് പൂർണ വിശ്വാസമായിരുന്നു. അതിന്റെ സമ്പൂർണ വിജയത്തിൽ ആവേശം കൊണ്ടു. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ഓരോ മണിക്കൂറും ഓരോ ദിവസവും ദൈവത്തെയാണ് അവിടുന്ന് മനസ്സിൽ ധ്യാനിച്ചത്. നിന്നും നടന്നും കിടന്നും അദ്ദേഹം അവനെ ആരാധിച്ചു. ഉറങ്ങാൻ കിടക്കുന്നതിന് മുമ്പും, നടക്കുമ്പോഴും ഭക്ഷണം കഴിക്കുന്നതിന് മുമ്പും പിമ്പും വീട്ടിലും പള്ളിയിലും പ്രവേശിക്കുമ്പോഴും വീട്ടിൽ നിന്നിറങ്ങുമ്പോഴും സ്നേഹിതന്മാരെ കണ്ടു മുട്ടുമ്പോഴും വേർപിരിയുമ്പോഴും സദ്വാർത്തകൾ കേൾക്കുമ്പോഴും പുതു വസ്ത്രങ്ങൾ ധരിക്കുമ്പോഴും പ്രകൃതിയുടെ വിളിക്ക് ഉത്തരം നൽകാൻ പോകുമ്പോഴും അത് കഴിഞ്ഞതിന് ശേഷവും ചുരുക്കത്തിൽ ജീവിതത്തിന്റെ സമസ്ത സന്ദർഭങ്ങളിലും പ്രത്യേകമായും സ്ഥിരമായും സുദീർഘമായി അദ്ദേഹം ദൈവത്തോട് പ്രാർഥിച്ചു. ചിലപ്പോൾ രാത്രി മുഴുവൻ അദ്ദേഹം പ്രാർഥനയിൽ മുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവത്തോടുള്ള പ്രാർഥനയായിരുന്നു. പ്രവാചകൻ അല്ലാഹുവിനെയല്ലാതെ മറ്റൊരാളേയും ഭയപ്പെട്ടില്ല. ഹവാസിൽ യുദ്ധക്കളത്തിൽ മുസ്‌ലിം സൈന്യം ചിതറിയോടി. പ്രവാചകൻ തന്റെ ഏതാനും അനുചരന്മാരോടൊപ്പം യുദ്ധക്കളത്തിൽ നിലയുറപ്പിച്ചു. ശത്രുക്കൾ ഇരുവശത്ത് നിന്നും അമ്പുകൾ എയ്തുകൊണ്ടിരുന്നു. അബൂബക്കറിനോട് തന്റെ കോവർക്കഴുതയെ മാത്രം വിടുവാൻ പ്രവാചകൻ നിർദേശിച്ചു. കുതിമുള്ളടിച്ചുകൊണ്ട് ആ മൃഗത്തെ പ്രവാചകൻ മുന്നോട്ട് നയിച്ചു. എന്നിട്ടു പറഞ്ഞു: 'ഞാൻ പ്രവാചകനാണ്. ഞാൻ കള്ളനല്ല. ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ്.'

ഒരിക്കൽ മദീനയിൽ മുസ്‌ലിംകൾ വമ്പിച്ച ഒരാക്രമണത്തിന്റെ ഭീതിയിലായിരുന്നു. രാത്രി മുഴുവൻ അവർ ഉറക്കമിളച്ച് കാത്തിരുന്നു. ഒരിക്കൽ മുന്നറിയിപ്പു നൽകുന്ന അപായ വെളിച്ചം പ്രത്യക്ഷപ്പെട്ടു. ഒരു സംഘം ആളുകൾ ആ വെളിച്ചത്തിന്റെ കാരണം അന്വേഷിക്കാൻ അവിടെ എത്തി. പെട്ടെന്ന് തന്നെ ഒരാൾ കുതിരപ്പുറത്ത് വരുന്നതായിക്കണ്ടു. അത് പ്രവാചകനായിരുന്നു. അവിടുന്ന് പറഞ്ഞു: 'പേടിക്കാനൊന്നുമില്ല'. അപായത്തിന്റെ സൂചന ലഭിച്ചപ്പോൾ ആ ദിശയിലേക്ക് ഉടൻ തന്നെ ഒറ്റക്ക് കുതിരപ്പുറത്ത് ആദ്യം എത്തിയത് റസൂൽ തിരുമേനി(സ)യായിരുന്നു. പാവങ്ങളോട് വളരെ ഹൃദയാലുവായിരുന്നു റസൂലുല്ല. സമ്പന്നരേയും അദ്ദേഹം പരിഗണിക്കാതിരുന്നില്ല. പക്ഷേ അവരുടെ സമ്പത്തിൽ പാവങ്ങൾക്ക് അവരുടേതായ പങ്കുണ്ടെന്ന് എപ്പോഴും അവരെ ഓർമപ്പെടുത്തിക്കൊണ്ടിരുന്നു. പണക്കാർ പണക്കാരായിരിക്കുന്നത് പാവങ്ങൾ കാരണമാണെന്നും അവിടുന്ന് ഓർമപ്പെടുത്താറുണ്ടായിരുന്നു. അദ്ദേഹത്തിന് ലഭിച്ച സ്വർണമോ വെള്ളിയോ യാതൊന്നും തന്നെ അവിടുന്ന് വീട്ടിലേക്ക് കൊണ്ടു പോകുമായിരുന്നില്ല. ആരെങ്കിലും എന്തെങ്കിലും അവിടുത്തേക്ക് നൽകുകയാണെങ്കിൽ അദ്ദേഹം ഉടൻ തന്നെ അത് പാവങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു ഗോത്ര ജനത മദീനയിലെത്തി. അവർ വളരെ ദരിദ്രരായിരുന്നു. പട്ടിണിയുടെ കാഠിന്യത്താൽ അവരുടെ മുഖം കരുവാളിച്ചിരുന്നു. ദൈന്യതയും ദാരിദ്ര്യവും അവരുടെ മുഖങ്ങളിൽ പ്രകടമായിരുന്നു. അവിടുന്ന് ആ ജനതയെ കണ്ടപ്പോൾ അത്യധികം ദുഃഖിതനായി. അവിടുന്ന് മുസ്‌ലിംകളെയെല്ലാം പള്ളിയിൽ വിളിച്ചു കൂട്ടി. കൈയിലുള്ളതെല്ലാം കൊണ്ടു വരുവാൻ കൽപ്പിച്ചു. വസ്ത്രങ്ങൾ, ധാന്യങ്ങൾ, ഈത്തപ്പഴം മുതലായ എന്തു തന്നെയായാലും കൈയ്യിലുള്ളതെല്ലാം കൊണ്ടു വരുവാൻ പറഞ്ഞു. തുണിത്തരങ്ങൾ, കരുതിവച്ച ധാന്യങ്ങൾ അങ്ങനെ പല വസ്തുക്കളും കൊണ്ടുവന്നു. അതിലൊരു അനുചരൻ വലിയ ഒരു ഭാണ്ഡത്തിൽ നിറയെ സ്വർണനാണയങ്ങൾ കൊണ്ടുവന്നു. അവിടുത്തെ മുമ്പിൽ അതെല്ലാം കൂട്ടിയിട്ടു. അവിടുത്തെ മുഖം ചന്ദ്രനെപോലെ സന്തോഷം കൊണ്ട് വെട്ടി തിളങ്ങി. ആ കൂമ്പാരങ്ങളെല്ലാം പാവങ്ങൾക്ക് അദ്ദേഹം ഒരു തരി പോലും ശേഷിക്കാത്ത വിധം വിതരണം ചെയ്തു.

പരസ്പരം സ്നേഹിക്കാൻ അവിടുന്ന് മുസ്‌ലിംകളോട് എപ്പോഴും ഉപദേശിച്ചു കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഏതൊരുവനും താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ട

പ്പെടണം.'

ഇതായിരുന്നു ഇക്കാര്യത്തി ലുള്ള അദ്ദേഹത്തിന്റെ ഒരു നിർദേശം.

സൂക്ഷിക്കുക ഒരു മുസ്ലിം മറ്റൊരു മുസ്ലിമുമായി യുദ്ധം ചെയ്യുക എന്നത് കുഫ്റാണ്. (അനിസ്ലാമികം). അവനെ ചീത്ത വിളിക്കൽ പാപമാണ്. മൂന്ന് ദിവസ ത്തിലധികം ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനോട് മിണ്ടാതിരിക്കുന്നത് അനുവദനീയമല്ല. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ കണ്ടാൽ സലാം ചൊല്ലി ഹസ്തദാനം ചെയ്യണമെന്നും ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന് ഉപഹാരങ്ങൾ നൽകണമെന്നും ഭക്ഷണത്തിന് ക്ഷണിക്കണമെന്നും രോഗിയായാൽ സന്ദർശിക്കണമെന്നും മരിച്ചാൽ മൃതദേഹ സംസ്കരണത്തിൽ സഹകരിക്കണമെന്നും റസൂൽ തിരുമേനി(സ) ഉപദേശിക്കുകയു ണ്ടായി. മാത്രമല്ല മനുഷ്യവംശത്തി ന്റെ ശ്രേയസ്സിന് വേണ്ടി തന്റെ ശത്രുവിനോട് പോലും നീതിയോട് കൂടി പെരുമാറണം. തന്റെ ഏറ്റവുമടുത്ത ബന്ധുവിനെതിരാ യാൽ പോലും സത്യം പറയണം, സമൂഹത്തിൽ ശാന്തി പരത്തണം, പാവങ്ങളുടെ പട്ടിണി അകറ്റണം. പരസ്യമായി നിയമം ലംഘിക്കുന്ന വനോടൊഴികെ അവിടുന്ന് ഒരിക്ക ലും ആരോടും കഠിനമായി പെരു മാറിയിരുന്നില്ല. പാവങ്ങളോടും ദരിദ്രരോടും അവിടുത്തെ ഹൃദയം എപ്പോഴും കരുണാർദ്രമായിരുന്നു. ഒരു ക്ഷാമകാലത്ത് ഇബാദുബ്നു ശാർജിൽ എന്നയാൾ ഒരാളുടെ തോട്ടത്തിൽ നിന്ന് ഒരു പഴം പറിച്ചു. തോട്ടമുടമ അയാളെ പിടികൂടി മർദിച്ചു. അവനെ വിവസ്ത്രനാക്കി. അവർ ഇരുവരും പ്രവാചകനു മുമ്പിൽ ഹാജരാക്ക പ്പെട്ടു. അദ്ദേഹം തോട്ടക്കാരനോട് പറഞ്ഞു: ഈ മനുഷ്യൻ അറിവില്ലാ ത്തവനാണ്. താങ്കൾ അദ്ദേഹത്തിന് സദ് പെരുമാറ്റം പറിപ്പിക്കണം. അദ്ദേഹം വളരെ വിശന്നിട്ടുണ്ട്. താങ്കൾ അദ്ദേഹത്തിന്റെ വിശപ്പടക്കണം. അതിന് ശേഷം തോട്ടമുടമ അയാളുടെ വസ്ത്രം തിരിച്ചു നൽകുകയും നഷ്ടപരിഹാരമായി അയാൾക്ക് ഒരളവ് ധാന്യം നൽകുകയും ചെയ്തു. എന്നാൽ പണക്കാരായ കുറ്റവാളികളോട് അവിടുന്ന് ഒരിക്കലും വിട്ട് വീഴ്ച്ച കാട്ടിയിരുന്നില്ല. ഒരിക്കൽ ധനികരും ശക്തരുമായ ഒരു ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തി നിയമപ്രകാരം അവരെ ശിക്ഷി ക്കാൻ അവിടുന്ന് തീരുമാനിച്ചു. ഉന്നതകുലജാതയും സമ്പന്നയു മായ അവരെ വിട്ടയക്കണമെന്ന് പലരും പ്രവാചകനോട് അഭ്യർഥി ച്ചു. അവിടുന്ന് കോപാകുലനായി പ്രതികരിച്ചത് ഇപ്രകാരമായുന്നു: ഇസ്റയേലികൾ നശിപ്പിക്കപ്പെടാൻ കാരണം അവർക്കിടയിലെ പാവ ങ്ങൾ കുറ്റം ചെയ്താൽ അവർ ശിക്ഷിക്കപ്പെടുകയും ധനികർ കുറ്റം ചെയ്താൽ അവരെ വെറുതെ വിടുകയും ചെയ്യുന്നത് മൂലമായിരു ന്നു.

നിത്യവൃത്തിക്കായി അദ്ധ്വാ നിച്ച് ജീവിക്കുന്നവനെ റസൂൽ തിരുമേനി(സ) വലിയ തോതിൽ പരിഗണിച്ചിരുന്നു. ഒരാൾ തന്റെ അഭിമാനം സംരക്ഷിക്കാൻ വിറക് പുറത്ത് ചുമന്ന് കൊണ്ട് അങ്ങാടി യിൽ കൊണ്ട് പോയി വിറ്റ് ഉപജീവ നം നടത്തുന്നതാണ് യാചനയേ ക്കാൾ ഉത്തമം. പ്രവാചകൻ ഒരിക്കലും താൻ മറ്റുള്ളവരേക്കാൾ ഉന്നതനാണെന്ന് സ്വയം കരുതിയിരു ന്നില്ല. യുദ്ധ സമയത്തും സമാധാന കാലത്തും അവിടുന്ന് ഒരു സാധാരണക്കാരനെ പോലെയോ അവരിലൊരാളെ പോലെയോ പ്രവർത്തിച്ചു. അദ്ദേഹത്തിന് ഇരിക്കാൻ പ്രത്യേക ഇരിപ്പിടം ഒരുക്കിയിരുന്നില്ല. അവരിലൊരാളെ പോലെയായിരുന്നു അവിടുന്ന് അവർക്കിടയിൽ ഇരുന്നിരുന്നത്. തന്റെ അനുയായികൾക്കിടയിൽ റസൂൽ തിരുമേനി(സ) ഇരിക്കു മ്പോൾ ഒരിക്കലും ഒരു അപരിചിത ന് അദ്ദേഹത്തെ തിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല. അവർക്കിട യിലെ നേതാവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവർക്കിടയിൽ സാധാരണക്കാരനായി അവിടുന്ന് പെരുമാറി. ഒരിക്കൽ ഒരു യാത്ര യിൽ അവിടുത്തെ അനുചരന്മാർ ക്കിടയിൽ ഓരോ പ്രവർത്തികൾ വീതിക്കപ്പെട്ടു. പ്രവാചകന് ലഭിച്ച ജോലി പാചകത്തിന് വേണ്ടി വിറക് ശേഖരിക്കുക എന്നതായിരുന്നു. അനുചരമാർ അദ്ദേഹത്തെകൊണ്ട് ആ പ്രവൃത്തി ചെയ്യാൻ അനുവദി ച്ചില്ല. അവർ പറഞ്ഞു ആ പ്രവർത്തിയെല്ലാം ഞങ്ങൾ ചെയ്യാം അങ്ങ് വിശ്രമിക്കൂ. അവിടുന്ന് പ്രതിവചിച്ചു: ഞാൻ ഒരിക്കലും ഒരു പ്രത്യേക പരിഗണന ഇഷ്ടപ്പെടു ന്നില്ല. തന്നോടൊപ്പമുള്ളവരെക്കാൾ വലിയവനാണെന്ന് കരുതുന്നയാളെ ദൈവം ഇഷ്ടപ്പെടില്ല. ബദർ യുദ്ധ വേളയിൽ മുസ്ലിംകളുടെ യുദ്ധസാമഗ്രികൾ തുലോം പരിമിതമായിരുന്നു. മൂന്നുപേർ ഊഴം വെച്ചായിരുന്നു ഒട്ടകപ്പുറത്ത് സഞ്ചരിച്ചിരുന്നത്. തങ്ങളുടെ എല്ലാമായ റസൂൽ തിരുമേനി(സ) ഒട്ടകപ്പുറത്ത് സവാരി ചെയ്യണ മെന്നും തങ്ങൾ നടക്കാമെന്നും അനുചരന്മാർ നിർബന്ധിച്ചു. പ്രവാചകൻ പറഞ്ഞു: ' നിങ്ങൾക്ക് എന്നെക്കാൾ വേഗത്തിൽ നടക്കാൻ സാദ്ധ്യമല്ല. അല്ലാഹുവിന്റെ പക്കൽ നിന്ന് നിങ്ങളേക്കാൾ പ്രതിഫലം കിട്ടാൻ കൊതിക്കുന്നയാളാണ് ഞാൻ '

അവിടുന്ന് വീട്ടു ജോലി കളിൽ ഭാര്യമാരെ സഹായിക്കു മായിരുന്നു. ആയിശ (റ)പറയുന്നു: ഗൃഹ ജോലികളിൽ അവിടുന്ന് പങ്കെടുക്കുമായിരുന്നു. കീറിയ വസ്ത്രങ്ങൾ അദ്ദേഹം തന്നെ സ്വന്തം കൈ കൊണ്ട് തുന്നുകയും നിലം അടിച്ചുവാരി വൃത്തിയാക്കു കയും ചെയ്യുമായിരുന്നു. ആടിന്റെ പാൽ കറക്കുകയും അങ്ങാടിയിൽ നിന്ന് സാധനങ്ങൾ വാങ്ങി വരിക യും ചെരുപ്പ് തുന്നുകയും, തൊട്ടി നന്നാക്കുകയും ഒട്ടകത്തെ പരി പാലിക്കുകയും അതിന് തീറ്റകുഴ ക്കുകയും ചെയ്യുമായിരുന്നു.

മദീനയിലെ ഏതൊരു അടിമ സ്ത്രീക്കും അദ്ദേഹത്തെ സഹായ ത്തിനായി വിളിക്കാമായിരുന്നു. ഏറ്റവും താഴെക്കിടയിലുള്ളവർ വിളിച്ചാലും ഏപ്പോഴും അയാളെ സഹായിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. റസൂൽ തിരു മേനി(സ)നിക്ക് ചെറുപ്പം മുതൽക്കേ അറിയുമായിരുന്ന ഹിന്ദ് ഇബ്നു ഹാല പറയുന്നു: അവിടുന്ന് വളരെ മൃദുല ചിത്തനായിരുന്നു. ഒരിക്കലും കഠിനമായി പെരുമാറിയിരുന്നില്ല. അവിടുന്ന് ആരേയും അപമാനി ച്ചില്ല. ചെറിയ ഉപകാരത്തിന് പോലും വളരെയേറെ നന്ദി പ്രകടിപ്പിക്കുമായിരുന്നു. അദ്ദേഹ ത്തിന്റെ മുമ്പിലുള്ളതെന്തോ അതിൽ നിന്ന് അദ്ദേഹം ഭക്ഷിക്കുമായിരുന്നു. ഒന്നിനേക്കു റിച്ചും കുറ്റം പറയില്ല. സത്യത്തിനെ തിരെ നിന്നെങ്കിൽ മാത്രമേ അരോ ടും അവിടുന്ന് ദേഷ്യപ്പെട്ടിരുന്നു ള്ളു. തന്റെ വ്യക്തിപരമായ കാര്യ ത്തിന് ഒരിക്കലും ആരോടും ദ്വേഷ്യപ്പെട്ടിരുന്നില്ല. അവിടുന്ന് ഒരിക്കലും ആരോടും പ്രതികാരം ചെയ്തിരുന്നില്ല.

ആയിശ (റ) പറയുന്നു: 'പ്രവാചകൻ ആരെക്കുറിച്ചും ദോഷം പറയുമായിരുന്നില്ല. അവിടു ന്ന് തിന്മക്കെതിരെ ഒരിക്കലും തിന്മ ചെയ്തിരുന്നില്ല. അവിടുന്ന് എപ്പോഴും മാപ്പും വിട്ടുവീഴ്ച്ചയും നൽകി. ഏതെങ്കിലും തിരഞ്ഞെടു ക്കേണ്ട സന്ദർഭം വന്നാൽ അത് തിന്മയല്ലെങ്കിൽ അവിടുന്ന് ഏറ്റവും എളുപ്പമുള്ളത് തിരഞ്ഞെടുക്കു മായിരുന്നു. അത് പാപ മാണെങ്കിൽ മറ്റാരെക്കാളും അതുമായി ദൂര ത്തിൽ വർത്തിക്കുന്നത് അവിടുന്നാ യിരിക്കും. വ്യക്തിപരമായ കാര്യ ത്തിന് അദ്ദേഹം ആരോടും പ്രതികാര വാഞ്ച കാണിച്ചിരുന്നില്ല. ആരെങ്കിലും നിയമം ലംഘിച്ചാൽ ദൈവത്തിന്റെ നിയമത്തിനനു സരിച്ച് അദ്ദേഹം വിധികൽപ്പി ക്കുമായിരുന്നു. ഒരു മുസ്‌ലിമിനേ യും അദ്ദേഹം ശപിച്ചിട്ടില്ല. അവിടുന്ന് ഒരിക്കലും തന്നെ ഒരു അടിമ പുരുഷനേയോ സ്ത്രീയേ യോ അദ്ദേഹത്തിന്റെ സേവകനേ യോ സേവികയേയോ എന്തിനധികം ഒരു മൃഗത്തെ പോലും അടിച്ചിട്ടില്ല. അനുചിതമായ അഭ്യർഥനയൊഴി കെ ആരുടെ അഭ്യർഥനയും അദ്ദേഹം നിരാകരിച്ചില്ല. വീട്ടിൽ എപ്പോഴും പുഞ്ചിരിക്കുന്ന മുഖവു മായിട്ടായിരിക്കും അദ്ദേഹം പ്രവേശിച്ചിരുന്നത്. അനുചരരുടെ കൂടെ ഇരിക്കുമ്പോൾ അവർക്ക് നേരെ ഒരിക്കലും കാൽ നീട്ടി വെക്കുമായിരുന്നില്ല. വളരെ സാവകാശത്തിലായിരുന്നു അവിടു ന്ന് സംസാരിച്ചിരുന്നത്. ആർക്കെങ്കി ലും അത് ഓർമയിൽ സൂക്ഷിച്ചു വെക്കണമെങ്കിൽ അവർക്ക് അപ്ര കാരം ചെയ്യാമായിരുന്നു.

അലി (റ) റസൂൽ തിരുമേനി യെക്കുറിച്ച് പറയുന്നു:

'അവിടുന്ന് സദാ സുസ്മേര വദനനും മൃദുലചിത്തനുമായിരു ന്നു. കരുണാർദ്രനായിരുന്ന അവിടു ന്ന് സങ്കുചിതമനസ്ക്കനോ കഠിന ഹൃദയനോ ആയിരുന്നില്ല. ഒരിക്ക ലും അട്ടഹസിച്ചിരുന്നില്ല. കഠിന പദംപോലും ഉച്ചരിച്ചിരുന്നില്ല. ആരുടെ പ്രവർത്തികളിലും കുറ്റ മൊന്നും കണ്ടിരുന്നില്ല. ആരെ ക്കൊണ്ടും കഠിനമായി ജോലി ചെയ്യിച്ചിരുന്നില്ല. അദ്ദേഹത്തിന് ഇഷ്ടപ്പെടാത്ത കാര്യമാണെങ്കിൽ സൗമ്യപൂർവം തന്റെ വിപ്രതിപത്തി പ്രകടിപ്പിക്കുമായിരുന്നു. അവിടു ത്തെ നല്ലത് പോലെ അറിയുന്ന വർക്ക് അദ്ദേഹത്തിന്റെ നിശ്ശബ്ദത എന്താണെന്നറിയുമായിരുന്നു. അവിടുന്ന് മൂന്ന് കാര്യങ്ങൾ സ്വയം ഇഷ്ടപ്പെട്ടിരുന്നില്ല. അനാവശ്യമായ വാദസമർഥനം, വൃഥാ വർത്തമാ നം, അദ്ദേഹത്തെ സംബന്ധിക്കാത്ത കാര്യങ്ങളിലുള്ള താൽപര്യം, മറ്റുള്ളവരുടെ കാര്യത്തിൽ അവിടു ന്ന് മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടി രുന്നില്ല. അന്യരെക്കുറിച്ച് ഒരിക്കലും കുറ്റം പറഞ്ഞിരുന്നില്ല. അന്യരുടെ സ്വകാര്യതയിലേക്ക് ചുഴിഞ്ഞു നോക്കിയിരുന്നില്ല. ഉപകാരപ്രദമായ കാര്യങ്ങൾ അവിടുന്ന് സംസാരി ക്കുമായിരുന്നു. അനുചരന്മാരോട് അദ്ദേഹം സംസാരിക്കുമ്പോൾ അവർ നിശബ്ദത പാലിച്ചിരുന്നു. ഒരു പക്ഷി വന്ന് നിന്നാലെന്ന പോലെ അവരുടെ ശിരസ്സുകളെ ല്ലാം കുനിഞ്ഞിരുന്നു. അദ്ദേഹം നിശബ്ദനായാൽ മാത്രമേ അവർ സംസാരിച്ചിരുന്നുള്ളൂ. ആരെങ്കിലും അദ്ദേഹത്തോട് സംസാരിക്കുമ്പോ ൾ അയാൾ സംസാരിച്ചു തീരുന്നത് വരെ അത് ശ്രദ്ധാപൂർവം കേൾക്കു മായിരുന്നു. ആളുകൾ എന്തെങ്കി ലും കേട്ട് ചിരിക്കുകയാണെങ്കിൽ അദേഹം അവരുടെ കൂടെ പുഞ്ചിരിക്കുമായിരുന്നു. പുറത്ത് നിന്ന് ആരെങ്കിലും കഠിനമായി സംസാരിക്കുകയാണെങ്കിൽ അവിടുന്ന് ക്ഷമയോടെ അത് കേൾക്കുമായിരുന്നു. തന്നെ സ്തുതിച്ചു പറയുന്നത് ഒരിക്കലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ ആരെങ്കിലും എന്തെങ്കിലും ഉപകാരം ചെയ്തതിന്റെ പേരിൽ അദ്ദേഹത്തിന് നന്ദി പറഞ്ഞെങ്കിൽ അത് ഹാർദമായി സ്വീകരിക്കു മായിരുന്നു. ആരെങ്കിലും സംസാരി ക്കുമ്പോൾ അദ്ദേഹം ഒരിക്കലും ഇടക്ക് കയറി ഇടപെടാറില്ലാ യിരുന്നു. സംസാരിക്കുന്നയാൾ നിശബ്ദനായെങ്കിൽ മാത്രമേ അദ്ദേഹം സംസാരം തുടങ്ങുകയു ള്ളൂ. അദ്ദേഹം അസാമാന്യമാം വിധം വിശാല ഹൃദയനായിരുന്നു. ഏറ്റവും സത്യസന്ധനുമായിരുന്നു. അങ്ങേയറ്റം കരുണയുള്ളവനും ഏറ്റവും നല്ല സ്നേഹിതനുമായി രുന്നു.

പ്രവാചകൻ തന്റെ കുടും ബാംഗങ്ങളോട് വളരെ ആദര വായ്പോടെയാണ് പെരുമാറി യിരുന്നത്. അവിടുന്ന് ഒരിക്കലും തന്റെ ആദ്യ പത്നി ഖദീജയെ മറന്നിരുന്നില്ല. അവരായിരുന്നു പ്രവാചകനെ സ്വീകരിച്ച ആദ്യ വ്യക്തിയും. അവിടുന്ന് സ്നേ ഹമുള്ള പിതാവും സ്നേഹമുള്ള ഭർത്താവുമായിരുന്നു. എല്ലാറ്റിനുമു പരിയായി അദ്ദേഹം അല്ലാഹുവിന്റെ

ശേഷം പേജ് 42 ൽ

# നിരക്ഷരനായ പ്രവാചകൻ

റസൂൽ തിരുമേനി (സ) നിരക്ഷരനായിരുന്നു എന്ന് വിശുദ്ധ ഖുർആൻ ഊന്നി പറയുന്നു. ആ മഹാത്മാവിന്ന് ലഭിച്ച ജ്ഞാനം മുഴുവനും ശുദ്ധ വെളിപാടുകളിൽ നിന്നായിരുന്നു. ഗ്രന്ഥപരായണത്തിൽ നിന്നല്ല. ഉമ്മി എന്നതിന്ന് ഉമ്മയുമായി മാത്രം ബന്ധപ്പെട്ടത് അഥവാ നവജാത ശിശുവിനെ പോലെ അന്യങ്ങളിൽ നിന്ന് പരിശുദ്ധൻ എന്ന ദ്വിതീയാർത്ഥവുമുണ്ട്.

മുഹമ്മദ് ഉമർ, കോഴിക്കോട്

പ്രവാചക ശ്രേഷ്ഠനും മനുഷ്യകുലത്തിന്റെ ആത്മീയ മാർഗ ദർശകനും ലോകാനുഗ്രഹി യുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സൃഷ്ടിച്ച മഹാപരി വർത്തനങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിച്ചതാണ്. ചരിത്രത്തിൽ അതുല്യമായ വ്യക്തി മുദ്ര പതിപ്പിച്ച റസൂൽ നിരക്ഷരനായിരുന്നു അഥവാ ഉമ്മി ആയിരുന്നു. മനുഷ്യ സമൂഹത്തിന്റെ സമസ്ത മേഖലയിലും സമൂല വിപ്ലവം വരുത്തുകയും സ്വാധീനിക്കുകയും ചെയ്ത റസൂൽ തിരുമേനി(സ) യുടെ ജ്ഞാന സ്റോതസ്സ് ശുദ്ധമായ വെളിപാടുകൾ മാത്രമായിരുന്നു. കലർപ്പില്ലാത്ത ഈ ദൈവിക സ്റോതസ്സു മാത്രമായിരുന്നു റസൂൽ(സ) തിരുമേനിയുടെ ജ്ഞാനത്തിന്റെ ഉറവിടം

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് **'ഉമ്മി'** എന്നതിന്റെ അർഥം ഉമ്മയുമായി അഥവാ മാതാവുമായി അഭേദ്യമായി ബന്ധപെട്ടത് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് നവജാത ശിശുവിനെ പോലെ പരിശുദ്ധൻ. റസൂൽ തിരുമേനി (സ) മാനുഷികമായ മറ്റു ഉറവിടങ്ങളിൽ നിന്നൊന്നും തന്നെ ജ്ഞാനം സ്വീകരിച്ചിട്ടില്ല. അദ്ദേഹത്തിന് ലഭ്യമായതെല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. ഇസ്ലാം മതത്തിന്റെ ദൈവികതയെ സംബന്ധിച്ച് ഈ സ്വഛതയാണ് ഉമ്മിയിൻ ആയ പ്രവാചകൻ എന്ന വിശേഷണത്തിൽ നിറഞ്ഞു നിൽക്കുന്നധ്വനി. മറ്റു പ്രവാചകന്മാരെക്കുറിച്ച് ഊന്നി പറയാത്ത ഒരു ഗുണം റസൂൽ തിരുമേനി (സ) യെ സംബന്ധിച്ച് ഊന്നിപ്പറയാനുള്ള ഒരു കാരണം ഇതാണ്.

ലോകത്തിന് ശാശ്വതമായ ആത്മീയ ജ്ഞാനത്തിന്റെ ഭണ്ഡാരമായ വിശുദ്ധ ഖുർആൻ നൽകി അനുഗ്രഹിച്ച ആ പുണ്യാത്മാവ് എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിയായിരുന്നുവെന്ന് തിരുമേനി(സ)ക്ക് മാത്രം സ്വന്തമായുള്ള ഒരു ആത്മീയ മഹൽ പ്രതിഭാസമാണ്. മറ്റൊരു പ്രവാചകനേയും വിശുദ്ധ ഖുർആനോ വേറെയേതെങ്കിലും ഒരു വേദഗ്രന്ഥമോ ഉമ്മി എന്ന് വിശേഷിഷിപ്പിച്ചിട്ടില്ല.

വിശുദ്ധ ഖുർആൻ തിരുനബി(സ)യെ ഉമ്മിയെന്നും അദ്ദേഹത്തിന്റെ സമുദായത്തെ ഉമ്മിയീൻ എന്നും വിശേഷിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് റസൂൽ കരിം (സ) നെ കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

***'നിരക്ഷര പ്രവാചകനായ ഈ ദൂതനെ (അതായത് മുഹമ്മദ് നബി(സ)യെ പിൻപറ്റുന്നവരാണവർ. അദ്ദേഹത്തെ സംബന്ധിച്ച് അവരുടെ അടുക്കലുള്ള തൗറാത്തിലും ഇഞ്ചീലിലിലും രേഖപ്പെടുത്തിയതായി അവർ കണ്ടെത്തുന്നു.'***
(7:158) ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയെ കുറിച്ച് അല്ലാഹു ഇപ്രകാരം അരുൾ ചെയ്തു.

യഹൂദി നസാറാക്കളുടെ വേദ ഗ്രന്ഥമായ തൗറാത്തിലും ഇഞ്ചീലിലും നിരക്ഷരനായ ഒരു പ്രവാചകനെപ്പറ്റി അതായത് മുഹമ്മദ് നബി(സ)യെ പറ്റി എഴുപ്പെട്ടിരിക്കുന്നു. മറ്റൊരു പ്രവാചകനും ഈ സവി ശേഷതയുള്ളതായി ഒരു ഗ്രന്ഥവും പ്രതിപാദിക്കുന്നില്ല.

തുടർന്ന് അല്ലാഹു പറയുന്നു:

***നീ പറയുക. അല്ലയോ ജനങ്ങളെ നിശ്ചയമായും ഞാൻ നിങ്ങൾക്കെല്ലാവർക്കുമുള്ള ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരാരാധകനുമില്ല തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊ***

***ണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. (അല്ലാഹുവിലും അവന്റെ വചനത്തിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക) നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക. (7:159)***

ഇവിടെ സർവ ജനങ്ങൾക്കും സ്ഥലകാലാദികൾക്കും അതീതമായ മാർഗ ദർശനത്തോടു കൂടി അവതീർണ്ണനായ ഹദ്റത്ത് മുഹമ്മദ് നബി (സ) യെ ഒരു ഉമ്മിയായി നിരക്ഷരനായിട്ടാണ് വിശേഷിപ്പിപ്പിച്ചിരിക്കുന്നത്.

ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പ്രഥമ അഭിസംബോധകരായ അറബികളെ കുറിച്ച് അവർ നിരക്ഷരരായിരുന്നു വെന്ന് സൂചിപ്പിച്ച്കൊണ്ട് അല്ലാഹു പറയുന്നു:

***ഗ്രന്ഥം നൽകപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങൾ (അല്ലാഹുവിന് സ്വയം) അർപ്പണം ചെയ്യുന്നുണ്ടോ എന്ന് ചോദിക്കുക. അങ്ങനെ അവർ അർപ്പണം ചെയ്യുന്നുവെങ്കിൽ അവർ നേർ മാർഗം പ്രാപിച്ചവരായി തീരുന്നു. ഇനി അവർ പിന്തിരിഞ്ഞു കളയുമെങ്കിൽ (സന്ദേശം) എത്തിക്കുക എന്നത് മാത്രമാണ് നിനക്കുള്ള ബാദ്ധ്യത. അല്ലാഹു ദാസന്മാരുടെ സ്ഥിതി ഗതികൾ നന്നായി അറിയുന്നവനാണ്. (3:21)***

ഇവിടെ അല്ലാഹു യഹൂദി നസാറാക്കളായ ഗ്രന്ഥാനുസാരികൾക്കും അവരിൽ പെടാത്ത നിരക്ഷരരായ അറബികൾക്കും ഇസ്ലാം മതം ആശ്ലേഷിക്കുവാനുള്ള സന്ദേശം എത്തിക്കണമെന്ന് ഹദ്റത്ത് റസൂൽ തിരുമേനി (സ) യോട് ആജ്ഞാപിക്കുന്നു. മറ്റൊരിടത്ത് അരുൾ ചെയ്യുന്നു: അക്ഷര ജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെയാണ് എഴുന്നേൽപ്പിച്ചിട്ടുള്ളത്. (62:3)

ഇവിടെ അറബി ജനത പൊതുവിൽ അക്ഷരജ്ഞാനമില്ലാത്തവരാണെന്നും ഹദ്റത്ത് നബി കരീം(സ) അവരിൽപ്പെട്ട ഒരാളാണെന്നും വിശേഷിപ്പിക്കുന്നു.

ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ പ്രവചനമനുസരിച്ച് **'ഹകമൻ അദ്‌ലൻ'** ആയി അവതരിച്ച ഹദ്റത്ത് മസീഹ് (അ) തന്റെ ഗ്രന്ഥങ്ങളിൽ ഹദ്റത്ത് റസൂൽ തിരുമേനി (സ) ഒരു നിരക്ഷരനായിരുന്നുവെന്ന് സമർഥിച്ചു കൊണ്ട് ആത്മീയ ജ്ഞാനങ്ങളുടെ ഒരു ഭണ്ഡാരവും ശാശ്വത മാർഗദർശന ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ലോകത്തിന് പ്രദാനം ചെയ്തത് ആ പുണ്യാത്മന്റെ സത്യത്തിന് സാക്ഷ്യമാണെന്നം പ്രതിപാദിക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഇവിടെ ഒരു അത്ഭുതകരമായ കാര്യം, തീരെ എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിക്കാണ് ആ ദിവ്യജ്ഞാനങ്ങളും മഅ്രിഫത്തുകളും നൽകപ്പെട്ടതെന്നാണ്. അദ്ദേഹം തന്റെ ആയുസ്സിൽ ഒരു വിദ്യാലയത്തിന്റെയും ഉമ്മറപ്പടി കാണുകയോ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ രണ്ടക്ഷര മെങ്കിലും വായിക്കുകയോ അദ്ദേഹത്തിന് ഏതെങ്കിലും ഒരു പണ്ഡിതന്റെയോ തത്വജ്ഞാനിയുടെയോ സഹവാസം ലഭിക്കുകയോ ചെയ്തിട്ടില്ല. തന്റെ ജീവിതകാലം മുഴുവനും വിദ്യാവിഹീനനായ കാട്ടറബികളിൽ കഴിച്ചു കൂട്ടുകയും അവരിൽ തന്നെ വളർന്ന് വരികയും ചെയ്തു. ആ കാട്ടറബികളിൽ നിന്ന് ജന്മമെടുക്കുകയും അവരോടൊപ്പം തന്നെ സമ്പർക്കം സ്ഥാപിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് നബി കരിം (സ) ഒരു ഉമ്മിയും അക്ഷരജ്ഞാനമില്ലാത്തയാളും ആണെന്ന യഥാർഥ്യം ഇസ്ലാംമത ചരിത്രകാരനെ സംബന്ധിച്ചിടത്തോളം അവിതർക്കിതമാമായ കാര്യമാണ്.

ഹദ്റത്ത് നബി കരിം (സ) അക്ഷരജ്ഞാനമില്ലാത്തയാളായിരുന്നു എന്ന് സ്ഥാപിക്കുന്നതിനായി ഹ: മസീഹ് മഊദ് (അ) വിശുദ്ധ ഖുർആനിലെ താഴെപ്പറയുന്ന ആയത്തുകൾ ഉദ്ദരിക്കുകയുണ്ടായി.

1. ആ ദൈവം തന്നെയാണ് അക്ഷരജ്ഞാനമില്ലാത്തവരിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചകനെ അയച്ചത്. അദ്ദേഹം അവർക്ക് അവന്റെ ആയത്തുകൾ ഓതികേൾപ്പിക്കുകയും അവരെ പരിശുദ്ധരാക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു; ഇതിന് മുമ്പ് അവർ വ്യക്തമായ വഴികേടിലായിരുന്നു. (62:3)

2. ഞാൻ ഇഛിക്കുന്നവർക്ക് എന്റെ ശിക്ഷ എത്തിക്കുന്നു. എന്റെ കാരുണ്യം ഓരോ വസ്തുവിനേയും വലയം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് സൂക്ഷ്മത കൈകൊള്ളുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് (കാരുണ്യം) ഞാൻ എഴുതി വെക്കുന്നതാണ്. നമ്മുടെ പരിപൂർണമായ ശക്തി പ്രതാപത്തിന്റെ രണ്ടു അടയാളങ്ങൾ പൂർത്തിയായിരിക്കുന്ന പ്രവാചകനിൽ വിശ്വസിക്കുന്നവരാണവർ. ഒന്നു ബാഹ്യമായ ഒരു അടയാളമായ തൗറാത്തിലും ഇഞ്ചീലിലും ഉള്ള ആ പ്രവാചകനെപ്പറ്റിയുള്ള മുന്നറിയിപ്പുകളാണ് അവന് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതായിട്ട് അവർ കാണുന്നത്. രണ്ടാമത്തെ അടയാളം ആ നബിയുടെ വ്യക്തി പ്രഭാവമാണ്. അദ്ദേഹം അക്ഷര ജ്ഞാനമില്ലാത്തവനും എഴുതാനും വായിക്കാനും അറിയാത്തവനും ആയിരുന്നിട്ടും പരിപൂർണമായതും തികവുറ്റതുമായ ഹിദായത്ത് കൊണ്ട്വന്ന് ലോകത്ത് അവശേഷിച്ചിട്ടില്ലാത്തതും ബുദ്ധിയും ശരീഅത്തും സാക്ഷീകരിക്കുന്നതും ആയ സദാഖാത്തുകൾ ജനങ്ങളുടെ മാർഗദർശനത്തിനായി അദ്ദേഹം പ്രതിപാദിക്കുന്നു. അതനുഷ്ഠിക്കുവാനുള്ള കൽപ്പന പുറപ്പെടുവിക്കു

കയും ഏതൊരു സത്യത്തെ ബുദ്ധിയും ശരീഅത്തും നിഷേധിക്കുന്നുവോ അതിനെ വിലക്കുകയും പരിശുദ്ധ വസ്തുക്കൾ അവർക്കദ്ദേഹം അനുവദിക്കുകയും ചെയ്യുകയും തിയ്യവസ്തുക്കളെ നിഷിദ്ധമാക്കുകയും ക്രിസ്ത്യാനികളുടെയും യഹൂദികളുടേയും മേൽ ഉണ്ടായിരുന്ന കനമേറിയ ഭാരങ്ങളിൽ നിന്നും കുരുക്കുകളിൽ നിന്നും അവർക്ക് മോചനം നൽകുകയും ചെയ്യുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിന് ശക്തി പകർന്ന് കൊടുക്കുകയും അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹത്തോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പരിപൂർണമായും പിൻപറ്റുകയും ചെയ്യുന്നവരാണ് മോക്ഷം പ്രാപിച്ചവർ. നീ ജനങ്ങളോട് പറയുക ഞാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്നും നിങ്ങൾക്ക് ഏവർക്കുമായി നിയുക്തനാക്കപ്പെട്ടിരിക്കുന്നു. ആ ദൈവം മറ്റാരുടെയും പങ്കില്ലാത്ത ആകാശഭൂമികളുടെ യജമാനനാകുന്നു. അവനെ കൂടാതെ ആരാധ്യനായിട്ട് മറ്റാരും തന്നെയില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക.(7:158,159)

3. ഇതേ പ്രകാരം നാം നമ്മുടെ കൽപന അനുസരിച്ച് നിന്നിലേക്ക് ഒരാത്മാവിനെ ഇറക്കി ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിഞ്ഞിരുന്നില്ല. എന്നാൽ നാം ഇതിനെ ഒരു പ്രകാശമാക്കി. അത് മുഖേന നാം നമ്മുടെ ദാസന്മാരിൽ നിന്നും നാം ഇഛിക്കുന്നവരെ വഴി നടത്തുന്നു. തീർച്ചയായും നീ നേരായ മാർഗത്തിലേക്കു ഹിദായത്ത് നൽകുന്നു. (42:53)

4. ഇതിന് മുമ്പ് നീ ഒരു ഗ്രന്ഥം വായിക്കുയോ വലം കൈകൊണ്ട് എഴുതുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. എങ്കിൽ അസത്യവാദികൾക്ക് സംശയിക്കാനുള്ള വഴിയുണ്ടായേനെ. പക്ഷേ അത് (ഖുർആൻ) ജ്ഞാനം നൽകപ്പെട്ടവരുടെ കൈയ്യിൽ സ്ഥിതി ചെയ്യുന്ന വ്യക്തമായ ദൃഷ്ടാന്തമാകുന്നു. അധർമ്മികൾ മാത്രമാണ് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുന്നവർ. (29:49,50)

പ്രസ്തുത എല്ലാ തിരുവചനങ്ങളിൽ നിന്നും ഹദ്റത്ത് മുഹമ്മദ് മുസ്തഫ തിരുമേനി (സ) എല്ലാ അർഥത്തിലും ഒരു ഉമ്മി ആയിരുന്നുവെന്ന് പരിപൂർണമായും വ്യക്തമായ നിലയിലും സ്ഥാപിതമായതാണ്. കാരണം ഹദ്റത്ത് നബി കരീം (സ) വാസ്തവത്തിൽ ഉമ്മിയും അക്ഷരജ്ഞാനമില്ലാത്ത ദേഹവും ആയിരുന്നില്ലെങ്കിൽ അദ്ദേഹം ഒരു ഉമ്മി ആണെന്ന വാദത്തെ വ്യാജപ്പെടുത്തുവാൻ ധാരാളം പേർ ഉടലെടുക്കുമായിരുന്നുവെന്നത് പ്രത്യക്ഷമായ കാര്യമാണ്. കാരണം അദ്ദേഹത്തിന്റെ സ്ഥിതിഗതികളും സംഭവങ്ങളും അറിയാത്തൊരു നാട്ടിൽ വെച്ചായിരുന്നില്ല താൻ ഒരു ഉമ്മീ ആണെന്ന് അദ്ദേഹം വാദിച്ചത്. മറിച്ച് ആ ജനതക്കിടയിൽ തന്നെയായിരുന്നു നബി കരീം(സ) തന്റെ ബാല്യകാലവും യൗവന കാലവും കഴിച്ചു കൂട്ടിയിരുന്നത്. അതുകൊണ്ട് തിരുമേനി (സ) യഥാർഥത്തിൽ ഉമ്മി യായിരുന്നില്ലെങ്കിൽ നബി (സ) തിരുമേനി യുടെ ഒരവസ്ഥയും ഗോപ്യമാകാതെ അറിഞ്ഞിരുന്നവരും അദ്ദേഹത്തിന്റെ ഏതെങ്കിലും തെറ്റു കണ്ടുപിടിച്ചു പരസ്യമാക്കുവാൻ തക്കം പാർത്തിരിക്കുന്നവരുമായ ജനങ്ങളുടെ മുമ്പാകെ താൻ ഉമ്മിയാണെന്ന് വാദിച്ചിരുന്നു വെങ്കിൽ അവർ അത് വിളംബരപ്പെടുത്തുമായിരുന്നു. (റൂഹാനി ഖസായിൻ വാ: 1 പേജ് 562 572)

ഹദ്റത്ത് നബി (സ) ഒരു ഉമ്മിയാണെന്നും വിശുദ്ധ ഖുർആൻ അദ്ദേഹത്തിന്ന് വഹ്‌യ് മുഖേന ഇറങ്ങിയ വേദ ഗ്രന്ഥമായിരുന്നുവെന്നും തെളിയിക്കുവാൻ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തുടർന്ന് വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം ഉദ്ധരിക്കുന്നു.

നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ അതായത് നാമുമായി ബന്ധം വിഛേദിച്ചിരിക്കുന്നവർ പറയുന്നു. ഈ ഖുർആനല്ലാതെ മറ്റൊരു ഖുർആൻ നീകൊണ്ടു വരിക. അല്ലെങ്കിൽ ഇതിലെ അദ്ധ്യാപനങ്ങൾക്ക് പകരമായി ഭേദഗതി ചെയ്ത മറ്റു അദ്ധ്യാപനങ്ങൾ കൊണ്ടു വരിക. അവരോട് നീ മറുപടി പറയുക. ദൈവവചനത്തിൽ സ്വന്തം നിലയിൽ ഭേദഗതി ചെയുവാനുള്ള ശക്തി എനിക്കില്ല. എനിക്ക് വഹ്‌യ് നൽകപ്പെട്ടതിനെ ഞാൻ പിന്തുടരുക മാത്രമാണ് ചെയ്യുന്നത്. എന്റെ നാഥന്റെ കൽപ്പന ഞാൻ ധിക്കരിക്കുകയാണെങ്കിൽ ഭയങ്കരമായ നാളിന്റെ ശിക്ഷ ഞാൻ ഭയപ്പെടുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങൾക്ക് ഈ വചനം കേൾപ്പിക്കുകയോ നിങ്ങളെ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല. ഇതിന് മുമ്പ് ഇത്ര വയസ്സുവരെ അതായത് 40 വർഷക്കാലം ഞാൻ നിങ്ങളിൽ ജീവിച്ചിരുന്നില്ലേ നിങ്ങൾ ചിന്തിക്കുന്നില്ലേ? അതായത് കറ്റുകെട്ടി പറയുക എന്റെ പണിയല്ലെന്നും കള്ളം പറയുക എന്ന സ്വഭാവം എനിക്കില്ലെന്നും നിങ്ങൾക്ക് നന്നായിട്ടറിയാമായിരുന്നില്ലേ? തുടർന്ന് പറയുന്നു: അല്ലാഹു വിന്റെ പേരിൽ കറ്റു കെട്ടി പറയുന്നവനേക്കാൾ, ദൈവ വചനത്തെ പറ്റി അത് മനുഷ്യ വചനമാണെന്ന് കറ്റു കെട്ടി പറയുന്നവനേക്കാൾ അധർമി ആരാണ്? തീർച്ചയായും കുറ്റവാളികൾക്ക് മോക്ഷം ലഭിക്കുന്നതല്ല. (10:16,17, 18)

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് നബി (സ) അക്ഷര ജ്ഞാനമില്ലാത്ത വ്യക്തിയായിരുന്നുവെന്ന് അറബികളുടെയും യഹൂദരുടേയും ക്രിസ്ത്യാനികളുടെയും ദൃഷ്ടി

യിൽ അവിതർക്കിതവും മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്ത വിധവുമുള്ള ഒരു യാഥാർഥ്യമാണ്. (റൂഹാനി ഖസായിൻ, വാല്യം പേ 574, 575)

പ്രസ്തുത ഖുർആനിക വചനങ്ങളിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നത് നിരക്ഷരനും ഉമ്മിയുമായ റസൂൽ തിരുമേനി(സ) ക്ക് വിശുദ്ധ ഖുർആന്റെ ദിവ്യവെളിപാടുകൾ ഇറങ്ങുന്നതിൽ വ്യക്തിപരമായി ഒരു പങ്കും ഇല്ലായിരുന്നു വെന്നാണ്.

ഹദ്റത്ത് റസൂൽ തിരുമേനി (സ) ഗ്രന്ഥവും വിശ്വാസവുമെന്നാൽ എന്താണെന്നറിയാതിരുന്ന നിരക്ഷരനായിരുന്നുവെന്നും ദൈവിക പ്രകാശമാണ് അദ്ദേഹത്തിന് മാർഗ ദർശനം നൽകിയിരുന്നതെന്നും പ്രസ്തുത ആയത്തുകൾ വിളിച്ചോതുന്നു. ഹദ്റത്ത് മസീഹ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു:

അറേബ്യയിലുള്ള ജനങ്ങൾ നിരക്ഷരരായിരുന്നു. ആ നാട്ടിൽ അപൂർവം വല്ല ക്രിസ്ത്യാനികളും ഉണ്ടായിരുന്നെങ്കിൽ തന്നെ അവർക്ക് തങ്ങളുടെ മതത്തെക്കുറിച്ച് വിപുലമായ അറിവും ഉണ്ടായിരുന്നില്ല. (പാതിരി ഹണ്ടർ തന്റെ മീസാനുൽ ഹഖ് എന്ന ഗ്രന്ഥത്തിൽ അറേബ്യയിൽ കൃസ്ത്യാനികളും കാട്ടറബികളെ പോലെ ഒന്നും അറിയാത്തവരായിരുന്നു എന്ന് എഴുതിയിട്ടുണ്ട്) ആ സ്ഥിതിയിൽ ഹദ്റത്ത് റസൂൽ (സ) തിരുമേനി അവരുടെ ഗ്രന്ഥത്തിൽ നിന്ന് മോഷ്ടിച്ചുകൊണ്ട് പ്രസ്തുത അധ്യാപനം (വിശുദ്ധ ഖുർആൻ) ചേർത്തിരുന്നുവെന്ന ആരോപണം ഒരു ശപിക്കപെട്ട ചിന്താഗതിയാണ്. റസൂൽ തിരുമേനി(അ) നിരക്ഷരനായിരുന്നു. അദ്ദേഹത്തിന് അറബി ഭാഷ തന്നെ വായിക്കാനറിയാമായിരുന്നില്ല. എന്നിട്ടാണാ യൂനാനിയും ഹിബ്രുവും? ആ കാലത്തുള്ള വല്ല പുരാതന ഗ്രന്ഥങ്ങളിൽ നിന്നും ഈ ആരോപണം തെളിയിക്കേണ്ടുന്ന ബാധ്യത നമ്മുടെ എതിരാളികളുടേതാണ്. (അഥവാ ക്രിസ്തീയ ഗ്രന്ഥങ്ങളിൽ നിന്നും മോഷ്ടിച്ച് ഖുർആൻ ശരീഫിൽ ചേർത്തിരുന്നു വെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ തന്നെ ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്ന അറേബ്യയിലെ ക്രിസ്ത്യാനികൾ തങ്ങളിൽ നിന്ന് കേട്ട് പകർത്തിയാണ് പ്രസ്തുത അധ്യാപനം എഴുതിയിരിക്കുന്നതെന്ന് മുറവിളി കൂട്ടുമായിരുന്നു. (റൂഹാനി ഖസായിൽ വോ. 20 പേ 342)

മറ്റൊരിടത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഹദ്റത്ത് നബി കരിം(സ)ന് മുമ്പ് രണ്ട് മഹാന്മാരായ പ്രവാചകന്മാർ കഴിഞ്ഞിരുന്നു. ഒന്ന് ഹദ്റത്ത് മൂസാ നബി (അ), മറ്റൊരാൾ ഹദ്റത്ത് ഈസാ നബി (അ) രണ്ട് പേർക്കും വിദ്യാഭ്യാസത്തിനുള്ള സന്ദർഭം ലഭിച്ചിരുന്നു. അവരിൽ ആരെ കുറിച്ചും അക്ഷരജ്ഞാനമില്ലാത്തവരാണെന്ന വാദം ഉന്നയിക്കപ്പെട്ടിട്ടില്ല. ഈ വാദം ഹദ്റത്ത് നബി കരിം (സ) ക്ക് മാത്രമാണുണ്ടായിരുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു: ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷേ നാം ഇതിനെ (ഈ ഗ്രന്ഥത്തെ) ഒരു പ്രകാശ മാക്കിയിരിക്കുന്നു. അതു മുഖേന നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ നാം വഴി നടത്തുന്നു. (43:45) ഹദ്റത്ത് മൂസാ നബി (അ) ഒരു രജകുമാരനെ പോലെയായിരുന്നു വിദ്യയഭ്യസിച്ചത്. ഫിർഔന്റെ മടിത്തട്ടിൽ രാജകീയ നിലയിൽ വളർന്ന അദ്ദേഹത്തിന് അധ്യാപകരെ നിയമിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഈസാ നബി (അ) ക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു. ... എന്നാൽ ഹദ്റത്ത് റസൂൽ കരിം (സ) തിരുമേനിയെ കുറിച്ച് ഏതെങ്കിലും യഹൂദിയോടോ ക്രിസ്ത്യനിയോടോ ഹിന്ദുവിനോടോ അദ്ദേഹം ആരിൽ നിന്നെങ്കിലും വിദ്യാഭ്യാസം നേടിയിരുന്നോ എന്ന് ചോദിക്കുകയാണെങ്കിൽ ഒരിക്കലും ഇല്ലാ എന്നവർ വ്യക്തമായിപ്പറയുന്നതാണ്. എത്ര മാത്രം റുബൂബിയത്തിന്റെ പ്രകടനനമായിരുന്നു ഇത്? (മൽഫൂസാത്ത് വോ 2 പേ. 34)

ഹദ്റത്ത് നബി കരിമിന് (സ) ഒന്നാമത്തെ വഹ്യ് ഇഖ്റഅ് ബിസ്മി റബിക്കല്ലദീ ഖലഖ് ഉണ്ടായപ്പോൾ (സൃഷ്ടി കർത്താവായ നിന്റെ നാഥന്റെ നാമത്തിൽ നീവായിക്കുക.) അദ്ദേഹം പറഞ്ഞ്: **'മാ അന ബിഖാരിയിൻ'** (എനിക്ക് വായിക്കാനറിയില്ല) എന്നാണ്. അതിന് ശേഷം ഹദ്റത്ത് ജിബ്‌രീൽ പറഞ്ഞുകൊടുത്തത് പോലെ അദ്ദേഹം ഉരുവിടുകയുണ്ടായി. ഖിറാഅത്ത് എന്നതിന് പാരായണം ചെയ്യുക എന്ന് മാത്രമല്ല മറിച്ച് ഒരാൾ പറയുന്നതനുസരിച്ച് ഉരുവിടുക എന്നും അർഥമുണ്ട്. ഒരാൾ ഖുർആൻ നന്നായി ഓതുകയാണെങ്കിൽ അയാൾ അന്ധനാണെങ്കിലും യുഹ്സിനു ഖിർഅത്തുൽ ഖുർആൻ (അയാൾ നന്നായി ഖുർആൻ ഓതി) എന്നാണ് പറയുക.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പ്രസ്താവിക്കുന്നു: ഉമ്മി എന്ന വാക്കിന് അറബി ഭാഷയിൽ നിരക്ഷരൻ എന്ന അർഥവും ഉണ്ട്. ഉമ്മയുമായി ബന്ധപ്പെട്ട ആൾ എന്നാണ് അതിന്റെ ശരിയായ അർഥം. . അതുകൊണ്ട് അതിൻെറ വിവക്ഷിതാർഥം വിദ്യാഭ്യാസമില്ലാത്തയാൾ എന്നാണ്. കാരണം അയാൾ നവജാത ശിശുവിനെ പോലെ എഴുത്തും വായനയും അറിയാത്ത ആളാണ്. എന്റെ അഭിപ്രായത്തിൽ പരിശുദ്ധൻ എന്നും അതിന് അർഥമുണ്ട്. കാരണം നവജാത ശിശു പരിശുദ്ധ പ്രകൃതിയുള്ള വനായിരിക്കുമല്ലോ? ഈ അർഥങ്ങളിൽ ഹദ്റത്ത് നബി കരിം (സ) പറ്റി ഈ വാക്ക് പ്രയോഗിക്കപ്പെട്ടിരിക്കുന്നു. (തഫ്സീർ കബീർ, വോ 3 പേ 53)

ചുരുക്കത്തിൽ ഹ്ദറത്ത് നബി കരിം (സ) ഒരു നവജാത

ശേഷം പേജ് 36 ൽ

# ഇസ്‌ലാംമത തത്വജ്ഞാനം: വിസ്മയകരമായ അവതരണാനുഭവം

അനശ്വര ജ്ഞാനത്തിന്റെ ആത്മീയ ഗംഗ വചനസുധയായി അണപൊട്ടിയൊഴുകിയപ്പോൾ സദസ്സ്യരാകെ പ്രതിമകളെപ്പോലെ തരിച്ചിരുന്നു. ദൈവത്തിന്റെ വിജയവാഗ്ദാനമുണ്ടായിരുന്ന ആ പ്രബന്ധത്തിന്റെ അവതരണം അലൗകികമായ ഒരു ദിവ്യവിസ്മയമായിരുന്നു. സർവ മത സമ്മേളനത്തിൽ വെച്ച് 'ഇസ്‌ലാമീ ഉസൂൽ കീ ഫിലോസഫി' (ഇസ്‌ലാംമത തത്വജ്ഞാനം) എന്ന പേരിലുള്ള വാഗ്ദത്ത മസീഹിന്റെ പ്രബന്ധാവതരണത്തിന് ദൃക്സാക്ഷിയായ ഒരനുചരന്റെ അനുഭവ സാക്ഷ്യവും പശ്ചാത്തലവുമാണ് ലേഖനത്തിൽ വിവരിക്കുന്നത്. സമാനതകളില്ലാത്തതും വിശുദ്ധ ഖുർആന്റെ ജ്ഞാനസംക്ഷേപവുമായ ആ പ്രകൃഷ്ട കൃതിയുടെ വിവർത്തനം 'ഇസ്‌ലാംമത തത്വജ്ഞാനം' എന്ന പേരിൽ മലയാളത്തിലും ലഭ്യമാണ്.

**ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് (റ)**

1896 മധ്യത്തിലായിരുന്നു ആ സംഭവം. സുഗൻ ചന്ദ്ര എന്ന് പേരുള്ള ഒരു ഹിന്ദു സന്യാസി ഖാദിയാനിൽ ആഗതനായി. പെട്ടെന്ന് അദ്ദേഹം ഞങ്ങൾക്കിടയിൽ എല്ലാവർക്കും പരിചിതനായി മാറി. വാഗ്ദത്ത മസീഹ് (അ) അദ്ദേഹത്തോട് പ്രത്യേക പരിഗണന കാണിച്ചിരുന്നു. അതുകൊണ്ട് മറ്റുള്ളവർക്കും അദ്ദേഹം പ്രിയങ്കരനായി മാറി.

സ്വാമി സുഗൻ അഭ്യസ്തവിദ്യനും വിശാലമനസ്കനുമായിരുന്ന ഒരു ഗവൺമെന്റുദ്യോഗസ്ഥനായിരുന്നു. വ്യക്തി ജീവിതത്തിലുണ്ടായിരുന്ന ചില ദുരന്തങ്ങൾ അദ്ദേഹത്തെ ലൗകികജീവിത വിരക്തനാക്കി. കൂടുതൽ അദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയ അദ്ദേഹം ഒടുവിൽ സത്യാന്വേഷണ തൽപരനായി സർക്കാരുദ്യോഗം ഉപേക്ഷിക്കുകയാണുണ്ടായത്. സന്യാസിയായി മാറിയ അദ്ദേഹം വളരെയേറെ സഞ്ചരിക്കുകയുണ്ടായി. എത്ര മാത്രം അദ്ദേഹം സഞ്ചരിച്ചുവെന്നോ എന്തെല്ലാം കാഴ്ചകൾ അദ്ദേഹം കണ്ടുവെന്നോ എന്തെല്ലാം വർത്തമാനങ്ങൾ അദ്ദേഹം കേട്ടുവെന്നോ ആർക്കും തിട്ടപ്പെടുത്താൻ സാധ്യമല്ലായിരുന്നു. അദ്ദേഹത്തിന്റെ അറ്റമില്ലാത്ത അലച്ചിലിനിടയിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് (അ) നെ പറ്റിയുള്ള വിവരങ്ങൾ ആരോ അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം വാഗ്ദത്ത മസീഹിനെ കാണാൻ ആത്മാർഥ ഹൃദയത്തോടെ ഖാദിയാനിൽ വരുകയാണുണ്ടായത്. വാഗ്ദത്ത മസീഹിന്റെ സവിധത്തിൽ നിന്ന് വേണ്ടുവോളം അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ അദ്ദേഹം വാഗ്ദത്ത മസീഹിൽ അലിഞ്ഞുചേരുകയായിരുന്നു. സ്വാമിജി ഖാദിയാനിൽ ദീർഘകാലം താമസിക്കുകയും ചെയ്തു.

ലോകമതങ്ങളുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടി വിശുദ്ധ ഖുർആന്റെ സത്യസൗന്ദര്യങ്ങളും ഇസ്‌ലാമിന്റെ ഗുണ വൈശിഷ്ട്യങ്ങളും തെളിയിച്ചുകാട്ടുക എന്നത് വാഗ്ദത്ത മസീഹിന്റെ ഒരു ആഗ്രഹമായിരുന്നു. അത്തരമൊരു സർവ മത സമ്മേളനത്തിൽ മറ്റു മതസ്ഥർക്കും അവരവരുടെ മതങ്ങളുടെ ഗുണഗണങ്ങൾ സമർപ്പിക്കാനുള്ള അവസരം ഉണ്ടായിരിക്കുമല്ലോ.

വാഗ്ദത്ത മസീഹിന്റെ(അ) ഈ നിർദേശം സത്യവും അസത്യവും തിരിച്ചറിയാനുള്ള ഒരു

മാർഗമായിരിക്കുമെന്ന് സ്വാമി സുഗൻ ചന്ദ്ര മനസ്സിലാക്കി. ഇങ്ങനെ ഒരു സമ്മേളനം നടത്താനുള്ള എല്ലാ പരിശ്രമങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. കാവി വസ്ത്രധാരിയും അഭ്യസ്ഥ വിദ്യനും പരിചയ സമ്പന്നനുമായ സ്വാമിക്ക് ഹിന്ദു കേന്ദ്രങ്ങളിൽ ഈ ആശയവുമായി സമീപിക്കാൻ യാതൊരു പ്രയാസവുമില്ലായിരുന്നു. അദ്ദേഹം മുന്നോട്ട് വെച്ച ഈ അഭിപ്രായം വളരെ ഗൗരവ പൂർവം പരിഗണിക്കപ്പെട്ടു. ക്രമേണ ഒരു സർവമത സമ്മേളനം നടത്താനുള്ള ആശയം രൂപപ്പെട്ടു.

വളരെയേറെ പ്രയാസങ്ങൾ അതിജീവിച്ചുകൊണ്ട് സർവ മത സമ്മേളനം എന്ന ആശയം സക്ഷാൽകൃതമായി. സമ്മേളനത്തിന്റെ തീയതിയും സ്ഥലവും പ്രഖ്യാപിക്കപ്പെട്ടു. 1898 ഡിസം 26, 27, 28 തീയതികളിൽ ലാഹോറിലെ ടൗൺ ഹാളിലായിരുന്നു സമ്മേളനം. സമ്മേളനം നടത്താൻ വേണ്ടി പണ്ഡിതന്മാരും പ്രഗല്ഭരുമായ അനേകം വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപവത്കൃതമായി. സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതറിഞ്ഞ് വാഗ്ദത്ത മസീഹ് സന്തുഷ്ടനായി.

സർവ മത സമ്മേളനത്തിൽ സമർപ്പിക്കേണ്ട പ്രബന്ധം തയ്യാറാക്കാൻ വാഗ്ദത്ത മസീഹ് തീരുമാനിച്ചു. പക്ഷേ രോഗം ബാധിച്ചു ശയ്യാവലംബിതനായി. തന്റെ രോഗ ശമനത്തിന് വേണ്ടി കാത്തിരുന്നാൽ പ്രബന്ധം വൈകുമെന്നു കരുതി ആ രോഗാവസ്ഥയിൽ തന്നെ ദിവ്യപ്രചോദിതനായി വാഗ്ദത്ത മസീഹ് പ്രബന്ധ രചന ആരംഭിച്ചു. മറ്റു യാതൊരു തയ്യാറെടുപ്പും കൂടാതെ കുറഞ്ഞ സമയത്തിനുള്ളിൽ വാഗ്ദത്ത മസീഹ് വളരെ വേഗത്തിൽ പ്രബന്ധം പൂർത്തിയാക്കി.

സമ്മേളനത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പേ സുവിശേഷങ്ങളടങ്ങിയ വെളിപാട് വാഗ്ദത്ത മസീഹിന് ലഭിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ പ്രബന്ധം മറ്റെല്ലാ പ്രബന്ധങ്ങളേയും അതിജയിക്കും, ഹൃദയങ്ങൾ അതിനോട് ചായ്വുള്ളതായിത്തീരും, സത്യത്തിന്റെ വഴിയിൽ ഇത് അടയാളമായിത്തീരും എന്നീ സുവിശേഷങ്ങളടങ്ങിയിരുന്നു. ഡിസംബർ 21 ന് അച്ചടിച്ചു വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് ഒരു വിജ്ഞാപനമുണ്ടാക്കി. സത്യാന്വേഷികൾക്ക് ഒരു സുവാർത്ത എന്നായിരുന്നു അതിന്റെ തലവാചകം. ഈ വിനീതനായ എന്നോട് ഈ ലഘു വിജ്ഞാപനം ലാഹോറിൽ കൊണ്ടുപോയി വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് നിർദേശിച്ചു. ലാഹോറിലെ പൊതു ജനങ്ങൾക്കിടയിൽ ഈ വിജ്ഞാപനം വ്യാപകമായി വിതരണം ചെയ്യണമെന്നും നിർദേശിച്ചു. . ലാഹോറിലെ പൊതു ജനങ്ങൾക്കിടയിൽ വ്യാപകമായി ഇത് വിതരണം ചെയ്യണമെന്നും തികയാതെ വന്നാൽ വീണ്ടും അച്ചടിക്കണമെന്നും അദ്ദേഹം പ്രത്യേകം നിർദേശിച്ചു.

ഏകദേശം അർധരാത്രിയോടെയാണ് വിജ്ഞാപനം അച്ചടിച്ചു തയ്യാറാക്കിയത്. അച്ചടിശാലയിൽ നിന്ന് അത് ശേഖരിച്ച് ഞാൻ കാൽനടയായി ബട്ടാലയിലേക്ക് വണ്ടി കയറാൻ പോയി. 1896 ഡിസംബറിർ 22ന് ഉച്ചക്ക് ലാഹോറിലെത്തി വിതരണത്തിനായി തയ്യാറാക്കി നിർത്തിയ ആളുകൾക്ക് ഞാൻ നോട്ടീസ് ഏൽപ്പിച്ചു.

വളരെയേറെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഈ സമ്മേളനം നടത്തുന്നതിന് പ്രതിബന്ധമായി വന്നു. പക്ഷേ അല്ലാഹുവിന്റെ കാരുണ്യം ഒന്നുകൊണ്ട് മാത്രമാണ് ഈ സമ്മേളനം നിശ്ചിത തീയതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലത്ത് വളരെ വിജയകരമായ രീതിയിൽ നടന്നത്. യഹൂദികളെ പോലെ ചില ഹിന്ദു സഹോദരന്മാർ വളരെ വലിയ തടസ്സങ്ങളും ചില കുത്സിത തന്ത്രങ്ങളും ഈ സർവമത സമ്മേളനം തടസ്സപ്പെടുത്താൻ നടത്തിയിരുന്നു. അവസാനം പ്രതിബന്ധങ്ങളുടെ നെടുങ്കോട്ടകളെല്ലാം തകർന്നുപോയി. (ഖൈബർകോട്ട) വെളിപാടുകളിൽ ഈ കോട്ടകളെല്ലാം തകർന്നു പോകുമെന്നും അരുളപ്പാടുണ്ടായി. **'അല്ലാഹു അക്ബർ ഖരിബത്ത് ഖൈബർ(അല്ലാഹു ഏറ്റവും വലിയവൻ ഖൈബർ നശിച്ചു പോയി)'** എന്നായിരുന്നു ആ വെളിപാട്. സമ്മേളന നടത്തിപ്പിന് ലാഹോർ ടൗൺഹാൾ ഉപയോഗിക്കാൻ ശത്രുക്കൾ സമ്മതിച്ചില്ല. അതിനേക്കാൾ ഏറ്റവും നല്ല വേദിയായ ഇസ്‌ലാമിയാ ഹൈസ്കൂളിലെ വേദി സമ്മേളനത്തിനായി ഒരുക്കിതന്നു. അത് അതി വിശാലമായ ഇരുനിലകെട്ടിടമായിരുന്നു. വലിയ മുറികളും ഗാലറികളോടുകൂടിയ വിശാലമായ ഹാളുകളുള്ള ഇത്തരം വലിയ സമ്മേളനങ്ങൾക്ക് പറ്റിയ തുറസ്സായ ഗാംഭീര്യമാർന്ന കെട്ടിടമായിരുന്നു ഇസ്‌ലാമിയാ ഹൈസ്കൂളിന്റെ വേദി.

1896 ഡിസംബർ 26 നായിരുന്നു സർവമത സമ്മേളനത്തിന്റെ ആദ്യദിനം. ആ സമയത്ത് സമ്മേളനത്തിന് എത്തിച്ചേർന്നവരുടെ എണ്ണം അത്ര അധികമായിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം ഡിസംബർ 28 ന് 1:30ന് ആയിരുന്നു അവതരിപ്പിക്കേണ്ടത്. സാഹചര്യങ്ങളെല്ലാം തികച്ചും പ്രതികൂലമായിരുന്നു. എതിരാളികളുടെ കടുത്ത എതിർപ്പും വിഷയാവതരണത്തിന് ഉച്ചസമയം നിശ്ചയിച്ചതിലെ പൊരുത്തക്കേടും എല്ലാം കൂടി വാഗ്ദത്ത മസീഹിന്റെ പ്രതീക്ഷിക്കനുസരിച്ച് സമ്മേളനം വിജയിക്കുമോ എന്ന ആശങ്കയുമുണ്ടായിരുന്നു. പക്ഷേ അല്ലാഹുവിന്റെ കാരുണ്യം മറ്റൊരുവിധത്തിൽ പ്രകടമായി. ജനങ്ങൾ കൂട്ടം കൂട്ടമായി സമ്മേളനസ്ഥലത്ത് ആഗതരാകാൻ തുടങ്ങി. മലക്കുകൾ ജനക്കൂട്ടത്തിന്റെ ശത്രുത സ്നേഹമാക്കി മാറ്റി. സമ്മേളനസ്ഥലത്തേക്ക് ആനയിക്കുന്നത് പോലെ അനുഭവപ്പെട്ടു. പ്രസംഗം കേൾക്കു

കഠിന ശത്രുക്കളായ ചില ഹിന്ദുക്കളും സിഖുകാരും ആര്യ സമാജികളുമടക്കം സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധൻ) എന്ന് സ്തുതിയുരുവിടുന്നതായി ഞാൻ എന്റെ ചെവികൊണ്ട് കേൾക്കുകയുണ്ടായി. ആയിരക്കണക്കിന് സദസ്യർ പ്രതിമകളെ പോലെ മരവിച്ചിരുന്നു പോയി. ഒരു പക്ഷി വന്ന് അവരുടെ തലയിൽ ഇരുന്നാൽ പോലും അതിൽ അത്ഭുതപ്പെടാനില്ല. ആ വാഗ്ധോരണിയിലൂടെ ഹൃദയത്തിലേക്ക് പ്രവഹിച്ച ആത്മീയ പ്രവാഹം അത്ര മാത്രം പ്രത്യക്ഷ ഗോചരമായിരുന്നു. പ്രഭാഷകന്റെ ശബ്ദമല്ലാതെ മറ്റെല്ലാ ശബ്ദവും അതിന്നെതിരിൽ ഒടുങ്ങിപ്പോയി. നിതാന്ത നിശബ്ദത മാത്രം നിലനിന്നു. സദസ്യരുടെ ശ്വാസോച്ഛാസം മാത്രമേ കേൾക്കാമായിരുന്നുള്ളു. അത് ദൈവത്തിന്റെ വല്ലാത്തൊരു വിചിത്ര പ്രവർത്തനമായിരുന്നു. പരിസരത്തുള്ള മൃഗങ്ങൾ കൂടി ശാന്തത പാലിച്ചു. പ്രഭാഷണത്തിന്റെ കാന്തികശക്തിയിൽ പുറമെ നിന്നും മറ്റൊരു ശബ്ദവും പ്രഭാഷകന്റെ ശബ്ദവുമായി കൂടി കലർന്നില്ല. ഈ അവസഥ രണ്ട് മണിക്കൂറോളം നീണ്ടുനിന്നു. സമയം 3:30 അടിച്ചു. അനുവദിച്ച സമയം കഴിഞ്ഞു. അത്യത്ഭുതകരമായ ആ ആത്മീയാനുഭൂതിക്കും ആഹ്ലാദത്തിനും വിരാമമായി. അടുത്ത അരമണിക്കൂർ മുബാറക്ക് അലി സിയാൽ കോട്ടിക്ക് പ്രബന്ധം അവതരിപ്പിക്കാനുള്ള ഊഴമായിരുന്നു. നിർത്തിവെച്ച പ്രഭാഷണം തുടരാൻ സദസ്സിൽ നിന്നും ആവശ്യമുയർന്നു. മറ്റു പ്രസംഗങ്ങൾ ഇതിന് വേണ്ടി ഉപേക്ഷിക്കണമെന്നും സദസ്യർ ആവശ്യപ്പെട്ടു. മുബാറക്ക് അലി ഉടൻ തന്നെ എഴുന്നേറ്റ് നിന്ന് ഈ ആവശ്യം താൻ സദയം സന്തോഷത്തോടെ അംഗീകരിച്ചതായി സദസ്സിനെ അറിയിച്ചു. ഈ വിലപ്പെട്ട പ്രബന്ധം തുടരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതോടെ വിരാമാവസ്ഥ പൂകിയ ആ വചന

പ്രബന്ധം അവതരിപ്പിക്കാൻ തുടങ്ങിയ ഉടൻ തന്നെ ജനങ്ങളിൽ ആത്മീയ ചൈതന്യത്തിന്റെ തിരയിളക്കമനുഭവപ്പെട്ടു. അവർ സ്വയം തന്നെ സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധൻ) എന്ന് മന്ത്രിക്കുകയും ചെയ്തു. അത്തരത്തിലുള്ള അനുഭൂതി ഹിപ്നോട്ടിസം മെസ്മരിസം മുഖേന അനുഭവിപ്പിക്കാൻ സാധിക്കുമെന്ന് ഞാൻ കേട്ടിരുന്നു. പക്ഷേ വിവിധ വിശ്വാസക്കാരും വിവിധതരക്കാരുമായ ആയിരക്കണക്കിനാളുകൾക്ക് ഇങ്ങനെയൊരു പ്രഭാവം സംജാതമാക്കാൻ കഴിയുന്നതെങ്ങനെ! തീർച്ചയായും അതൊരു അസാധാണ സംഭവമായിരുന്നു. ഒരു ദിവ്യാനുഭവത്തിന്റെ സാഫല്യമായിരുന്നു.

മൗലവി അബ്ദുൾ കരീം സാഹിബിനെയായിരുന്നു വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അവതരിപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നത്. വിശുദ്ധ ഖുർആനോട് അദ്ദേഹത്തിന് അഗാധമായ സ്നേഹബന്ധമുണ്ടായിരുന്നു. അതിനാൽ അല്ലാഹു അദ്ദേഹത്തിന് ദാവൂദ് നബി(അ)യെ പോലെ ഹൃദയഹാരിയായ ശബ്ദമാധുര്യം നൽകി. ദൈവ വചനങ്ങളിലെ സത്യസൗന്ദര്യം അദ്ദേഹത്തിൽ നിറഞ്ഞു തുളുമ്പിയിരുന്നു. പ്രബന്ധത്തിലുള്ള ഖുർആൻ ഭാഗങ്ങൾ തരള ഭാവത്തോടും അനുഭൂതി ദായകമായും അത്യന്തം വികാര വായ്പ്പോടെ അദ്ദേഹം ഉരുവിട്ടു. സദസ്യർ മുഴുവൻ തന്റെ മാന്ത്രിക വചസ്സുകളിൽ അധീനരായി. ആ സദസ്സ് ഒരു പ്രത്യേകാനുഭൂതിയിൽ ഘനസാന്ദ്രമായി. പ്രബന്ധം മുഴുവൻ വാഗ്മിതയും ഉത്സുകതയും നിറഞ്ഞു നിന്നു. അത്യന്തം അഹ്ലാദജനകമായിരുന്നു അത്. പ്രബന്ധാവതാരകന്റെ വികാരഭാവങ്ങൾക്കോ ശബ്ദ ലാവണ്യത്തിനോ യാതൊരു മാറ്റങ്ങളുമില്ലായിരുന്നു. സദസ്യർ മുഴുവൻ അക്ഷരാർഥത്തിൽ സമ്മോഹനിദ്രയിലകപ്പെട്ടത് പോലെ സ്തബ്ധരായി നിന്നു പോയി.

ന്നതിൽ നിന്ന് ജനങ്ങളെ തടഞ്ഞവർ വിപരീതരീതിയിൽ അനുകൂലമായി പെരുമാറാൻ തുടങ്ങി. സമ്മേളനം ശ്രവിക്കാൻ ജനങ്ങളുടെ ഭാഗത്തു നിന്നുണ്ടായ അഭൂതപൂർവമായ ആ ഔസുക്യം എതിർത്തവരേകൂടി സമ്മേളന ഹാളിലേക്ക് ആകർഷിച്ചടുപ്പിക്കുകയായിരുന്നു. ജനങ്ങൾ ഇരച്ചു കയറുവാൻ ആരംഭിച്ചു. എല്ലാ കെട്ടിടങ്ങളും ജനസാന്ദ്രമായിമാറി. ആളുകൾ തിങ്ങിഞെരുങ്ങി ഓരോ ആളും മറ്റുള്ളവർക്ക് ഇരിപ്പിടമൊരുക്കി. ഡിസംബറിലെ അവധി ദിവസമായതിനാൽ ആ പ്രദേശത്തിന് ചുറ്റുമുള്ള പല സ്ഥലത്തും വിവിധ തരത്തിലുള്ള സമ്മേളനങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഭൗതിക കാര്യങ്ങളിൽ മുഴുകിയ ജനങ്ങൾ സ്വാഭാവികമായും അങ്ങോട്ടാക്കായിരുന്നു ഒഴുകേണ്ടത്. പക്ഷേ ഈ സമയത്ത് സമ്മേളന ഹാളിലേക്ക് ജനങ്ങൾ കൂട്ടം കൂട്ടമായെത്തിയത് തീർച്ചയായും അസാധാരണവും അത്ഭുതകരവുമായ കാഴ്ച്ചതന്നെയായിരുന്നു. അവിടെ കൂടിയിരുന്നവരെല്ലാം ഇതിന്റെ പിന്നിൽ ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിച്ചതായി സമ്മതിക്കുകയുണ്ടായി. സിഖ്കാരനോ ഹിന്ദുവിനോ ഈ വസ്തുത നിഷേധിക്കാനാവുകയില്ല. ഒരു ആര്യസമാജിക്കോ മുസ്ലിമിനോ ഇതിനെ ഖണ്ഡിക്കാൻ സാദ്ധ്യമല്ലായിരുന്നു. കൂടിയിരുന്ന ജനങ്ങളുടെ ഹൃദയങ്ങൾക്ക് ഒരു മൃദുത്വം അനുഭവപ്പെട്ടത് ക്രിസ്ത്യാനികൾക്കും ജൂതമതസ്ഥനും ദേവസമാജിക്കും കാണാതിരിക്കാൻ സാദ്ധ്യമല്ലായിരുന്നു ഈ പരിപാടിയേയും അനുഭവങ്ങളേയും സംബന്ധിച്ച് സൂക്ഷ്മമായി വിവരിക്കുക സാധ്യമല്ല. അത്രമാത്രം വാക്കുകൾക്കതീതമായിരുന്നു അവയെല്ലാം. ചുരുക്കത്തിൽ ആ സമ്മേളനത്തിന് അനുഭവപ്പെട്ട അനുഭവത്തിന് തുല്യമായി മറ്റൊന്നും ഉണ്ടായിരുന്നില്ല. അതിമഹനീയവും പവിത്രവുമായ ഒരു സമ്മേളനമായിരുന്നു അത്.

സുധയുടെ പ്രവാഹം വീണ്ടും ആരംഭിച്ചു. ആ പഴയ ദിവ്യാനുഭൂതി വീണ്ടും സംജാതമായി. മണി നാലടിച്ചു. പ്രബന്ധം ഇനിയും തീർന്നിട്ടുണ്ടായിരുന്നില്ല. ശ്രോതാക്കളുടെ കേൾക്കാനുള്ള ആസക്തി വർധിച്ചു വരികയായിരുന്നു. സദസ്സിന്റെ ആവശ്യത്തെ തുടർന്ന് പ്രഭാഷണം 5:30 വരെ തുടർന്നു. പരിസരം ഇരുൾ പരന്നു. പക്ഷേ വശ്യസുന്ദരമായ ഈ മാന്ത്രിക പ്രഭാഷണം സദസ്സിന്റെ ഇഛക്ക് വിരുദ്ധമായി അവസാനിപ്പിക്കേണ്ടി വന്നു. ബാക്കി ഭാഗം തൊട്ടടുത്ത ദിവസം 1896 ഡിസംബർ 29 നും തുടർന്നു.

പ്രബന്ധത്തിന്റെ അതിവിപുലമായ കീർത്തിയും സദസ്സിന്റെ ആവശ്യവും പരിഗണിച്ച് സർവ മതസമ്മേളനത്തിലെ സംഘാടകർ തന്നെ യോഗം ചേർന്ന് മൂന്ന് ദിവസത്തെ സമ്മേളനം ഒരു ദിവസത്തേക്ക് കൂടി വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അവതിരിപ്പിക്കാൻ വേണ്ടി മാത്രം നീട്ടുകയുണ്ടായി.

ഡിസംബർ 29 ന് രാവിലെ 9:30 ന് തന്നെ പ്രബന്ധാവതരണം പുനരാരംഭിച്ചു. ആ മാസം ഡിസംബർ മാസത്തിന്റെ അവസാനമായിരുന്നതിനാൽ കൊടുംതണുപ്പിന്റെ മൂർധന്യത്തിലായിരുന്നു. ലാഹോർ പട്ടണത്തെ സംബന്ധിച്ചിടത്തോളം തണുപ്പുകാലത്തെ ഈ സമയം ഒട്ടും യോജിച്ചതായിരുന്നില്ല. ഒഴിവു ദിനമായിരുന്നതിനാൽ പോലും ഈ കൊടും തണുപ്പിൽ ഇത്ര നേരത്തെ ജനങ്ങൾ പുറത്തിറങ്ങാറില്ല. വളരെ അപൂർവമായി മാത്രമേ ജനങ്ങൾ പുറത്തിറങ്ങാറുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് രാവിലെ സദസ്യരുടെ എണ്ണം വളരെ കുറവായിരിക്കുമെന്നും ആദ്യമുണ്ടായിരുന്നയത്ര ഒരു ആത്മീയ അന്തരീക്ഷം ഉണ്ടായിരിക്കില്ല എന്നും ധരിച്ചിരുന്നു. ദൈവത്തിന്റെ പ്രവൃത്തി മൂലം അസാധാരണമായ ഒരു ആകർഷണവും കാന്ത ശക്തിയും അനുഭവപ്പെട്ടു. അപ്രതിരോധ്യമായ ആ ആകർഷണം ഒരു ശക്തിക്കും തടയാൻ കഴിയുമായിരുന്നില്ല. മനുഷ്യൻ ഇക്കാര്യത്തിൽ അവഗണനയും ഉദാസീനതയും കാണിക്കുകയാണെങ്കിൽ അല്ലാഹു തന്റെ മലക്കുകളെ ഉപയോഗിച്ച് അത് വിജയിപ്പിക്കും. ചുരുക്കത്തിൽ കാലത്ത് തന്നെ തണുത്ത് വിറക്കുന്ന കുളിരിൽ ജനങ്ങൾ കൂട്ടം കൂട്ടമായി എത്താൻ തുടങ്ങി. ഡിസംബർ 28 ന് ഹാജരായിരുന്ന ജനത്തേക്കാൾ വമ്പിച്ച ഒരു സദസ്സ് ആ കൊടും തണുപ്പിലും ഒത്തുകൂടി. ആ ദിവ്യരചനയുടെ വാങ്മയം അവി കല വാഗ്മിതയോടും മനോഹാരിതയോടും കൂടി അവതരിക്കപ്പെട്ടു. മുഴുവൻ പരിപാടിയും മഹത്വ മാർന്നതും അതി ഗംഭീരവുമായിരുന്നു. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അതിന്റെ അത്യുൽകൃഷ്ടമായ ഗുണസൗഷ്ടവത്താൽ ഉജ്ജ്വല പ്രഭാവത്തോടെ മറ്റെല്ലാ പ്രബന്ധങ്ങളെക്കാളും അതിജയിച്ചു. അതിന്റെ വിജയ മുദ്രകളും മഹത്വവും ജ്ഞാനലോകത്തെ അനശ്വ സ്മരണികയായി മാറി. വാനലോകത്തെ സൂര്യചന്ദ്രന്മാരെപ്പോലെ അവ വെട്ടിത്തിളങ്ങി.

മിത്രങ്ങളും അതുപോലെ ശത്രുക്കളും ഒരു പോലെ ആ പ്രബന്ധത്തെ സ്തുതിക്കാതെ അവശേഷിച്ചില്ല. പ്രബന്ധം പൊതുജനങ്ങൾക്കിടയിലും വമ്പിച്ച പ്രീതിക്ക് പാത്രമായി. അനേകം പത്രങ്ങൾ ഈ പ്രബന്ധത്തെ വാഴ്ത്തികൊണ്ട് അവലോകനമെഴുതി. സർവ മതസമ്മേളനം നടത്തിയ കമ്മിറ്റിക്കാരും ഇസ്‌ലാം മതതത്വജ്ഞാനം എന്ന ഈ പ്രബന്ധത്തിന്റെ ഔന്നത്യത്തേയും അധീശത്വത്തെയും ജനപ്രീതിയേയും അങ്ങേയറ്റം വാഴ്ത്തിക്കൊണ്ട് വാഗ്ദത്ത മസീഹിന് അറിയിക്കുകയുണ്ടായി. സർവ ശക്തനായ അല്ലാഹുവിന്റെ വാഗ്ദത്ത വചനങ്ങൾ ഇവിടെ സാർഥകമായി. മറ്റൊന്നും അതിനെതിരിൽ തടസ്സമായി വന്നില്ല. (*വിവ: എ.എം.*)

---

**പേജ് 32 ൽ നിന്ന് തുടർച്ച**

ശിശുവിനെ പോലെ പരിശുദ്ധനാണ് എന്ന വിശേഷണം ഇവിടെ പ്രകടിതമായിരിക്കുകയാണ്. വിശുദ്ധ ഖുർആന്റെ മേൽ പ്രസ്താവിക്കപ്പെട്ട എല്ലാ തിരു വചനങ്ങളും അദ്ദേഹം എഴുതാനും വായിക്കാനും അറിയാത്ത അക്ഷരജ്ഞാനമില്ലാത്ത ദേഹമായിരുന്നുവെന്നും മനസ്സിലാക്കി തരുന്നു. അങ്ങനെയുള്ള ഒരാളിൽ നിന്ന് വിശുദ്ധ ഖുർആനെ പോലെ സ്ഥലകാലങ്ങൾക്കതീതമായ പരിപൂർണ ജ്ഞാനവും അദ്ധ്യാപനങ്ങളുമുള്ള മഹൽ ഗ്രന്ഥം പുറപ്പെടുവിക്കുക എന്നത് വിശുദ്ധ ഖുർആ ന്റെയും ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടേയും മഹത്വം വിളിച്ചോതുന്ന മഹാത്ഭുതമാണ്. **'നുസൂലുൽ ഖുർആനി മുഅ്ജിസത്തുൻ'** (വിശുദ്ധ ഖുർആന്റെ അവതരണം തന്നെ ഒരു മഹാത്ഭുതമാണ്) എന്ന നബി വചനം ഈ യാഥാർഥ്യം അന്വർഥമാക്കുന്നു.

## തിരുത്ത്

ഓഗസ്റ്റ് 28ന് വഫാത്തായ മർഹൂമ എം. ജെ. ശഫീഖാ ബീഗം സാഹിബയുടെ പേര് ഷെഫീന ബീഗം സാഹിബ എന്ന് 2018 ഒക്ടോബർ ലക്കം സത്യദൂതനിൽ തെറ്റായി അച്ചടിച്ച് വന്നതിൽ ഖേദിക്കുന്നു. അവരുടെ പിതാവ് മർഹൂം എം. ജമാലുദ്ദീൻ സാഹിബ് മൗലാനാ അബ്ദുല്ലാ സാഹിബ് എച്.എയുടെ ഭാര്യാ സഹോദരനുമാണ് എന്ന് തിരുത്തി വായിക്കാനപേക്ഷ.

*എഡിറ്റർ*

# വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എം. എ

ഹദ്റത് ഖദീജ (റ) യുടെ വഫാത്തിന് ശേഷം നബി തിരുമേനി (സ) യുടെ വിവാഹം ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുമായി നടന്നു. പ്രവാചക വാദത്തിന്റെ 10 -ാം വർഷത്തിലെ ശവ്വാൽ മാസത്തിലായിരുന്നു ഈ നിക്കാഹ്. അന്നേരം ഹദ്റത്ത് ആയിശ (റ) യുടെ പ്രായം 7 വയസ്സായിരുന്നു. എന്നാൽ അവരുടെ ശാരീരിക വളർച്ച അസാധാരണ നിലയിലായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അല്ലെങ്കിൽ പ്രസ്തുത നിക്കാഹിനായി പ്രേരിപ്പിച്ച ഖൗല ബിൻത് ഹക്കീമിന്റെ ചിന്ത ഒരിക്കലും അവരിലേക്ക് തിരിയില്ലായിരുന്നു. എന്നിരുന്നാലും അവർക്കപ്പോൾ പ്രായപൂർത്തി ആയിരുന്നില്ല. അതിനാൽ അന്നേരം നിക്കാഹ് കഴിഞ്ഞുവെങ്കിലും വിടവാങ്ങൽ നടന്നില്ല. അവർ സാധാരണ നിലയിൽ തന്നെ തന്റെ മാതാപിതാക്കളുടെ കൂടെ കഴിയുകയാണ് ചെയ്തത്.

പിന്നീട് ഹിജ്റത്തിന്റെ രണ്ടാം വർഷം അതായത് നിക്കാഹിന് അഞ്ചു വർഷങ്ങൾക്കു ശേഷം അവരുടെ പ്രായം 12 വയസ്സായപ്പോൾ അവർ പ്രായപൂർത്തിയാകുകയും അതിനാൽ സ്വയം ഹദ്റത്ത് അബൂബക്കർ (റ) നബി (സ)യുടെ സവിധത്തിൽ ഹാജറായി കൊണ്ട് ഹദ്റത്ത് ആയിശ (റ) യെ കൂട്ടികൊണ്ട് പോകുന്നതിനായി അപേക്ഷിക്കുകയും ചെയ്തു. അങ്ങനെ നബി (സ) മഹർ തയ്യാറാക്കുകയും ഹിജ്രി രണ്ടാം വർഷം ശവ്വാൽ മാസത്തിൽ ഹദ്റത്ത് ആയിശ (റ)തന്റെ മാതാപിതാക്കളുടെ വീട്ടിൽ നിന്ന് വിടവാങ്ങി നബി (സ) തിരുമേനിയുടെ ദാമ്പത്യജീവിതത്തിൽ പ്രവേശിക്കുകയും ചെയ്തു.

വീട്ടിൽ നിന്ന് വിടവാങ്ങിയ സമയത്ത് ഹദ്റത്ത് ആയിശ (റ) യുടെ പ്രായം എത്രയായിരുന്നു എന്നത് ഇക്കാലഘട്ടത്തിൽ ഒരു ഭിന്നിപ്പുള്ള ചോദ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. സാധാരണ ചരിത്ര ഗ്രന്ഥങ്ങളിലും ഹദീസ് ഗ്രന്ഥങ്ങളിലും ഹദ്റത്ത് ആയിശ (റ)യുടെ പ്രായം 9 അല്ലെങ്കിൽ 10 വയസ്സായിട്ടാണ് രേഖപ്പെട്ടു കിടക്കുന്നത്. സഹീഹ് ബുഖാരിയിൽ ഹദ്റത്ത് ആയിശ (റ) വിവാഹ സമയത്ത് തന്റെ വയസ്സ് 9 ആയിരുന്നു എന്ന് പറഞ്ഞിട്ടുമുണ്ട്. അക്കാരണത്താലാണ് എല്ലാ ചരിത്രകാരന്മാരും 9 വയസായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതിന് വിരുദ്ധമായി ചില അന്വേഷകർ വിവിധ തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് 14 വയസ്സായിരുന്നു എന്നും 16 വയസ്സായിരുന്നു എന്നും തെളിയിക്കുവാനായി ശ്രമിച്ചിട്ടുണ്ട്. എന്നാൽ നമുക്ക് ഈ അന്വേഷകരുടെ അഭിപ്രായത്തോട് യോജിപ്പില്ല. എന്നാൽ അവസ്ഥകൾ പരിശോദിക്കുമ്പോൾ 9 വയസ്സായിരുന്നു എന്നുള്ളതും ശരിയായി തോന്നുന്നില്ല. മറിച്ച് മേലുദ്ധരിച്ചതു പോലെ വിടവാങ്ങുന്ന അവസരത്തിൽ ഹദ്റത്ത് ആയിശ (റ) 12 വയസ്സ് പൂർത്തിയാക്കുകയോ അല്ലെങ്കിൽ അതിനടുത്തായിരുന്നു എന്നാണ് തെളിയുന്നത്. യഥാർഥത്തിൽ മുൻകടന്നവർക്ക് ഇക്കാര്യത്തിൽ തെറ്റുപറ്റാൻ കാരണം അവർ സഹീഹ് ഹദീസിൽ വന്നിട്ടുള്ള ഹദ്റത്ത് ആയിശയുടെ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള അനുമാനത്തെ കൃത്യമായതും ശരിയായതുമാണെന്ന് കരുതി മറ്റൊന്നിലേക്കും ശ്രദ്ധിച്ചില്ല എന്നതാണ്. എന്നാൽ നിവേദനം ശരിയാകുക എന്നതും അനുമാനം ശരിയാകുക എന്നതും രണ്ടും രണ്ടാണെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഹദ്റത്ത് ആയിശ (റ) യുടെ വിവാഹസമയത്തുള്ള തന്റെ പ്രായത്തെ കുറിച്ചുള്ള അനുമാനം രേഖപ്പെട്ടു കിടക്കുന്ന സഹീഹ് ഹദീസിലെ നിവേദനങ്ങൾ രിവായത്തുകളുടെ അടിസ്ഥാനത്തിൽ ശരിയായിരിക്കും. എന്നാൽ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള ഹദ്റത്ത് ആയിശ (റ)യുടെ അനുമാനം തെറ്റാകാം. ചിലപ്പോൾ ആളുകളുടെ സ്വന്തം പ്രായത്തെ സംബന്ധിച്ചുള്ള അനുമാനം തെറ്റാറുള്ളതു പോലെ.

എന്നാൽ ഇതിന് വിപരീതമായി 9 വയസായിരുന്നു എന്നുള്ള ചിന്തയെ തെറ്റായി കതുതി സ്വതന്ത്രമായി അന്വേഷിക്കാൻ ശ്രമിച്ചവർ അന്വേഷണത്തിന്റെ ശരിയായ മാർഗം ഉപേക്ഷിച്ചു കൊണ്ട് ഹൃദയത്തിന് സംതൃപ്തി നൽകാത്ത കുഴഞ്ഞുമറിഞ്ഞ മാർഗമാണ് സ്വീകരിച്ചത്. ഹദ്റത്ത് ആയിശ (റ) യുടെ ജനന കാലവും അതോടൊപ്പം വിടവാങ്ങിയ കാലവും മനസ്സിലാക്കുന്നതാണ് അവരുടെ പ്രായം കണക്കാക്കാൻ ഏറ്റവും പ്രബലവും എളുപ്പവുമായ മാർഗമെന്നതിൽ ബുദ്ധിമാന്മാരായ എല്ലാവരും ഞങ്ങളോട് യോജിക്കുന്നതാണ്. കാരണം

പ്രസ്തുത രണ്ട് കാലങ്ങളും വ്യക്തമായാൽ വിടവാങ്ങുന്ന സമയത്ത് ഹദ്റത്ത് ആയിശ (റ) യുടെ പ്രായം എത്രയായിരുന്നു എന്നതിൽ യാതൊരു സന്ദേഹത്തിനും സംശയത്തിനും ഇടമുണ്ടാകില്ല.

ആദ്യം നമുക്ക് ജനനത്തെയെടുക്കാം. ഇബ്നു സഅദ് ത്വബ്ഖാതിൽ ഒരു രിവായത്ത് രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ഹദ്റത്ത് ആയിശ(റ) പ്രവാചകവാദത്തിന്റെ 4–ാം വർഷാരംഭത്തിലാണ് ജനിച്ചത് എന്നാണ് പറയുന്നത്. ഹദ്റത്ത് ആയിശ (റ)യുടെ ജനന കാലത്തെ സംബന്ധിച്ച് ഇതല്ലാതെ മറ്റൊരു വ്യക്തമായ രിവായത്തും ആരംഭകാല ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളിൽ എനിക്ക് കാണാൻ സാധിച്ചിട്ടില്ല. ഹദീസിന്റെ ഗ്രന്ഥങ്ങളിലും തൽസംബന്ധമായി ഒരു രിവായത്തും തന്നെയില്ല. അതിനാൽ ജനന കാലം പ്രാവചക വാദത്തിന്റെ 4 –ാം വർഷാരംഭത്തിലായിരുന്നു എന്നത് വളരെ എളുപ്പത്തിൽ നിർണയിക്കാൻ സാധിക്കുന്നതാണ്.

ഇനി നമുക്ക് വിടവാങ്ങിയ കാലത്തെ കുറിച്ച് നോക്കാം. ഇതിനെ സംബന്ധിച്ചുള്ള നിവേദനങ്ങളിൽ ഭിന്നതയുണ്ട്. ചില നിവേദനങ്ങളിൽ പറഞ്ഞിരിക്കുന്ന കാലം ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസമാണെന്നാണ്. ചിലതിൽ ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസമെന്നും. എന്നാൽ ചിന്തിക്കുമ്പോൾ രണ്ടാമത് പരാമർശിച്ച നിവേദനമാണ് കൂടുതൽ പ്രാമാണികമായി തോന്നുക. ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസം എന്ന നിവേദനത്തിന്റെ യഥാർഥ ഉറവിടം ഇബ്നു സഅദ് ആകുന്നു. അദ്ദേഹം നിവേദനങ്ങളുടെ ഒരു ശൃംഖലയിലൂടെ ഈ രിവായത്തിനെ ഹദ്റത്ത് ആയിശ (റ) യിലേക്കെത്തിച്ചിരിക്കുന്നു. ഭൂരിഭാഗം ചരിത്രകാരന്മാരും ഇബ്നു സഅദിന്റെ നിവേദനത്തെ അടിസ്ഥാനമാക്കിയാണ് ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസമാണ് വിടവാങ്ങൽ നടന്നത് എന്ന് നിർണയിച്ചിരിക്കുന്നത്.

ഇബ്നു സഅദ് വിശ്വാസയോഗ്യനാണെങ്കിലും പ്രസ്തുത നിവേദനത്തിൽ അദ്ദേഹത്തിന്റെ നിവേദകരിൽ ഒരു നിവേദകൻ വാഖ്ദിയാകുന്നു. അയാൾ വിശ്വാസയോഗ്യനല്ലെന്നും കളവ് പറയുന്ന ആളാണെന്നും ഉള്ളതിൽ അന്വേഷകർ ഭൂരിഭാഗവും ഏകാഭിപ്രായക്കാരാണ്. മറ്റ് നിവേദനങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ വാഖ്ദിയുടെ രിവായത്തുണ്ടെന്ന കാരണത്താൽ ഒരു ചരിത്ര സംഭവത്തിന്റെ അടിസ്ഥാനമായി പ്രസ്തുത രിവായത്തിനെ കണക്കാക്കുക സാധ്യമല്ല.

അതിന് വിരുദ്ധമായി അല്ലാമ നൂദീ, അല്ലാമ ഐനീ, ഖസ്തലാനീ തുടങ്ങിയ മറ്റ് ചില അന്വേഷകർ ശവ്വാൽ രണ്ടാം ഹിജ്രിക്കാണ് പ്രാഥമികത നൽകിയിരുന്നത്. അല്ലാമ നൂദീ വളരെ വ്യക്തമായും ശക്തമായും ശവ്വാൽ ഹിജ്രി ഒന്നാം വർഷം എന്നുള്ള ഹദീസിനെ ദുർബലവും വിശ്വാസയോഗ്യമല്ലാത്തത് എന്നുമാണ് വിധിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ ചരിത്രകാരന്മാർ പൊതുവായി ശവ്വാൽ ഒന്നാം ഹിജ്രി എന്ന രിവായത്തിനെയാണ് പിൻതുടരുന്നത് എന്നത് ഒരു പ്രബലമായ അഭിപ്രായത്തെ നിഷേധിക്കുന്നതിന് കാരണമാക്കേണ്ടതില്ല. യഥാർഥത്തിൽ ചരിത്രകാരന്മാർ വാഖ്ദിയുടെ രിവായത്തിനെ പിൻപറ്റാൻ കാരണം അത് സഹീഹ് ഹദീസിൽ രേഖപ്പെട്ടു കിടക്കുന്ന 9 വയസ്സെന്നുള്ള അനുമാനവുമായി യോജിക്കുന്നു എന്ന കാരണത്താലാണ്. അതിനാലാണ് സർഖാനിയെ പോലെയുള്ള അന്വേഷകർ ശവ്വാൽ രണ്ടാം ഹിജ്രി എന്ന ഹദീസിനെ സ്വാകാര്യമല്ലാത്തതായി പറയുന്നത്. കാരണം അതിനെ ശരിയായി അംഗീ കരിച്ചാൽ പ്രായം 9 ൽ കൂടുതലാകും. എന്നാൽ വയസ്സും തൽസംബന്ധമായ രിവായത്തും ചർച്ച ചെയ്യപ്പെടുമ്പോൾ ഏതെങ്കിലും പ്രത്യേക ഹദീസിനെ ശരിയായതായി നിർണയിക്കുക ഉചിതമല്ല. 9 വയസ്സായിരുന്നു എന്നുള്ള അനുമാനത്തെ തെറ്റായി മനസ്സിലാക്കുന്നത് കൊണ്ട് 9 വയസ്സായിരുന്നു എന്നുള്ള രിവായത്ത് തന്നെ തെറ്റാണെന്ന അർഥമില്ല. എന്നാൽ അത്ഭുതമെന്ന് പറയട്ടെ അല്ലാമ സർഖാനി മറ്റൊരു സ്ഥലത്ത് ശവ്വാൽ 2 ഹിജ്രി എന്നുള്ള ഹദീസിന് മുൻഗണന നൽകിയിട്ടുമുണ്ട്. ചുരുക്കത്തിൽ ശവ്വാൽ രണ്ടാം ഹിജ്രി എന്ന ഹദീസിനെ അപേക്ഷിച്ച് ശവ്വാൽ ഒന്നാം ഹിജ്രി എന്ന ഹദീസ് വിശ്വാസയോഗ്യമായി തോന്നുന്നില്ല. ഹദ്റത്ത് ആയിശ (റ) യുടെ വിവാഹം ശവ്വാൽ രണ്ടാം ഹിജ്രിയിലാണ് നടന്നത് എന്ന് തന്നെയാണ് യഥാർഥമായി മനസിലാകുന്നത്.

ഇനി ജനനകാലവും വിടവാങ്ങൽ കാലവും നിർണിതമായിക്കഴിഞ്ഞതിനാൽ പ്രായം കണക്കാക്കുക പ്രയാസമുള്ള കാര്യമല്ല. മറിച്ച് ഒരു ചെറിയ കുട്ടിക്ക് പോലും ചെയ്യാൻ സാധിക്കുന്ന എളുപ്പമുള്ള ഒരു കണക്കായി മാറിയിരിക്കുന്നു. ഹദ്റത്ത് ആയിശ (റ) നുബുവ്വത്ത് വാദത്തിന്റെ 4–ാം വർഷാരംഭത്തിൽ ജനിച്ചു. നുബുവ്വത്ത് വാദത്തിന്റെ 14–ാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് നബി (സ) തിരുമേനി ഹിജ്റത്ത് ചെയ്ത്. അങ്ങനെ ഹിജ്റത്ത് സമയത്തുള്ള ഹദ്റത്ത് ആയിശ (റ) യുടെ പ്രായം ഏകദേശം 10 വയസ്സും 6 മാസവുമാകുന്നു. ഹിജ്റത് നടന്ന ഹിജ്റ ഒന്നാം വർഷം റബീഉൽ അവ്വൽ മുതൽ ഹദ്റത്ത് ആയിശ (റ) യെ കൂട്ടിക്കൊണ്ടു പോയ ശവ്വാൽ ഹിജ്രി 2 വരെയുള്ള കാലം 2 വർഷവും ഏതാനും മാസവുമാകുന്നു. ഇനി ഈ രണ്ട് കാലത്തേയും യോജിപ്പിക്കുകയാണെങ്കിൽ നാം ആരംഭത്തിൽ പറഞ്ഞ 12 വർഷം തന്നെയാണ് ലഭിക്കുക. ഇനി അഥവാ ഇബ്നു സഅദിന്റെ നിവേദനം അനുസരിച്ച് ഹിജ്റ ഒന്നാം വർഷം തന്നെയാണ് കൂട്ടിക്കൊണ്ട് പോയതെങ്കിൽ തന്നെയും 11 വർഷം ലഭിക്കുന്നു. 9 ഓ 10 ഓ വയസ്സല്ല. ഇത് കണക്കു കൂട്ടിയെടുത്തതാണ്. ഇതിനെതിരിൽ അനുമാനം സ്വീകാര്യയോഗ്യമല്ല. (സീറത്ത് ഖാത്തമുന്നബിയ്യീൻ (സ))

കുറിപ്പുകൾ

# പത്രപ്രവർത്തകന്റെ ദുരൂഹ മരണം: സഊദി അറേബ്യ പ്രതിക്കൂട്ടിൽ

**മുസാഫിർ**



ജമാൽ ഖഷോഗി

പ്രമുഖ സഊദി പത്രപ്രവർത്തകനും ഗ്രന്ഥകാരനും അൽ അറബ് ന്യൂസ് ചാനലിന്റെ എഡിറ്ററും സഊദി പുരോഗമനാശയക്കാരുടെ വേദിയായ 'അൽ വത്തൻ' എന്ന പത്രത്തിന്റെ എഡിറ്ററും ഇസ്ലാമിസ്റ്റ് ചായ്‌വുള്ള, മുസ്‌ലിം ബ്രദർ ഹുഡിന്റെ മതരാഷ്ട്ര മൗലിക വാദത്തോട് മമതയുള്ളയാളുമായിരുന്ന ജമാൽ ഖഷോഗി 2018 ഒക്ടോബർ 2ന് തുർക്കിയിലെ ഇസ്താംബൂളിലെ സഊദി കോൺസുലേറ്റിൽ വെച്ച് കൊല്ലപ്പെട്ട സംഭവം ഞെട്ടലോടെയാണ് ലോകം ശ്രവിച്ചത്. സഊദി രാജകുമാരനായിരുന്ന സൽമാൻ രാജകുമാരന്റെ കടുത്ത വിമർശകനായ ഖഷോഗി സ്വയം പ്രവാസിയായി സഊദി അറേബ്യക്ക് പുറത്ത് വിദേശത്താണ് താമസിക്കുന്നത്. കോളമിസ്റ്റായ ഖഷോഗി വാഷിങ്ങ്ടൺ പോസ്റ്റിൽ എഴുതിയ ലേഖനങ്ങളുടെ ചില തലവാചകങ്ങൾ നോക്കിയാൽ അദ്ദേഹത്തിന്റെ രാജഭരണത്തോടുള്ള എതിർപ്പ് മനസ്സിലാക്കാം. What the Arab world needs most is free expression, Saudi Arabia's women can finally drive. But the crown prince needs to do much more എന്നിങ്ങനെയുള്ളതാണ്.

സഊദി രാജകുടുംബവുമായി ഉറ്റ ബന്ധമുണ്ടായിരുന്ന ഖഷോഗിയുടെ പിതാമഹൻ സഊദി രാജാവായിരുന്ന അബ്ദുൽ അസീസ് അൽ സഊദിന്റെ കൊട്ടാരം ഡോക്ടറായിരുന്നു. സഊദി വിവാദ ആയുധ വ്യാപാരിയായിരുന്ന അദ്നാൻ ഖഷോഗിയുടെ മരുമകനാണ് കൊല്ലപ്പെട്ട ജമാൽ ഖഷോഗി. സഊദി അറേബ്യ യമനിൽ ഇടപെട്ടതിൽ ഖഷോഗി രൂക്ഷമായാണ് വിമർശനം നടത്തിയത്. മുസ്‌ലിം രാജ്യങ്ങളുടെയും ലോക മുസ്‌ലിം സമൂഹത്തിന്റെയും നടുനായകത്വം വഹിക്കുന്ന സഊദി അറേബ്യയുടെ ഒരു നയതന്ത്രസ്ഥാപനത്തിൽ വെച്ച് നടന്ന അന്തർദേശീയ മാധ്യമ പ്രവർത്തകന്റെ കൊലപാതകം അങ്ങേയറ്റം ഗുരുതരവും ദുരൂഹതകൾ നിറഞ്ഞതുമാണ്. ഒരു രാജ്യത്തിന്റെ സംസ്കാരവും പാരമ്പര്യങ്ങളും മറ്റൊരു രാജ്യത്ത് വിളംബരം ചെയ്യുന്ന ജീവൽ പ്രതീകങ്ങളായിട്ടാണ് നയതന്ത്രസ്ഥാപനങ്ങളെ ലോകം കണക്കാക്കുന്നത്. അവിടെ വെച്ചാണ് ദുരൂഹമായ സാഹചര്യത്തിൽ വിചിത്രമായ രീതിയിൽ ഖഷോഗി കൊല്ലപ്പെടുന്നത്!!. ഇസ്‌ലാമിക രാജ്യമെന്നറിയപ്പെടുന്ന സഊദി ഭരണ കൂടത്തിന് നേരിട്ട് ഉത്തരവാദിത്വമുള്ള ഈ സംഭവത്തിനെതിരെ ലോകം മുഴുവൻ വൻപ്രതിഷേധം അലയടിക്കുകയാണ്.

വിവാഹ മോചിതനും സഊദി പൗരനുമായ ഖഷോഗി തന്റെ തുർക്കിക്കാരിയായ പ്രതിശ്രുത വധു ഹാതിസ് ഷെംഗിസുമായുള്ള വിവാഹത്തിന് ചില രേഖകൾ ലഭ്യമാക്കാനാണ് ഇസ്താംബൂളിലെ സഊദി കോൺസുലേറ്റിൽ 2018 ഒക്ടോബർ 2ന് 1 മണിക്ക് എത്തിയത്. നേരം ഏറെ വൈകിയിട്ടും ഖഷോഗി മടങ്ങി വരാത്തതിനെക്കുറിച്ച് പ്രതിശ്രുതവധു പരാതിപ്പെടുകയുണ്ടായി. കോൺസുലേറ്റിന്റെ പിൻവാതിലിലൂടെ അദ്ദേഹം ഇറങ്ങിപ്പോയി എന്നാണ് കോൺസുലേറ്റ് അധികൃതർ മറുപടി പറഞ്ഞത്. സംഭവം വിവാദമായപ്പോൾ ഖഷോഗി കോൺസുലേറ്റിലിനുള്ളിൽ തന്നെ ഉണ്ടെന്നും പുറത്തേക്ക് പോയിട്ടില്ലെന്നും തുർക്കി ഗവൺമെന്റും തറപ്പിച്ചു പറഞ്ഞു. സംഭവം നടന്ന ആ ദിവസത്തെ സഊദി കോൺസുലേറ്റിലെ സെക്യൂരിറ്റി ക്യാമാറാ



സൽമാൻ രാജകുമാരൻ



റജബ് തയ്യിബ് ഉർദുഗാൻ

റിക്കാർഡ് ചെയ്തത് ഫൂട്ടേജ് കോൺസുലേറ്റിൽ നിന്നും അപ്രത്യക്ഷമായിട്ടുണ്ടെന്നും തുർക്കി അധികൃതർ ആരോപിച്ചു. കോൺസുലേറ്റിന് മുന്നിൽ സ്ഥാപിച്ച ക്യാമറയിൽ ഖഷോഗി കോൺസുലേറ്റിന് അകത്ത് കടക്കുന്നതായി കണ്ടെങ്കിലും പുറത്ത് വരുന്നതായി കാണുന്നില്ല എന്നും തുർക്കി കുറ്റാന്വേഷണ ഉദ്യോഗസ്ഥന്മാർ പറഞ്ഞു. തുടർന്ന് തുർക്കി-സഊദി അധികൃതർ ചേർന്ന് കോൺസുലേറ്റ് പരിശോധിക്കുകയും മൽപിടുത്തം നടന്നതായി തെളിവുണ്ടെന്ന് തുർക്കി അധികൃതർ ആരോപിക്കുകയും ചെയ്തു. തുർക്കി പ്രസിഡന്റ് റജബ് തയ്യിബ് ഉർദുഗാൻ കൊലപാതകത്തിന്റെ മുഴുവൻ സത്യങ്ങളും പുറത്ത് കൊണ്ട് വരുമെന്ന് പറയുകയും സഊദിയെ സമർദത്തിലാക്കുകയും ചെയ്യുന്നുണ്ട്. കൊലപതകത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ തങ്ങളുടെ കൈയിലുണ്ടെന്നും കൊലപാതക സംഘത്തെ ആരാണ് തുർക്കിയിലേക്ക് അയച്ചതെന്നും മൃതദേഹം എന്ത് ചെയ്തുവെന്ന് സഊദി വെളിപ്പെടുത്തണമെന്നും ഉർദുഖാൻ പറഞ്ഞു. ഇസ്‌ലാമിസ്റ്റ് ചായ്‌വുള്ള ഉറുദുഗാനുമായി അടുപ്പത്തിലായിരുന്നു ഖഷോഗി.

ലോകം മുഴുവനും ഖഷോഗിയുടെ ദുരൂഹ മരണത്തെ പറ്റി വ്യക്തത വരുത്താനുള്ള മുറവിളിയുണ്ടായി. അനിഷേധ്യമായ തെളിവുകൾക്കുമുമ്പിൽ ഗത്യന്തരമില്ലാതെ അവസാനം കോൺസുലേറ്റിനുള്ളിൽ വെച്ച് ഖഷോഗി കൊല്ലപ്പെടുകയാണുണ്ടായതെന്ന് ഉയർന്ന സഊദി ഉദ്യോഗസ്ഥന് സമ്മതിക്കേണ്ടി വന്നു. ഖഷോഗിയെ വധിക്കാനുള്ള ഗൂഢാലോചനയെ കുറിച്ചും അദ്ദേഹത്തിന്റെ മൃതശരീരത്തിന് എന്ത് സംഭവിച്ചു എന്നതിനെക്കുറിച്ചും സഊദി ഭരണാധികാരി സൽമാൻ രാജകുമാരന് ഒന്നും അറിയില്ല എന്നും സഊദി വിദേശകാര്യമന്ത്രി അദ്‌ലുൽ സുബൈർ വിശദീകരിച്ചു. ഏതായാലും സംഭവം ദൗർഭാഗ്യകരമാണെന്നും സഊദി പറഞ്ഞുവെച്ചു. ഖഷോഗിയെ ചോദ്യം ചെയ്യാനേൽപ്പിച്ചവർക്ക് പറ്റിയ അബദ്ധമാണ് ഇതെന്നാണ് സഊദി വിദേശകാര്യമന്ത്രി പറഞ്ഞത്. ഖഷോഗിയുടെ തിരോധാനത്തിൽ ആദ്യം മുതൽ കളവും വ്യാജവും പറഞ്ഞ് കൊലപാതകം മറച്ചുവെക്കാൻ ശ്രമിച്ച സഊദി അറേബ്യയുടെ വിശ്വാസ്യതയെ അന്തർദേശീയ സമൂഹം ചോദ്യം ചെയ്യുകയാണ്. ഖഷോഗി കൊല്ലപ്പെട്ട രീതിയെക്കുറിച്ചും മൃതദേഹം കോൺസുലേറ്റിൽ നിന്ന് പുറത്തുകൊണ്ടു പോയതിനെ കുറിച്ചും ദുരൂഹമായ ഒരുപാട് കഥകളാണ് പ്രചരിക്കുന്നത്. ഇപ്പോഴും അതിന് വ്യക്തതവന്നിട്ടില്ല. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി എന്നീ രാജ്യങ്ങൾ അന്തർദേശീയ പത്രപ്രവർത്തകനായ ജമാൽ ഖഷോഗിയുടെ മരണത്തെക്കുറിച്ചുള്ള മുഴുവൻ വസ്തുതകളും പുറത്തു വിടണമെന്ന് സഊദിയെ നിർബന്ധിക്കുകയാണ്. ജർമൻ ചാൻസലർ ആഞ്ജലാമെർക്കൽ പറഞ്ഞത് ഖഷോഗിയുടെ മരണത്തിന്റെ ദുരൂഹത നിലനിൽക്കുവോളം തങ്ങളുടെ രാജ്യം സഊദിയിലേക്ക് ആയുധം കയറ്റി അയക്കില്ല എന്നാണ്. അദ്ദേഹത്തിന് എന്താണ് സംഭവിച്ചതെന്ന് അടിയന്തിരമായി വ്യക്തമാക്കണമെന്നും അവർ പറഞ്ഞു. എല്ലാ കാര്യത്തിലും തങ്ങളുടെ താൽപര്യം മാത്രം നയമായി കാണുന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഈ അവസരം മുതലെടുത്ത് സഊദിയെ വിരട്ടുന്നുണ്ട്.

ഖഷോഗി സംഭവത്തിൽ സഊദിയുടെ വിശദീകരണത്തിൽ നിരവധി പരസ്പര വൈരുദ്ധ്യങ്ങളും അവ്യക്തതകളുമുണ്ട് എന്നാണ് പാകിസ്താനിൽ നിന്ന് പുറപ്പെടുന്ന ഡോൺ പത്രത്തിലെ ലേഖനം അഭിപ്രായപ്പെടുന്നത്. ഖഷോഗി സഊദിയിലേക്ക് വരാൻ ആഗ്രഹിച്ചിരുന്നു എന്നതുകൊണ്ട് അദ്ദേഹവുമായി കൂടി കാഴ്ച്ച നടത്താനാണ് 15 പേരടങ്ങുന്ന സംഘം സഊദിയിൽ നിന്നും തുർക്കി കോൺസുലേറ്റിലേക്ക് വന്നത് എന്നാണ് വിശദീകരണം. വാസ്തവത്തിൽ ഖഷോഗി ഒരിക്കലും സഊദിയിലേക്ക് മടങ്ങാൻ ആഗ്രഹിച്ചിരുന്നില്ല. വിവാഹമുക്തനായ ഖഷോഗി തന്റെ പഴയ വിവാഹ സംബന്ധമായ ഒരു രേഖ ലഭിക്കാനാണ് തുർക്കിക്കാരിയായ പ്രതിശ്രുത വധുവുമായി കോൺസുലേറ്റിൽ എത്തിയത്. സഊദി അധികൃതർ വിശദീകരിക്കുന്നത് പോലെ അദ്ദേഹം ഒരിക്കലും സഊദിയിലേക്ക് മടങ്ങിവരാൻ ആഗ്രഹിച്ചിരുന്നില്ല. ഖഷോഗി വരുന്ന ദിവസം 15 പേരടങ്ങുന്ന സഊദി സംഘം തുർക്കിയിലെ സഊദി കോൺസുലേറ്റിൽ എത്തുകയും അവിടെ വെച്ച് ഖഷോഗി വധിക്കപ്പെടുകയും ചെയ്തു എന്നത് അനിഷേധ്യമായ ഒരു തെളിവായി നിൽക്കുന്നു. സംഘത്തിൽ ഒരു ഫോറൻസിക് എക്സ്പേർട്ടും മൃതദേഹ പരിശോധനാ വിദഗ്ധനുമായ ഒരാളും സെക്യൂരിറ്റി ഫോഴ്സിലെ വിദഗ്ധനുമുണ്ടായിരുന്നു. എന്ത് ആവശ്യത്തിനാണ് ഇത്തരം സാങ്കേതിക വിദഗ്ധരെ ഈ സംഘത്തിൽ ഉൾപ്പെടുത്തിയത്?. കൊലപാതക തെളിവുകൾ മായ്ച്ചു കളയാൻ വിദഗ്ധ നിർദേശങ്ങൾ നൽകാനാണ് ഫോറൻസിക് വിദഗ്ധനെ സംഘത്തിൽ ഉൾപ്പെടുത്തിയത് എന്നാണ് ആരോപിക്കപ്പെടുന്നത്. സഊദി അധികൃതർ പറയുന്നത് പോലെ ഖഷോഗി കോൺസുലേറ്റിനുള്ളിൽ

കൊല്ലപ്പെട്ടുവെങ്കിൽ അദ്ദേഹത്തിന്റെ മൃതശരീരത്തിന് എന്ത് സംഭവിച്ചു? കോൺസുലേറ്റിൽ നിന്ന് മൃതദേഹം എങ്ങനെ പുറത്ത് കൊണ്ട് പോയി? കോൺസുലേറ്റിൽ ഖഷോഗി ജീവനോടെ ഇല്ലാതിരിക്കെ എന്തിനാണ് സഊദി അധികൃതർ അദ്ദേഹം പിൻവാതിലിലൂടെ പുറത്ത് പോയി എന്ന് പറഞ്ഞത്? കൊലപാതകത്തിൽ സംശയിച്ച് തുർക്കി അധികൃതർ തടഞ്ഞ് വെച്ച സഊദിയിൽ നിന്ന് വന്ന 15 പേരടങ്ങുന്ന സംഘം തുർക്കി കാണാൻ വന്ന ടൂറിസ്റ്റുകൾ ആണ് എന്നാണ് സഊദി അധികൃതർ ആദ്യം പറഞ്ഞത്. പിന്നീട് 18 പേരടങ്ങുന്ന സംഘത്തെ തങ്ങൾ സഊദിയിൽ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്ത് വരികയാണെന്നും കുറ്റവാളികൾക്കെതിരെ ശക്തമായ നടപടികൾ എടുക്കുമെന്നും സഊദി വക്താവ് പറഞ്ഞു.

യേനി സഫാക്ക് (Yeni Safak) എന്ന തുർക്കി മീഡിയയുടെ റിപ്പോർട്ട് പ്രകാരം ഖഷോഗിയെ കോൺസുലേറ്റിൽ വെച്ച് ബലപ്രയോഗം നടത്തി ചോദ്യം ചെയ്യുകയും തന്റെ പ്രതിശ്രുത വധു പുറത്ത് കാത്തു നിൽക്കെ അദ്ദേഹത്തിന്റെ കൈവിരൽ ഛേദിച്ച ശേഷം തലയറുത്ത് കൊല്ലുകയുമായിരുന്നു എന്നാണ്. അതിന് ശേഷം ഖഷോഗിയുടെ വസ്ത്രം ധരിച്ച് പുറത്ത് പോയത് മറ്റൊരാളാണെന്നും ചില സർവയലൻസ് ക്യാമറകളിൽ കണ്ടത് ഖഷോഗിയുടെ വസ്ത്രം ധരിച്ച ആ ആളാണെന്നുമാണ്. മാത്രമല്ല അയാൾ ഒരു ടാക്സി വിളിച്ച് അടുത്ത പള്ളിയിലെ ടോയ്‌ലറ്റിൽ കയറി വസ്ത്രം മാറ്റിയ ശേഷം കടന്നു പോയി എന്നും തുർക്കി പത്രം പറയുന്നു. സഊദി ഭരണകൂടത്തിനെതിരെ ഉന്നയിക്കപ്പെടുന്ന മറ്റൊരു തെളിവ് സഊദി രാജകുമാരൻ മുഹമ്മദ് ബിൻ സൽമാൻ അമേരിക്ക, ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങളിൽ സന്ദർശനം നടത്തിയപ്പോൾ രാജകുമാരനെ അനുഗമിക്കുന്ന സംഘത്തിലെ അംഗമായിരുന്ന മാഹേർ അബ്ദുൾ അസീസ് മുർത്തബിന്റെ സഊദി കോൺസുലേറ്റിലെ സാന്നിദ്ധ്യമാണ്. അദ്ദേഹം ലണ്ടനിലെ സഊദി എംബസ്സിയിലെ ഒരു നയതന്ത്ര ഉദ്യോഗസ്ഥനും സൽമാൻ രാജാവിന്റെ വിശ്വസ്തനുമാണ്. ഖഷോഗി കോൺസുലേറ്റിൽ എത്തുന്നതിന് തൊട്ട് മുമ്പ് അദ്ദേഹം അവിടെ എത്തിയിരുന്നു. കോൺസുലേറ്റിൽ നിന്നും രാജകുമാരന്റെ ഓഫീസിലേക്ക് നാലു തവണ അദ്ദേഹം വിളിക്കുകയും ചെയ്തു.

കോൺസിലേറ്റിനുള്ളിൽ വെച്ച് കൊലപാതകം ആസൂത്രിതമായി നടത്തിയതാണെന്ന് അസന്ദിഗ്ദമായി തെളിഞ്ഞു കഴിഞ്ഞു. ഖഷോഗിയുടെ വിവാഹമോചിതയായ ഭാര്യയിലുള്ള മകനെ കൊട്ടാരത്തിൽ വിളിപ്പിച്ച് സൽമാൻ രാജാവ് ആശ്വസിപ്പിക്കുകയുണ്ടായി. യുഎസ് സഊദി ഇരട്ട പൗരത്വമുള്ള അദ്ദേഹത്തെ ഇതുവരെ സഊദിയിൽ തടഞ്ഞു വെച്ച ഭരണകൂടം അമേരിക്കയിലേക്ക് പോവാൻ അനുവദിക്കുകയുണ്ടായി. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച ഐക്യരാഷ്ട്രസഭയുടെ വക്താവിനോട് ഖഷോഗിയുടെ കുടുംബം പറഞ്ഞത് ഒരു സ്വതന്ത്രമായ അന്വേഷണം നടത്തി തങ്ങളുടെ പിതാവിന്റെ മൃതദേഹം എവിടെയാണെന്ന് കണ്ടെത്തണമെന്നാണ്.

ഖഷോഗി വധത്തെ തുടർന്ന് പല യൂറോപ്യൻ രാജ്യങ്ങളുടെയും സൗഉദിയുമായുള്ള നയതന്ത്ര ബന്ധം ഉലഞ്ഞിരിക്കുകയാണ്. അമേരിക്കയടക്കം പല രാജ്യങ്ങളും ആ സംഭവം മറയാക്കി തങ്ങളുടെ നേട്ടത്തിനായി സഊദിക്കുമേൽ സമ്മർദം ചെലുത്താനുള്ള ഒരു തന്ത്രമായും ഉപയോഗിച്ചേക്കാം. എണ്ണ ആശ്രിത രാജ്യമായ സഊദിയെ ഒരു സ്വയം പര്യാപ്ത വ്യവസായ രാജ്യമാക്കി തീർക്കാൻ സൽമാൻ രാജകുമാരൻ ഒക്ടോബർ 25 ന് വിളിച്ചു ചേർത്ത 500 ബില്ല്യൻ ഡോളറിന്റെ സഊദി ഇൻവെസ്റ്റ്മെന്റ് കോൺഫ്രൻസിൽ നിന്നും നിരവധി വലിയ മൾട്ടിനാഷൻ കമ്പനികൾ വിട്ടുനിൽക്കുകയുണ്ടായി. ബഹുരാഷ്ട്ര ഭീമന്മാരായ ജെ പി മോർഗൻ, ഉബർ, സീമെൻസ് മുതലായ കമ്പനികളുടെ സി ഇ ഒ മാർ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ പങ്കെടുത്തിട്ടില്ല. ഖഷോഗി വധത്തിൽ പ്രതിസ്ഥാനത്തുള്ള സഊദിയുടെ അപരാധത്വത്തിന്റെ അതിപ്രസരം കോൺഫ്രൻസിലുടനീളം നിഴലിക്കുകയുണ്ടായി. എങ്കിലും ധനിക രാജ്യമായ സഊദിയുടെ പണശക്തിക്കുമുമ്പിൽ പാശ്ചാത്യ രാജ്യങ്ങളുടെ എതിർപ്പുകൾ ക്രമേണ കുറഞ്ഞു തുടങ്ങും എന്ന കാര്യത്തിൽ സംശയമില്ല. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്വന്തം മതനേതൃത്വമായ തുർക്കി ഖിലാഫത്തിനെതിരെ യുദ്ധം ചെയ്യിച്ച് ഇബ്നു സഊദിന്റെ കുടുംബത്തെ പുണ്യ റസൂലി(സ) ന്റെ പാദസ്പർശനമേൽക്കുകയും മക്ക, മദീന എന്നീ വിശുദ്ധ നഗരികൾ നിലകൊള്ളുകയും ചെയ്യുന്ന അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ രാജാക്കന്മാരാക്കുകയും ആ ഭൂപ്രദേശത്തിന് ഇബ്നു സഊദ് കുടുംബ പേരിനോട് ചേർത്ത് സഊദി അറേബ്യ എന്ന് പേര് നൽകുയും ചെയ്തത് ബ്രിട്ടനും ഫ്രാൻസും അമേരിക്ക അടക്കമുള്ള പാശ്ചാത്യ ശക്തികളാണ്. അവരാണ് അന്നും ഇന്നും എന്നും സഊദിയുടെ രക്ഷകർത്താക്കൾ. അവർ ഏത് വിപൽ സന്ധിയിലും സഊദിയെ സഹായിച്ച് കൂടുതൽ കൂടുതൽ വിധേയരാക്കി തീർക്കും എന്നതാണ് വസ്തുത.

വഹാബി യാഥാസ്ഥിതികത്വത്തിന്റെ മാതൃകാരാജ്യമായി അറിയപ്പെടുന്ന പിന്നോക്കരാജ്യമായ സഊദി അറേബ്യയെ ആധുനികവത്ക്കരണത്തിന് വിധേയമാക്കികൊണ്ടിരിക്കുന്ന പരിഷ്ക്കാരിയായ രാജാവ് എന്ന് ലോകം മുഴുവനും അറിയപ്പെടുന്ന സൽമാൻ രാജാവിന്റെ പ്രശസ്തി ഈ

സംഭവം മൂലം കുത്തനെ ഇടി ഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന് നേരെ സംശയത്തിന്റെ ചൂണ്ടാണി വിരൽ നീളുകയാണ്. ഇംഗ്ലീഷ് നാടകകൃത്തായ ഷേക്സ്പിയറുടെ മാക്ബത്ത് എന്ന നാടകത്തിലെ ഒരു വരിയിൽ പറഞ്ഞത് പോലെ

Here's the smell of the blood still. All the perfumes of Arabia will not sweeten this little hand.

***ഇവിടെ ഇപ്പോഴും ചോരയുടെ ഗന്ധമുണ്ട്. അറേബ്യയിലെ സകല സുഗന്ധലേപനങ്ങൾ കൊണ്ട് പ്രക്ഷാളനം ചെയ്താലും ഈ ചെറുകരങ്ങൾ സംശുദ്ധമാവില്ല.***

പണശക്തികൊണ്ടും മുസ്‌ലിം നാടുകളുടെ നായകനാണെന്ന ഖ്യാതികൊണ്ടും സഊദിക്ക് മേൽ ആരോപിക്കപ്പെട്ട ഈ കൊലപാതക കുറ്റം മാഞ്ഞുപോയേക്കാം പക്ഷേ വിശുദ്ധ ഖുർആന്റെ ഒരു വചനം സഊദിക്കുമുകളിൽ എക്കാലവും കനം തൂങ്ങി നിൽക്കുമെന്നോർക്കുക.

***'ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പം ഉണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ (നിരപരാധിയായ) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു.' (വിശുദ്ധ ഖുർആൻ 5:33)***

**പേജ് 28 ൽ നിന്ന് തുടർച്ച**

സേവകനുമായിരുന്നു. എല്ലാ സ്നേഹവും അവന് വേണ്ടിയായിരുന്നു. അവന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടുമായിരുന്നു. അവിടുത്തെ കുടുംബാംഗങ്ങളെല്ലാം അവിടുത്തോടൊപ്പം ആ പാത ആത്മാർഥമായി പിന്തുടർന്നു. ഈ ലോകത്തിന്റെ സുഖാഢംബരങ്ങളെല്ലാം അവർ ത്യജിച്ചു. പ്രവാചകന്റെ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളിലും അവർ പങ്കു കൊണ്ടു. അവിടുന്ന് ഈ ലോകത്തോട് വിടപറയുമ്പോൾ അറേബ്യ മുഴുവൻ പ്രവാചകന് കീഴിലായിരുന്നു. അവിടുത്തെ കുടുംബത്തിന് വേണ്ടി സ്വർണമോ സ്വത്തോ പണമോ ഒന്നും തന്നെ ബാക്കി വെച്ചിരുന്നില്ല.

ലോകത്തിന് അദ്ദേഹം നൽകിയത് മനുഷ്യ ജീവിതത്തെ ക്രമീകരിക്കുന്ന ദൈവത്തിൽ നിന്നുമുള്ള അതിമഹത്തായ രണ്ട് സമ്മാനങ്ങളാണ്. വിശുദ്ധ ഖുർആനും അദ്ദേഹത്തിന്റെ തന്നെ വചനങ്ങളും. അവിടുന്ന് സത്യം, വിശ്വസ്തത, ആത്മനിരാസം, കരുണ, നീതി, സ്നേഹ സമ്പന്ന മായ അയൽപക്കം, ശാന്തി, ദൈവിശ്വാസം, കഠിനാദ്ധ്വാനം മുതലായ മൂല്യങ്ങൾ ലോകത്തിന് പഠിപ്പിച്ചു. മനുഷ്യനെ അത്യുന്നത മായ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തി. അവിടുന്ന് പറഞ്ഞു: **'ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്'**

അറബികൾ വന്യ സ്വഭാവികളും യുദ്ധപ്രിയരുമായിരുന്നു. അവർ അമിതമായി മദ്യപാനം ചെയ്തു. കൊള്ളയടിച്ചു, ആളുകളെ അന്യായമായി മർദിച്ചു. എല്ലാവിധ നിന്ദ്യമായ വഴികളിലൂടെയും സഞ്ചരിച്ചു. ആ അറബികളെ അദ്ദേഹം ദൈവഭക്തരുടെയും സാത്വികരുടെയും രക്തസാക്ഷികളുടെയും ജനതയാക്കി മാറ്റി. വിധവകളെ സഹായിക്കുന്നവരും അനാഥകളെ സംരക്ഷിക്കുന്നവരും വ്രതമെടുക്കുന്നവരുമാക്കി. മക്കാ ഖുറൈശികൾക്കിടയിൽ അവിടുന്ന് ആദ്യത്തെ ദൈവവിളിയുയർത്തിപ്പോൾ അവർ അദ്ദേഹത്തിനെതിരെ ചീറിയടുത്തു. അദ്ദേഹത്തെ കൊല്ലാൻ ഗൂഢാ ലോചന നടത്തി. വിദൂരമായ മദീനയിലേക്ക് ആട്ടിയോടിച്ചു. പക്ഷേ അല്ലാഹു അദ്ദേഹത്തിന് മേൽ അത്യുന്നതമായ അനുഗ്രഹങ്ങൾ ചൊരിയുകയായിരുന്നു. ദിവംഗതനാകുന്നതിന് മുമ്പ് അല്ലാഹു റസൂൽ തിരുമേനി(സ)യെ തന്നെ മർദിച്ചവരും ബഹിഷ്ക്കരിച്ചവരുമെല്ലാമടങ്ങുന്ന അറേബ്യയുടെ രാജാവാക്കി . മനുഷ്യവംശത്തിന്റെ തന്നെ വിമോചകനും മാതൃകാ പുരുഷനുമാക്കി. അല്ലാഹു അദ്ദേഹത്തെ അത്യുന്നത സ്ഥാനത്തേക്കുയർത്തി. കോടാനു കോടി സലാമും സ്വലാത്തും അല്ലാഹു റസൂൽ തിരുമേനി(സ)യിൽ വർഷിക്കുമാറാകട്ടെ.

## ശ്രമദാനം

കോഴിക്കോട് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കനോലിക്കനാൽ ശുചീകരണ സംരംഭത്തിൽ ഹുമാനിറ്റി ഫസ്റ്റ് ഇന്ത്യ കോഴിക്കോട് ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഒക്ടോബർ 28ാം തീയതി നടത്തിയ ശ്രമദാനത്തിൽ പങ്കെടുത്ത കോഴിക്കോട്, മാത്തോട്ടം എന്നീ ജമാഅത്തുകളിലെ മജ്‌ലിസ് അൻസാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ അംഗങ്ങൾ.






മജ്ലിസ് അൻസാറുല്ലാ അഖിലേന്ത്യാ സമ്മേളനത്തിൽ ഏറ്റവും നല്ല മൂന്നാമത്തെ മജ്ലിസിനുള്ള സമ്മാനം മാത്തോട്ടം മജ്ലിസിനുവേണ്ടി സി.സി. മൻസൂർ സാഹിബും നാലാമത്തെ മജ്ലിസിനുള്ള സമ്മാനം കോഴിക്കോട് മജ്ലിസിനുവേണ്ടി എ.എം. മുഹമ്മദ് സലീം സാഹിബും ഇന്ത്യ ഡെസ്ക് ചെയർമാൻ ഫാതിഹ് സാഹിബിൽ നിന്ന് ഏറ്റുവാങ്ങുന്നു.

**അനുസ്മരണം:-**

# അഡ്വ: ടി. നിസാർ അഹ്മദ് സാഹിബ്



കണ്ണൂർ: അഡ്വ: ടി. നിസാർ അഹ്മദ് (63) കണ്ണൂരിൽ നിര്യതനായി. (ഇന്നാലില്ലാഹി വഇന്നാ ...) കണ്ണൂർ ടൗൺ ജമാഅത്ത് അംഗമാണ്. മർഹൂം മേച്ചിറ അബ്ദുൽ അസീസ് മർഹൂമ തോട്ടത്തിൽ ആയിശബി ദമ്പതികളുടെ മകനാണ്. കണ്ണൂർ അഭിഭാഷക സമൂഹത്തിൽ എറ്റവും ശ്രദ്ധേയനായ വ്യക്തിത്വമായിരുന്നു അഡ്വ: നിസാർ അഹ്മദ്. പൊതു രംഗത്തും അദ്ദേഹം വ്യക്തി മുദ്ര പതിപ്പിക്കുകയുണ്ടായി. കേരളത്തിലെ ജനതാ സോഷ്യലിസ്റ്റ് രാഷ്ട്രീയ പ്രസ്ഥാനത്തിൽ പല പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. അറിയപ്പെടുന്ന പ്രഭാഷകനായിരുന്നു അദ്ദേഹം. മുൻ പ്രധാനമന്ത്രിയടക്കം ഒട്ടനവധി ദേശീയ നേതാക്കന്മാരുടെ പ്രസംഗങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 1980 ൽ നടന്ന ജനതാ പാർട്ടി സമ്മേളന വേദിയിൽ അഹ്മദികൾക്കെതിരായ പരാമർശം നടത്തിയ സയ്യദ് ശഹാബുദ്ദീനെതിരെ അതേ വേദിയിൽ അഡ്വ: നിസ്സാർ അഹ്മദ് നടത്തിയ മറുപടി പ്രസംഗം ചരിത്രത്തിലെ സുവർണ രേഖയാണ്. ഈ പ്രഭാഷണം മുൻ പ്രധാനമന്ത്രി എസ്. ചന്ദ്രശേഖറിന്റെ പ്രത്യേക അഭിനന്ദനത്തിന് പാത്രമാവുകയുണ്ടായി. 1988 ൽ കണ്ണൂരിൽ വെച്ച് നടത്തിയ അഹ്മദിയ്യാ ശതാബ്ദി സമ്മേളനത്തിൽ വിദേശ പ്രതിനിധികളുടെ പ്രസംഗങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റിയത് നിസാർ അഹ്മദ് സാഹിബായിരുന്നു. 1989 ൽ ലോക യുവജന സമ്മേളനത്തിൽ പങ്കെടുക്കാനായി ലണ്ടനിൽ പോയപ്പോൾ അദ്ദേഹം കേരളത്തിലെ നിരവധി അനഹ്മദീ രാഷ്ട്രീയ നേതാക്കളോടൊപ്പം ഖലീഫത്തുൽ മസീഹ് റാബി(റഹ്)യെ സന്ദർശിക്കുകയുണ്ടായി. നേതാക്കന്മാരിൽ ആ സന്ദർശനം വലിയ പ്രഭാവം ചെലുത്തിയിരുന്നതായി അദ്ദേഹം അനുസ്മരിക്കാറുണ്ടായിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ഭാര്യ: എടപ്പകത്ത് ഫായിസ സാഹിബ. മക്കൾ: സജിൻ നിസാർ, ജിജിൻ നിസാർ. മരുമകൾ: ഡോ. നദീറ. സഹോദരങ്ങൾ: ടി. സൈബുന്നിസ, ടി. ഷാജിർ അഹ്മദ്.

# റഷീദാ ഹമീദ് സാഹിബ

പഴയങ്ങാടി: മർഹൂം ബി. അബ്ദുൾ ഹമീദ് സാഹിബി (മുൻ കസ്റ്റംസ് സെൻട്രൽ എക്സൈസ് സൂപ്രണ്ട്) ന്റെ ഭാര്യ റഷീദാ ഹമീദ് സാഹിബ (74) 2018 ഒക്ടോബർ 7-ാം തീയതി വഫാത്തായി. ദീർഘകാലം പഴയങ്ങാടി ജമാഅത്ത് ലജ്നാ ഇമായില്ലായുടെ പ്രസിഡന്റായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മർഹൂം പി.വി അബ്ദുല്ലാ സാഹിബിന്റെയും മർഹൂമ സീരെ വീട്ടിൽ കദീജാ സാഹിബയുടെയും സീമന്ത പുത്രിയാണ്. സഹോദരങ്ങൾ: എസ്.വി. അബ്ദുർ ജലീൽ, എസ്.വി. ശംസുദ്ദീൻ, എസ്.വി ഫാത്തിമ, എസ്.വി. മുനീറ എന്നിവരാണ്. എസ്.വി. അഷ്റഫ് സാഹിബ് (സെൻട്രൽ എക്സൈസ്) പരേതയുടെ സഹോദരി പുത്രനാണ്.

Published on 7.11.2018
Pages 44
Vol: 90 Issue. 11
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!



# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com